# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം .പി 5- 1288/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 15/09/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളാവൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം .പി 5- 1288/2025 തീയ്യതി: 15/09/2025

## കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-07-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ മാത്യു ജേക്കബ് | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 07-07-2025 | 14-07-2025 |
| ശ്രീമതി ബീനാകുമാരി സി. ആർ. | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-07-2025 | 18-07-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-07-2025 | 18-07-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ സജിമോൻ വി. ജി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ സെബിൻ സെബാസ്റ്റ്യൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ ശ്രീജിത്ത് റ്റി. എസ്. | പ്രസിഡന്റ് | 01-04-2024 | 01-07-2024 |
| ശ്രീമതി ജലജ മോഹൻ | പ്രസിഡന്റ് | 02-07-2024 | 21-07-2024 |
| ശ്രീ അനൂപ് പി. റ്റി. | പ്രസിഡന്റ് | 22-07-2024 | 31-03-2025 |
| ശ്രീമതി മാലിനി വി. കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 28-04-2024 |
| ശ്രീമതി ഷീബാമോൾ കെ. എം. | സെക്രട്ടറി | 29-04-2024 | 31-03-2025 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മഞ്ജു എം. പിള്ള | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. ഐശ്വര്യ ആർ. | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. അർച്ചന എസ്. | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ശ്രീമതി പാർവതി വി. ജി. | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2024 | 09-07-2024 |
| ശ്രീമതി അശ്വതി വി. പി. | ഐസിഡിഎസ് സൂപ്പർവൈസർ | 10-07-2024 | 31-03-2025 |
| ശ്രീ അഭിലാഷ് ബി. നായർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(വെള്ളാവൂർ) | 01-04-2024 | 31-03-2025 |
| ശ്രീമതി നീനു ഷാജി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(താഴത്തുവടകര) | 01-04-2024 | 31-03-2025 |
| ശ്രീമതി ദിവ്യാമോൾ ആർ. എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീ വിനോദ് കുമാർ വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 16-10-2024 |
| ശ്രീമതി മാലിനി വി. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 17-10-2024 | 31-03-2025 |
| ശ്രീ. ഷാനവാസ് ഇ. | അസിസ്റ്റന്റ് എഞ്ചിനീയർ LID & EW | 01-04-2024 | 31-03-2025 |
| ഡോ. അരുൺ കൃഷ്ണ ബി. | മെഡിക്കൽ ഓഫീസർ(FHC) | 01-04-2024 | 31-03-2025 |
| ശ്രീമതി സുജ വി. ജി. | ഹെഡ്മിസ്ട്രസ്സ് (ജി.എൽ.പി.എസ് താഴത്ത് വടകര) | 01-04-2024 | 31-03-2025 |

പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി ജലജ മോഹൻ 02-07-2024 മുതൽ 21-07-2024 വരെ പ്രസിഡന്റിന്റെ ചാർജ് ആയിരുന്നു.

**ഉള്ളടക്കം**


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25 | 1-1 |
| 2 | പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-1 |
| 3 | മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല | 1-1-2 |
| 4 | സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | വാർഷിക പദ്ധതിയിൽ സൃഷ്ടിച്ച സുസ്ഥിര ആസ്തിക്ക് ആനുപാതികമായ മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്തില്ല | 1-1-4 |
| 6 | സർക്കാരിലേക്ക് ഒടുക്കേണ്ട കാലി ബാരൽ വില തനത് വരുമാനമായി അക്കൗണ്ട് ചെയ്തു | 1-1-5 |
| 7 | Roads & Bridges ഇനത്തിലുള്ള ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയിൽ അധികരിച്ചു | 1-1-6 |
| 8 | പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച സ്ഥിരീകരിക്കപ്പെടാത്ത വരവുകൾ തനത് വരുമാനമായി ക്രമീകരിച്ചു | 1-1-7 |
| 9 | പഞ്ചായത്ത് മുൻകൂർ നൽകിയതിന്റെ വിശദാംശമില്ല - തുകയുടെ ക്രമീകരണം അനിശ്ചിതത്വത്തിൽ | 1-1-8 |
| 10 | സ്വച്ച് ഭാരത് അഭിയാൻ ഗ്രാന്റ് 151/25 നം.പ്രോജക്ടിൽ ചെലവഴിച്ചത് അക്കൗണ്ട് ചെയ്തില്ല | 1-1-9 |
| 11 | അക്രൂവൽ വരുമാനങ്ങൾ വർഷാരംഭത്തിൽ ഡിമാന്റ് എൻട്രി നടത്തുന്നില്ല | 1-1-10 |
| 12 | 31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല | 1-1-11 |
| 13 | ബജറ്റ്-വിശകലനം | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്റ് വിനിയോഗം 2024-25 | 1-4 |
| 16 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 17 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ | 1-7 |
| 19 | ക്യാഷ് വേരിഫിക്കേഷൻ | 1-8 |
| 20 | K-SMART അവലോകനം | 1-9-1 |
| 21 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു | 1-11 |
| 24 | സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന വിസ്തീർണപരിധി അധികരിച്ച കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി | 1-12 |
| 25 | ലൈസൻസ് നേടാതെയും നികുതികൾ ഒടുക്കാതെയും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 26 | അനധികൃത നിർമ്മാണങ്ങൾ നികുതിയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല | 1-14 |
| 27 | സമാന ഉപയോഗ ക്രമമുള്ള  കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണയിച്ചു | 1-15 |

| | | |
|---|---|---|
| | നികുതി ഈടാക്കുന്നു | |
| 28 | ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല | 1-16 |
| 29 | റേഷൻ കടകൾക്ക് തൻവർഷം ലൈസൻസ് നൽകുകയോ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല | 1-17 |
| 30 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട സ്ഥലത്തിന്റെ അവകാശം കുത്തകക്കാരൻ വിൽപത്രം മുഖേന അനന്തരാവകാശിക്ക് കൈമാറി | 1-18 |
| 31 | വാടക വരവുകൾ- പൊതു അപാകതകൾ | 1-19 |
| 32 | തൻവർഷ വാടക പൂർണമായും കുടിശികയാക്കി കാർഷിക വിപണന കേന്ദ്രത്തിൽ കുത്തകക്കാരൻ തുടരുന്നു | 1-20 |
| 33 | ടെലികമ്മ്യൂണിക്കേഷനുള്ള GI പോളുകളുടെ വാടക – GST ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല | 1-21 |
| 34 | പഞ്ചായത്തിന്റെ വിവിധ ലേല വരുമാനങ്ങൾ കൃത്യമായി ക്രമീകരിച്ചില്ല | 1-22 |
| 35 | മുൻ വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാതെ തുടരുന്നു | 1-23 |
| 36 | ഓണം മുൻകൂറിന്റെ ക്രമീകരണം അനിശ്ചിതത്വത്തിൽ | 1-24 |
| 37 | ഹരിതകർമ്മസേനാ അംഗം യൂസർ ഫീസ് ഒടുക്കാതെ സാമ്പത്തിക ക്രമക്കേട് നടത്തി | 1-25 |
| 38 | MCF ലേക്ക് വാങ്ങിയ ബെയ്‌ലിങ്ങ് പ്രസ് മെഷീൻ പ്രവർത്തനസജ്ജമായില്ല | 1-26 |
| 39 | MCF ന്റെ നവീകരണവും അനുബന്ധ സൗകര്യം ഒരുക്കലും പൂർണ്ണമായിട്ടില്ല | 1-27 |
| 40 | ഹോമിയോ മരുന്നുകൾ ഡിസ്പൻസറിക്ക് ലഭ്യമായിട്ടില്ല | 1-28 |
| 41 | തൻവർഷ നിക്ഷേപ പ്രവൃത്തികൾ - ഏജൻസികൾ നിർവ്വഹണം ആരംഭിച്ചിട്ടില്ല | 1- 29 |
| 42 | സംയുക്ത പരിശോധന നടത്തിയിട്ടും മുൻപുണ്ടായിരുന്ന പൊതുടാപ്പുകളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി തുടർന്നും വെള്ളക്കരം അടവാക്കുന്നു | 1-30 |
| 43 | ടേക്ക്-എ-ബ്രേക്ക് ശുചിമുറി സമുച്ചയം നിലവിലുണ്ടായിരിക്കെ സമീപത്ത് നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ എസ്റ്റിമേറ്റിലും വിപുലമായ ശുചിമുറി നിർമാണം ഉൾപ്പെടുത്തി | 1-31 |
| 44 | തെങ്ങുമ്പള്ളി കുടിവെള്ളപദ്ധതി- പ്രോജക്ട് നിർവ്വഹണം പാതിവഴിയിൽ | 1-32 |
| 45 | വീട് വാസയോഗ്യമാക്കൽ- ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-33 |
| 46 | ലൈഫ് മിഷൻ പദ്ധതി അവലോകനം | 1-34 |
| 47 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കിയിട്ടില്ല | 1-35 |
| 48 | ജൽജീവൻ മിഷൻ -അവലോകനം | 1-36 |
| 49 | ഹെൽത്ത് ഗ്രാന്റ്-അവലോകനം | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | മെഡിസെപ് -പ്രീമിയം ഒടുക്ക് വിവരങ്ങൾ | 4-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രികപരിശോധിച്ചതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിവരം | 4-3 |
| 4 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | വായ്പ/വായ്പ തിരിച്ചടവ് | 4-6 |
| 7 | സ്ഥിരനിക്ഷേപങ്ങൾ | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2024-25

1. **വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ** 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31-03-2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 30-05-2025 തീയതിയിലെ 2(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 02-06-2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31-03-2025 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31-03-2025 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

**തീയതി: 15-09-2025** **ഡെപ്യൂട്ടി ഡയറക്ടർ**

### 1-1-1 പഞ്ചായത്ത് ജനറൽ ഫണ്ടിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 31-03-2025-ലെ ആകെ ജനറൽ ഫണ്ട് മൂല്യത്തിന്റെ (5,054,989/-) ആധികാരികത അനുബന്ധരേഖകളുടെ അഭാവത്തിൽ സ്ഥിരീകരിക്കാനായിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി അക്കൗണ്ടിങ്ങ് ആരംഭിച്ച 01-04-2011 ൽ പഞ്ചായത്ത് ജനറൽ ഫണ്ട് മൂല്യം 1,661,291/- രൂപയായി നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖയായ Opening Balance Receipt Payment (OBRP) വിവരം സൂക്ഷിച്ചിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം-78 പ്രകാരം 31-03-2025 വരെ Excess Of Income Over Expenditure കണക്കാക്കിയ ആധികാരിക രേഖകളും ലഭ്യമല്ല. ജനറൽ ഫണ്ട് മൂല്യം വ്യക്തമാക്കുന്ന രേഖകൾ

തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും മറുപടിയിൽ ഹാജരാക്കേണ്ടതുമാണ്.

**1-1-2 മൂലധന വിഹിതത്തിന്റെ മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന ആധികാരിക രേഖകളില്ല**

മൂലധന വിഹിതം (Capital Contribution) മൂല്യത്തിന്റെ 01-04-2024 ലെ മുന്നിരിപ്പിന്റെ വിശദാംശം ഫണ്ട് അടിസ്ഥാനത്തിലും സാമ്പത്തിക വർഷം അടിസ്ഥാനത്തിലും ലഭ്യമല്ല. മൂലധന വിഹിതം മുന്നിരിപ്പിന്റെ വിശദാംശം ഓരോ ഫണ്ടുകളുടെയും വേർതിരിച്ച് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ മുന്നിരിപ്പ് വിശദാംശം ഓരോ വർഷത്തേതും ഫണ്ട് തിരിച്ച് രജിസ്റ്റർ തയ്യാറാക്കേണ്ടതും 31-03-2025 വരെയുള്ള വിശദാംശം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതുമാണ്.

**1-1-3 സുസ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല**

തദ്ദേശസ്വയംഭരണവകുപ്പിന്റെ 26-07-2011 ലെ ജി.ഒ (എം.എസ്)152 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. 01-04-2024 ൽ മുന്നിരിപ്പായുള്ള പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് ഇല്ലാത്തതിനാൽ വിവിധ മേഖലകളിലായുള്ള 31-03-2025 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള 6.1 കോടി മൂല്യമുള്ള സുസ്ഥിര ആസ്തികളുടെ ആധികാരികതയും കൃത്യതയും വ്യക്തമല്ല.
പഞ്ചായത്തിന്റെ ആസ്തിവിവരങ്ങൾ എല്ലാം ക്രോഡീകരിച്ച ആസ്തി ഡേറ്റാബേസും (Asset Register/Database) വിവിധ നിർമ്മിതികളുടെയും സ്ഥാപനങ്ങളുടെയും വിവിധ അതിർത്തികളുടെയും (Landmark) റോഡുകളുടെയും സ്ഥാനം രേഖപ്പെടുത്തിയ പഞ്ചായത്ത് ഭൂപ്രദേശത്തെ റോഡ് കണക്റ്റിവിറ്റി മാപ്പും തയ്യാറാക്കി 31-03-2025 വരെയുള്ള ആസ്തി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയ ശേഷം ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

**1-1-4 വാർഷിക പദ്ധതിയിൽ സൃഷ്ടിച്ച സുസ്ഥിര ആസ്തിക്ക് ആനുപാതികമായ മൂലധന വർദ്ധനവ് അക്കൗണ്ട് ചെയ്തില്ല**

2024-25 ധനകാര്യ പത്രിക പ്രകാരം വാർഷിക പദ്ധതിയിൽ സൃഷ്ടിക്കപ്പെട്ട 82.19 ലക്ഷം രൂപയുടെ ആസ്തി വർദ്ധനവിന് ആനുപാതികമായി 63.48 ലക്ഷമാണ് മൂലധന വർദ്ധനവായി അക്കൗണ്ട് ചെയ്തിരിക്കുന്നത്. 2024-25 വാർഷിക പദ്ധതിയിലെ സുസ്ഥിര ആസ്തി, പാർട്ട് ബിൽ ഉൾപ്പടെ ആകെ 18.63 ലക്ഷത്തോളം രൂപയുടെ ആസ്തി വർദ്ധനവിന് ആനുപാതികമായ മൂല്യം മൂലധന വർദ്ധവായി ക്രമീകരിച്ചിട്ടില്ല. ഉദാഹരണമായി പ്രോജക്ട് നം.190/25 പ്രകാരം ആയുർവേദ ആശുപത്രി യോഗ ഹാൾ നിർമ്മാണത്തിന് 465,742/- രൂപ ആയുർവേദ ഗ്രാന്റ് ചെലവഴിച്ചത് ആസ്തി വർദ്ധനവ് അക്കൗണ്ട് ചെയ്യേണ്ട സ്ഥാനത്ത് റവന്യൂ കോൺട്രിബ്യൂഷനായാണ് ക്രമീകരിച്ചത്.
2024-25 വാർഷിക പദ്ധതിയിൽ മേൽ പ്രസ്താവിച്ച പ്രകാരം ആസ്തി വർദ്ധനവിന് ആനുപാതികമായി ക്രമീകരിക്കപ്പെടാത്ത മൂലധന വർദ്ധനവ് തുടർ വർഷത്തിൽ Prior Period ഇനത്തിൽ മൂലധന വർദ്ധനവായി ക്രമീകരിച്ച് അപാകത പരിഹരിച്ച ശേഷം ബന്ധപ്പെട്ട വിശദാംശം ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

**1-1-5 സർക്കാരിലേക്ക് ഒടുക്കേണ്ട കാലി ബാരൽ വില തനത് വരുമാനമായി അക്കൗണ്ട് ചെയ്തു**

2024-25 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ കാലിബാരൽ വില 33,015/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കിയത് തനത് വരുമാനമായാണ് അക്കൗണ്ട് ചെയ്തത്. സംരക്ഷണ ഗ്രാന്റ് റോഡ് ഫണ്ട് വിനിയോഗിച്ച പ്രവൃത്തികളുടെ കാലി ബാരൽ വില ബാധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത ശേഷം ഗ്രാന്റ് തിരിച്ചടവായി സർക്കാരിലേക്ക് ഒടുക്കേണ്ടതായിരുന്നു.
2024-25 വർഷത്തെ കാലി ബാരൽ വില ബാധ്യത ശീർഷകത്തിലേക്ക് ക്രമീകരിച്ച ശേഷം സംരക്ഷണ ഗ്രാന്റ് റോഡ് ഫണ്ട് തിരിച്ചടവായി സർക്കാരിലേക്ക് ഒടുക്കേണ്ടതും ട്രഷറി ചെലാൻ ഉൾപ്പടെ പ്രഥമ മറുപടി ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ തുടർ വർഷം മുതൽ K-SMART ൽ കാലി ബാരൽ വില തനത് ഫണ്ടിലേക്കുള്ളതും സർക്കാരിലേക്കുള്ളതും അക്കൗണ്ട് ചെയ്യാൻ യഥാക്രമം പ്രത്യേകം റവന്യൂ, ബാധ്യത ശീർഷകങ്ങൾ ഏർപ്പെടുത്താനുള്ള നടപടികളും വകുപ്പ് തലത്തിൽ സ്വീകരിക്കേണ്ടതാണ്.

**1-1-6 Roads & Bridges ഇനത്തിലുള്ള ആസ്തികളുടെ സഞ്ചിത മൂല്യശോഷണം ആസ്തിയിൽ അധികരിച്ചു**

Roads & Bridges ഇനത്തിലുള്ള ആസ്തികളുടെ 31-03-2025 വരെയുള്ള മൂല്യശോഷണം ആസ്തിയിൽ അധികരിച്ചു. 1.5 കോടി

രൂപ മൂല്യമുള്ള ആസ്തിക്ക് 2024-25 ൽ നൽകിയ 33.53 ലക്ഷം രൂപയുടെ മൂല്യശോഷണം ഉൾപ്പടെ 31-03-2025 ൽ സഞ്ചിത മൂല്യശോഷണം 1.67 കോടി എത്തിയിരിക്കുന്നു. Metalled Road ന് മാത്രം ബാധകമായ 50% മൂല്യശോഷണം മുൻവർഷങ്ങളിൽ മുഴുവൻ Roads & Bridges ആസ്തിക്ക് നൽകി വരുന്നത് മൂലമാണിത് സംഭവിക്കുന്നത്. കൂടാതെ സുസ്ഥിര ആസ്തി മൂല്യം ഇല്ലാതെ Plant & Machinery ഇനത്തിൽ മൂല്യശോഷണം മാത്രമായി അക്കൗണ്ട് ചെയ്യുന്നു.

**1-1-7 പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച സ്ഥിരീകരിക്കപ്പെടാത്ത വരവുകൾ തനത് വരുമാനമായി ക്രമീകരിച്ചു**

Other Fees ഇനത്തിൽ 31-03-2025 ലെ 1240000149 നം. രസീത് പ്രകാരമുള്ള 4,950/- രൂപ, Reimbursement Of Other Expenses Incurred ഇനത്തിൽ 31-03-2025 ലെ 1240000158 നം. രസീത് പ്രകാരമുള്ള 17,517/- രൂപ എന്നീ വരവുകൾ ഏതിനത്തിലുള്ളതാണ് എന്ന് സ്ഥിരീകരിച്ചിട്ടില്ല. സ്ഥിരീകരിക്കാത്ത വരവുകൾ Suspense Liability ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതും ഇനം കണ്ടെത്തിയ ശേഷം മാത്രം കൃത്യമായ ശീർഷകത്തിൽ ക്രമീകരിക്കേണ്ടതായിരുന്നു. മേൽ ഇടപാടുകളിലെ വരവുകൾ ഏതിനത്തിലുള്ളതാണ് എന്ന് കണ്ടെത്തിയ ശേഷം പഞ്ചായത്തിന്റെ തനത് വരുമാനം അല്ല എങ്കിൽ Prior Period ആയി ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-1-8 പഞ്ചായത്ത് മുൻകൂർ നൽകിയതിന്റെ വിശദാംശമില്ല - തുകയുടെ ക്രമീകരണം അനിശ്ചിതത്വത്തിൽ**

മുൻകൂർ ഇനത്തിൽ Temporary Advance For Official Purpose ശീർഷകത്തിൽ മുന്നിരിപ്പുണ്ടായിരുന്ന 665,801/- രൂപ ക്രമീകരിക്കാതെ 31-03-2025 ലും തുടരുകയാണ്. ഏതിനത്തിൽ ഏത് കാലയളവിൽ നൽകിയ മുൻകൂറാണെന്ന വിവരം Advance Register ൽ വിശദാംശമില്ല. വിവരങ്ങളുടെ അഭാവത്തിൽ ടി മുൻകൂർ എപ്രകാരാരം ക്രമീകരിക്കുമെന്ന് വ്യക്തമല്ല. മുൻകൂറിന്റെ ഇനം, വിശദാംശം, നൽകിയ കാലയളവ്, ക്രമീകരിക്കേണ്ട അതോറിറ്റി എന്നിവ കണ്ടെത്തി ക്രമീകരണ നടപടി പൂർത്തിയാക്കിയ ശേഷം രേഖകൾ സഹിതം പ്രഥമ മറുപടി നൽകേണ്ടതാണ്.

**1-1-9 സ്വച്ഛ് ഭാരത് അഭിയാൻ ഗ്രാന്റ് 151/25 നം.പ്രോജക്ടിൽ ചെലവഴിച്ചത് അക്കൗണ്ട് ചെയ്തില്ല**

പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിലെ പ്രോജക്ട് നം. S0151/25 ടോയ്‌ലറ്റ് അറ്റകുറ്റപ്പണി പ്രവൃത്തിയിലെ സ്വച്ഛ ഭാരത് അഭിയാൻ (SBA) ഗ്രാന്റ് 108,407/- രൂപ ചെലവ് 20-01-2025 ലെ ബിൽ നം.7406/A/2023/Sm Vellavoor GPTAB – BIMS Bill] വരവ്-ചെലവുകൾ അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. വാർഷിക പദ്ധതിയിലെ എല്ലാ വരവ്-ചെലവുകളും പഞ്ചായത്തിന്റ വാർഷിക കണക്കിൽ(AFS) ഉൾപ്പെടേണ്ടതായിരുന്നു.

**1-1-10 അക്രുവൽ വരുമാനങ്ങൾ വർഷാരംഭത്തിൽ ഡിമാന്റ് എൻട്രി നടത്തുന്നില്ല**

2024-25 വർഷത്തെ അക്രുവൽ വരുമാനങ്ങൾ മുൻവർഷ ഡേറ്റയുടെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് വർഷാരംഭത്തിൽ Receivable ആയി ക്രമീകരിക്കുന്നില്ല. നികുതി/നികുതിയേതര ഇനത്തിലെ വാർഷിക വരുമാനം 2024-25 വർഷാദ്യത്തിൽ തന്നെ ഡിമാന്റ് എൻട്രി നടത്തുകയും 2024-25 ൽ നിർണ്ണയിക്കുന്നവ സപ്ലിമെന്ററി ഡിമാന്റായുമാണ് അക്കൗണ്ട് ചെയ്യേണ്ടത്. വസ്തുനികുതി ഇനത്തിൽ വിമുക്തഭടൻമാർക്കുള്ള Exemption, ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങൾക്കുള്ള Vacancy Remission എന്നിവ 2024-25 വർഷത്തേക്കുള്ളത് അക്കൗണ്ട് ചെയ്യാത്തതിനാൽ ടി വിവരം ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നില്ല. വാർഷിക ഡിമന്റ് എൻട്രിയിൽ Gross Demand ആണ് അക്കൗണ്ട് ചെയ്യേണ്ടിയിരുന്നത്.

തുടർ വർഷം മുതൽ അക്രുവൽ വരുമാനങ്ങളുടെ ഡാറ്റാബേസ് പ്രകാരമുള്ള ഡിമാന്റ് എൻട്രികൾ വർഷാദ്യം തന്നെ ചെയ്യേണ്ടതാണ്. കൂടാതെ അക്രുവൽ വരുമാനം Gross Demand അക്കൗണ്ട് ചെയ്യേണ്ടതും Exemption ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്ന വിധം അക്കൗണ്ട് ചെയ്യേണ്ടതുമാണ്.

**1-1-11 31-03-2025 വരെയുള്ള എല്ലാ ചെലവുകളും തൻവർഷം തന്നെ Payable ആയി ക്രമീകരിച്ചിട്ടില്ല**

ജനപ്രതിനിധികളുടെ മാർച്ച്-2025 ലെ ഹോണറേറിയം, 31-03-2025 വരെയുള്ള കണ്ടിജന്റ് ചെലവുകൾ എന്നിവ 2024-25 ൽ Payable ആയി ക്രമീകരിച്ച് അക്കൗണ്ട് ചെയ്തില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൌണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-27 പ്രകാരം അതാത് വർഷ ചെലവുകൾ വർഷാവസാനം Payable ആയി ക്രമീകരിക്കേണ്ടതായിരുന്നു.

തുടർവർഷം മുതൽ സാമ്പത്തിക വർഷാവസാനം വരെയുള്ള ചെലവുകൾ Payable ആയി അക്കൗണ്ട് ചെയ്യുന്നതിന് K-SMART സോഫ്റ്റ്‌വെയറിൽ സംവിധാനം ഏർപ്പെടുത്താൻ IKM-മായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയം തുടർ നടപടി സ്വീകരിക്കാനായി തദ്ദേശ സ്വയംഭരണ വിഭാഗം കോട്ടയം ജില്ല ജോയിന്റ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-2 ബജറ്റ്-വിശകലനം**

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 08-02-2024 ലെ 1(1)-ാം നം.

തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 25-02-2025 ലെ 6(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | ആദ്യ ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| മുന്നിരിപ്പ്(01-04-2024) | 301,698/- | 301,698/- |
| 2024-25 വരവ് | 172,703,675/- | 258,821,632/- |
| ആകെ വരവ് | 173,005,373/- | 259,123,330/- |
| 2024-25 ചെലവ് | 165,692,440/- | 257,437,615/- |
| നീക്കിയിരിപ്പ് (31-03-2025) | 7,312,933/- | 1,685,715/- |

പുതുക്കിയ ബജറ്റ് പ്രകാരം 25.88 കോടി രൂപ വരുമാനവും 25.74 കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2024-25 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 13.6 കോടി രൂപയും ചെലവ് 13.86 കോടി രൂപയുമാണുള്ളത്. പഞ്ചായത്ത് ഫണ്ടിന്റെ മുന്നിരിപ്പ് 65 ലക്ഷം രൂപയെന്ന് വ്യക്തമായിരുന്നിട്ടും ബജറ്റ് പുതുക്കിയപ്പോഴും 3 ലക്ഷം എന്നാണ് കണക്കാക്കിയത്. ബജറ്റ് പുതുക്കുമ്പോൾ സാമ്പത്തിക വർഷത്തെ അതുവരെയുള്ള വരവ്-ചെലവുകൾ എല്ലാം കണക്കാക്കി ആനുപാതികമായിട്ടാണ് തുകകൾ നിശ്ചയിക്കേണ്ടത്.

ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവുകൾ നിലവിൽ മേഖലാടിസ്ഥാനത്തിൽ നിശ്ചയിക്കുക മാത്രമാണ് ചെയ്യുന്നത്. വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ബജറ്റ് ശുപാർശകൾ പരിഗണിച്ച് വിവിധ മേഖലാടിസ്ഥാനത്തിൽ വിഹിതം വിഭജിച്ച് വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉൾപ്പെടെ കൃത്യമായ വിഹിതം ക്യാപ്പിറ്റൽ-റവന്യൂ തിരിച്ച് നിശ്ചയിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ഇപ്രകാരമുള്ള ഉപ-ശീർഷകങ്ങളായി (Sub-Head) അലോട്ട്മെന്റുകൾ കൂടി കണക്കാക്കി വിഹിതങ്ങൾ തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് നടപടികളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-214, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-71 എന്നിവയിലെ വ്യവസ്ഥകൾ എല്ലാം പാലിക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, 31-03-2025 ലെ ബാലൻസ് ഷീറ്റ് എന്നിവയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയും ചുവടെ ചേർക്കുന്നു.

**റസീറ്റ് & പേമെന്റ് പത്രിക 2024-25**

| | |
|---|---|
| മുന്നിരിപ്പ് (01-04-2024) | 6,581,553/- |
| ഓഡിറ്റ് വർഷത്തെ വരവ് (Receipt) | 41,158,152/- |
| ആകെ(Total Receipts And Opening Balance) | 47,739,705/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment) | 42,782,686/- |
| നീക്കിയിരിപ്പ് (31-03-2025) | 4,957,019/- |

**ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2024-25**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരുമാനം (Income) | 135,951,308/- |
| ഓഡിറ്റ് വർഷത്തെ ചെലവ് (Expenditure) | 138,596,750/- |
| പ്രവർത്തന നഷ്ടം (Gross Deficit) | 2,645,442/- |
| അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം | 30,911/- |
| അറ്റ പ്രവർത്തന നഷ്ടം (Net Deficit) | 2,614,531/- |

**ബാലൻസ് ഷീറ്റ് 31-03-2025 തീയതിയിൽ**

| | |
|---|---|
| ആസ്തിമൂല്യം (Total Assets) | 56,452,878/- |
| ബാധ്യതകളുടെ മൂല്യം (Total Liabilities) | 61,507,867/- |
| ആകെ ജനറൽ ഫണ്ട് മൂല്യം (Total General Fund) | -(5054989) |

**ഓഡിറ്റ് പ്രത്യവലോകനം 2024-25**

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,226,341/- |

## 1-4 ഗ്രാന്റ് വിനിയോഗം 2024-25

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ചതും പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതുമായ തൻവർഷം പദ്ധതി പദ്ധതിയേതരമായി ചെലവുള്ളതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗവും പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14,611,000/- | 14,611,000/- | 14,611,000/- | 0 | 100 |
| വികസന ഫണ്ട്-SCP | 0 | 6,944,000/- | 6,944,000/- | 6,944,000/- | 0 | 100 |
| വികസന ഫണ്ട്-TSP | 0 | 192,000/- | 192,000/- | 192,000/- | 0 | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 909763 | 2462243 + Interest 114851* Treasury-34757 = Total-2,611,851/- | 3,521,614/- | 3068196 + 34757 = 3,102,953/- | 418661 + 0 = 418,661/- | 88.11 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 647596 | 5420000 + Refund-6462** Treasury -236786 = Total-5,663,248/- | 6,310,844/- | 4448710 + 236786 = 4,685,496/- | 1625348 + 0 = 1,625,348/- | 74.14 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 7,802,000/- | 7,802,000/- | 6,581,086/- | 1,220,914/- | 84.35 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 9,896,000/- | 9,896,000/- | 9,896,000/- | 0 | 100 |
| ICDS ഫണ്ട് | 1310606 | 1,396,741/- | 2,707,347/- | 728,999/- | 1,978,348/- | 26.93 |
| സ്വച്ഛ ഭാരത്(SBA) | 0 | 1,370,635/- | 1,370,635/- | 1,370,635/- | 0 | 100 |
| സാക്ഷരത | 14,058/- | 382/- | 14,440/- | 0 | 14,440/- | - |
| ശുചിത്വ മിഷൻ | 165,726/- | 0 | 165,726/- | 99,080/- | 66,646/- | 59.79 |
| Best Panchayath | 200,000/- | 0 | 200,000/- | 0 | 200,000/- | - |
| ശബരിമല ഗ്രാന്റ് | 0 | 66,000/- | 66,000/- | 11,280/- | 54,720/- | 17.09 |
| ആയുർവേദ ഗ്രാന്റ് | 500,000/- | 0 | 500,000/- | 465,472/- | 34,528/- | 93.09 |
| ആരോഗ്യ ഗ്രാന്റ് Dignostic Infra | 736,605/- | 328,403/- | 1,065,008/- | 683,539/- | 381,469/- | 64.18 |
| ആരോഗ്യ ഗ്രാന്റ് | 169,485/- | 515,701/- | 685,186/- | 162,086/- | 523,100/- | 23.66 |

| | | | | | | |
|---|---|---|---|---|---|---|
| Wellness Centre | | | | | | |
| ST ഫണ്ട് | 142,103/- | 0 | 142,103/- | 0 | 142,103/- | - |
| Total Sanitation | 7,650/- | 0 | 7,650/- | 0 | 7,650/- | - |
| Life State Share | 801,188/- | 1,640,000/- | 2,441,188/- | 2,170,000/- | 271,188/- | 88.89 |
| അങ്കണവാടി | 51,000/- | 0 | 51,000/- | 0 | 51,000/- | - |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ സാമ്പത്തിക വർഷത്തെ മൂന്ന് ഗഡുക്കളും പൂർണ്ണമായും തൻവർഷം ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ തൻവർഷത്ത അലോട്ട്മെന്റുകൾ കൂടാതെ 2023-24 വർഷം ലഭിക്കാതിരുന്ന ടൈഡ് ഫണ്ട് രണ്ടാം ഗഡു ബാങ്ക് അക്കൗണ്ടിലേക്കും 2020-21 മുതൽ 2022-23 വരെ ചെലവഴിക്കാതെ ലാപ്സായ ടൈഡ്-അൺടൈഡ് ഫണ്ടുകൾ രണ്ട് ഗഡുക്കളായി ട്രഷറിയിലും അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ട്.

വികസന ഫണ്ടിൽ നിന്ന് സ്രോതസ്സിൽ തുകകൾ കുറവ് ചെയ്തതിന്റെ വിശദാംശങ്ങളും, പഞ്ചായത്തിന് ലഭിച്ച അറ്റ ഗ്രാന്റ് വിവരവും ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|
| വികസന ഫണ്ട്-General | 14,611,000/- | 14,611,000/- | 240/25 - 832200<br>241/25- 546413<br>243/25 – 535532<br>ആകെ- 1914145/- | 12,696,855/- |
| വികസന ഫണ്ട്-SCSP | 6,944,000/- | 6,944,000/- | 242/25 – 75716<br>244/25 – 86854<br>ആകെ- 162,570/- | 6,781,430/- |
| വികസന ഫണ്ട്-TSP | 192,000/- | 192,000/- | 246/25 – 5701<br>245/25 – 5686<br>ആകെ- 11,387/- | 180,613/- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും വിനിയോഗത്തിലെയും അപാകതകൾ താഴെ ചേർക്കുന്നു.

1. ധനകാര്യ കമ്മീഷൻ അടിസ്ഥാന ഗ്രാന്റിൽ ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ* 114851/-, ടൈഡ് ഗ്രാന്റിലേക്ക് 2023-24 ലെ പ്രോജക്ട് നം.168/24 പ്രകാരം തിരിച്ചടച്ച** 6,462/- രൂപ എന്നീ വരവുകൾ ഗ്രാന്റ് പത്രികയിൽ വരവായി പ്രതിഫലിച്ചിട്ടില്ല. ഇ-ഗ്രാമ സ്വരാജ് ഓൺലൈൻ പോർട്ടലിൽ പലിശ, തിരിച്ചടവ് എന്നിവ ഗ്രാന്റ് വരവായി ക്രമീകരിക്കപ്പെട്ടിട്ടുണ്ട്.

2. വികസന ഫണ്ടിന്റെ സ്രോതസ്സിൽ കുറവ് ചെയ്ത തുക കിഴിച്ചാണ് ഗ്രാന്റ് പത്രികയിൽ അലോട്ട്മെന്റ് കാണുന്നത്. എന്നാൽ ചെലവ് തുക സ്രോതസ്സിൽ കുറവ് ചെയ്ത ഇനങ്ങൾ ജി.ഓ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പടെയാണ്. ആയതിനാൽ ഗ്രാന്റ് പത്രികയിൽ വികസന ഫണ്ട് നീക്കിയിരിപ്പ് കൃത്യമായി പ്രതിഫലിച്ചിട്ടില്ല.

3. ഗുണഭോക്തൃ വിഹിതമിനത്തിൽ 31-03-2025 ലെ 63,894/- രൂപയുടെ നീക്കിയിരിപ്പ് ഏത് പ്രോജക്ടിന് ഏത് കാലയളവിൽ ലഭിച്ചതാണ് എന്നതിന്റെ വിവരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ രജിസ്റ്ററിൽ ലഭ്യമല്ല. ഗുണഭോക്തൃ വിഹിതത്തിന്റെ മുഴുവൻ വിശദാംശം കണ്ടെത്തേണ്ടതും തുടർ വർഷം തന്നെ ചെലവഴിക്കേണ്ടതുമാണ്.

4. ST ഫണ്ട് 142,103/- , അങ്കണവാടി നെയിം ബോർഡിന് ലഭിച്ച 51,000/- എന്നിവയ്ക്ക് തൻവർഷം ചെലവില്ല. തുടർ വർഷം ചെലവഴിക്കാത്ത പക്ഷം തിരികെ ഒടുക്കി ബാധ്യത ഒഴിവാക്കേണ്ടതാണ്.

സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിൽ മേൽവിവരിച്ച പ്രകാരമുള്ള വ്യത്യാസങ്ങൾക്ക് വിധേയമായിട്ടാണ് റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

**(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത്/ | പദ്ധതി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ ₹ | പൂർത്തീകരിച്ചത് (എണ്ണം) | ചെലവ് ₹ | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 205 | 141424016 | 173 | 64657768 | 32 | 84.39 |

**നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം**

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 1945285 | 1333543 |
| വെറ്ററിനനറി സർജൻ | 09 | 09 | 759141 | 726501 |
| MO(FHC) | 10 | 09 | 4113464 | 3355578 |
| MO(ISM) | 03 | 03 | 1162000 | 1161986 |
| VEO I | 05 | 05 | 42406000 | 6658500 |
| VEO II | 16 | 12 | 28016940 | 10809799 |
| ICDS സൂപ്പർവൈസർ | 15 | 14 | 6281750 | 4141313 |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 43 | 36 | 6677740 | 6818469 |
| DFI | 05 | 05 | 9767893 | 6290103 |
| HM,GLPS | 10 | 07 | 418117 | 201868 |
| AE,LID & EW | 73 | 57 | 37768386 | 21148708 |
| അസിസ്റ്റന്റ് സെക്രട്ടറി | 06 | 06 | 2107300 | 2011400 |
| ആകെ | 205 | 173 | 141424016 | 64657768 |

**പദ്ധതി ആസൂത്രണ പ്രക്രിയകളുടെ വിശദാംശങ്ങൾ**

| ഇനം | തീരുമാന നം,/ തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ | **21.12.2023** |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 27.12.23, 28.12.2023, 29.12.23, 30.12.23, 31.12.23, 01.01.24 |
| ഊരു കൂട്ടം | 28.12.2023 |
| ഭിന്നശേഷി ഗ്രാമസഭകൾ | 28.12.2023 |
| വയോജന ഗ്രാമസഭകൾ | 27.12.2023 |
| വികസന സെമിനാർ | 16.01.2024 |
| വികസന സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 1(2)/ തീ. 11.02.2024 |
| ഭരണാനുമതി | 2(1)/ തീ. 15.03.2024 |
| ജില്ലാ ആസൂത്രണ സമിതി അംഗീകാരം( ഭേദഗതിയുൾപ്പടെയുള്ള | 84898/24 /DPC/DPO/KTM തീ. 04.03.2025 |

| അന്തിമ അംഗീകാരം) | |
|---|---|

**ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റ് പ്രസക്ത വിവരങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു**

- ആവിഷ്കരിച്ച 205 പ്രോജക്ടുകളിൽ 173 എണ്ണം നടപ്പാക്കാൻ കഴിഞ്ഞു..
- സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റ് തുകകളിൽ MG(NR) ഒഴികെയുള്ളവ നൂറു ശതമാനവും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.
- കൃഷി-ക്ഷീരവികസന-മൃഗസംരക്ഷണ-സേവനമേഖലകളിൽ ആവർത്തന സ്വഭാവമുള്ളതെങ്കിലും ആവിഷ്കരിച്ച എല്ലാ പ്രോജക്ടുകളും നടപ്പാക്കി.
- എം.സി.എഫ് കെട്ടിടം നവീകരിക്കുകയും സുരക്ഷയ്ക്ക് സി.സി. ടി.വി ക്യാമറ സ്ഥാപിക്കുയും ചെയ്തെങ്കിലും മാലിന്യങ്ങൾ തരംതിരിക്കുന്നതിന് വാങ്ങിയ ബെയിലിംഗ് മെഷീൻ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. 3-ഫേസ് കണക്ഷൻ സജ്ജമാക്കുന്നതിനുമുൻപ് യന്ത്രം വാങ്ങിയതിനാൽ അത് ഉപയോഗിക്കാനാകെ സൂക്ഷിച്ച് വരുന്നു. അതിന്റെ വാറന്റിയും നഷ്ടപ്പെടുന്ന അവസ്ഥയാണ്.
- വയോജനക്ഷേമത്തിന് വിവിധ പ്രോജക്ടുകൾ- വയോജനോത്സവം, കട്ടിൽവിതരണം, തുടങ്ങിയ നടപ്പാക്കിയത് ശ്ലാഘനീയം.
- അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പ്രോജക്ടുകളിലൂടെ അനേകം ഗ്രാമീണ റോഡുകളുടെ നവീകരണം, ഘടക സ്ഥാപനങ്ങളിലെ കുടിവെള്ള സൗകര്യങ്ങളുടെ അറ്റകുറ്റപ്പണികൾ, അങ്കണവാടികൾ-സ്കൂളുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യവികസനം എന്നിവ സാധ്യമാക്കി.
- ആവശ്യാധിഷ്ഠിതമല്ലാതെ ഏറ്റെടുത്ത തെങ്ങുമ്പള്ളി കുടിവെള്ള പദ്ധതിക്കായി വിനിയോഗിച്ച തുക പാഴ്ച്ചെലവായി ഭവിച്ചു.
- സുസ്സജ്ജമായ ടേക്ക്-എ-ബ്രേക്ക് സമുച്ചയം പരിസരത്തുണ്ടായിരിക്കെ മണിമല ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിനുള്ള എസ്റ്റിമേറ്റിലെ പ്രധാന ഇനങ്ങൾ ശുചിമുറി സൗകര്യമൊരുക്കുന്നതിനു വേണ്ടിയുള്ളതാണ്.
- ഭവന നിർമാണ മേഖലയിൽ ഗണ്യമായ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ലൈഫ് ഭവന പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലെ ഗുണഭോക്താക്കളിൽ ആദ്യ ഗഡുക്കൾ കൈപ്പറ്റിയ 08 പേർ കരാറനുസരിച്ച് ഗൃഹ നിർമാണവും 03 പേർ ഭവന നവീകരണവും പൂർത്തീകരിച്ചിട്ടില്ല.
- നിക്ഷേപ പ്രവൃത്തികൾക്കായി നിർവഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നു. നൽകിയ തുക ഫലപ്രദവും സമയബന്ധിതവുമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടികളില്ല. വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരണ രേഖയില്ലാത്തതിനാൽ മുൻവർഷം വിവിധ ഏജൻസികൾക്ക് കൈമാറിയ ദശലക്ഷക്കണക്കിനുള്ള തുക ക്രമീകരിക്കാനുള്ള മുൻകൂറിനത്തിൽ ശേഷിക്കുന്നു.

അപാകതകൾക്ക് വിശദീകരണവും അതോടൊപ്പം പരിഹാര നടപടികളുടെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെയും തൊഴിലാളികളെ ഉൾപ്പെടുത്തി തൊഴിലുറപ്പ് പദ്ധതിയുടെ 2024-25 വർഷത്തെ ലേബർ ഗ്രാമസഭ കൂടുകയും 13 വാർഡുകളിലും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ലേബർ ബജറ്റ് പ്രകാരം ആകെ വിഭാവനം ചെയ്ത 609 പ്രോജക്ടുകളിൽ 161 എണ്ണത്തിന് സാങ്കേതിക അനുമതി ലഭിക്കുകയും 75 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും ചെയ്തു. 55579 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 857 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരമുള്ള 2024-25 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| വരവ്(Receipt) | | ചെലവ്(Payment) | |
|---|---|---|---|
| **മുന്നിരിപ്പ് (01-04-2024)** | **2433** | Skilled Labour | 293753 |
| അഡ്മിനിസ്ട്രേറ്റീവ് വരവ് | 1176770 | Unskilled Labour | 17744735 |
| പലിശ വരവ് | 1254 | Material | 1238234 |
| **ആകെ നേരിട്ടുള്ള വരവ്** | **1178024** | **ആകെ EFMS ചെലവ്** | **19276722** |

| | | | |
|---|---|---|---|
| Skilled Labour | 293753 | ശമ്പളം | 1020500 |
| Unskilled Labour | 17744735 | പ്രിന്റിങ്ങ് & സ്റ്റേഷനറി | 12120 |
| Material | 1238234 | മെഡിക്കൽ ചെലവ് | 16305 |
| **ആകെ EFMS വരവ്** | **19276722** | ചുവരെഴുത്ത് | 3500 |
| പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ | 1072284 | റിഫ്രഷ്മെന്റ്<br>പരസ്യം | 4865<br>14994 |
| - | - | ബാങ്ക് ചാർജ് | 472 |
| - | - | **ആകെ നേരിട്ടുള്ള ചെലവ്** | **1072756** |
| - | - | പഞ്ചായത്ത് തനത് മുൻകൂർ തിരിച്ചടവ് | 1179985 |
| - | - | **നീക്കിയിരിപ്പ്(31-03-2025)** | **0** |
| **ആകെ** | **21529463** | **ആകെ** | **21529463** |

ധനകാര്യ പത്രിക 2024-25 പ്രകാരം തൊഴിലുറപ്പ് പദ്ധതി ചെലവ് 19,276,722/- രൂപയിൽ 1,078,650/- രൂപ ക്യാപ്പിറ്റൽ ചെലവും 18,198,072/- രൂപ റവന്യൂ ചെലവുമാണ്. അഡ്മിനിസ്ട്രേറ്റീവ് ചെലവ്, മുൻകൂർ ക്രമീകരിച്ച ചെലവ് എന്നിവയും പദ്ധതി റവന്യൂ ചെലവ് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. പദ്ധതിയിതര ചെലവുകൾ MNREGS Administrative Expense ശീർഷകത്തിൽ അക്കൗണ്ട് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

തൊഴിലുറപ്പ് പ്രവർത്തന ഫണ്ട് സമയബന്ധിതമായി ലഭിക്കാത്തതിനാൽ പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് ചെലവിനായി പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് മുൻകൂർ നൽകുകയാണ് ചെയ്യുന്നത്. 01-04-2024 ൽ ക്രമീകരിക്കാൻ അവശേഷിച്ചിരുന്ന മുൻകൂർ 1,394,802/- രൂപ തൻവർഷം മുൻകൂറിനും ക്രമീകരണത്തിനും ശേഷം 31-03-2025 ൽ 1,286,629/- രൂപയാണ് Outstanding Advance ആയി പഞ്ചായത്ത് ഫണ്ടിലേക്ക് നൽകാനുള്ളതായി നിലനിൽക്കുന്നത്. പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള മുൻകൂർ ക്രമീകരിക്കാൻ പര്യാപ്തമായ തൊഴിലുറപ്പ് അഡ്മിനിസ്ട്രേറ്റീവ് ഫണ്ട് തുടർവർഷത്തിൽ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-7 സാമൂഹ്യസുരക്ഷാ പെൻഷനുകൾ

2024-25 വർഷം വെള്ളാവൂർ ഗ്രാമപഞ്ചായത്ത് വിവിധ ക്ഷേമ പദ്ധതികൾക്കായി 4.18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3,840/- | 2 |
| വാർദ്ധക്യകാലപെൻഷൻ | 28,026,100/- | 1915 |
| കർഷകതൊഴിലാളി പെൻഷൻ | 1,055,600/- | 62 |
| വിധവാപെൻഷൻ | 9,020,300/- | 598 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 326,400/- | 20 |
| വികലാംഗപെൻഷൻ | 3,315,700/- | 219 |
| വിവാഹ ധനസഹായം | 30,000/- | 1 |
| **ആകെ** | 41,777,940 | 2816 |

## 1-8 ക്യാഷ് വേരിഫിക്കേഷൻ

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.07.2025 തിയ്യതി

03:00 PM ന് അക്കൗണ്ടന്റിന്റെയും ഫ്രണ്ട് ഓഫീസ് ക്യാഷ്യറുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് പരിശോധനയിൽ ₹1608/- (ആയിരത്തി അറുന്നൂറ്റി എട്ടു രൂപ മാത്രം) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9-1 K-SMART അവലോകനം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ഇൻഫർമേഷൻ കേരളാ മിഷൻ (ഐകെഎം) രൂപകൽപ്പന ചെയ്ത ഓൺലൈൻ പ്ലാറ്റ്ഫോമാണ് കെ-സ്മാർട്ട്. കെ-സ്മാർട്ടിന്റെ പ്രവർത്തനങ്ങൾ 2025 ഏപ്രിൽ 1 മുതൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കി .കേരളത്തിലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും 2024 ജനവരി 1 മുതൽ നടപ്പിലാക്കിയ കെ-സ്മാർട്ടിന്റെ സേവനങ്ങൾ 2025 ഏപ്രിൽ 1 മുതൽ കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ലഭ്യമാക്കിയതോടെ 87 മുനിസിപ്പാലിറ്റികൾക്കും 6 കോർപറേഷനുകൾക്കുമൊപ്പം 941 ഗ്രാമ പഞ്ചായത്തുകളിലും, 152 ബ്ലോക്ക് പഞ്ചായത്തുകളിലും, 14 ജില്ല പഞ്ചായത്തുകളിലും കെ-സ്മാർട്ടിന്റെ സേവനങ്ങൾ ലഭ്യമായിത്തുടങ്ങി. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും സേവനങ്ങൾ സമയബന്ധിതമായി ഓഫീസുകളിൽ പോകാതെ തന്നെ പൊതുജനങ്ങൾക്കു ലഭ്യമാകുന്നതിനായുള്ള ഓൺലൈൻ സേവനമാണ് കെ-സ്മാർട്ട്. കെ-സ്മാർട്ട് ആപ്ലിക്കേഷനിലൂടെ വിവിധ സേവനങ്ങൾക്കായുള്ള അപേക്ഷകളും പരാതികളും ഓൺലൈനായി സമർപ്പിക്കാനും അവയുടെ സ്റ്റാറ്റസ് ഓൺലൈനായി തന്നെ അറിയാനും സാധിക്കുന്നു. കൂടാതെ അപേക്ഷകളും പരാതികളും കൈപ്പറ്റിയതിന്റെ രസീത് പരാതിക്കാരന്റെ അല്ലെങ്കിൽ അപേക്ഷകന്റെ വാട്സ്ആപ്പിലും, ഇ-മെയിലിലും ഇന്റഗ്രേറ്റഡ് മെസേജിംഗ് സംവിധാനത്തിലൂടെ അയച്ച് കൊടുക്കുകയും ചെയ്യുന്നു. കെ-സ്മാർട്ടിലൂടെ, തദ്ദേശ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും അവ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളെയും 35 മോഡ്യൂളുകളായി തിരിച്ച്, ഒറ്റ പ്ലാറ്റ്ഫോമിലൂടെ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നു. വെബ് പോർട്ടലിൽ സ്വന്തം ലോഗിൻ ഉപയോഗിച്ച് അതാത് മൊഡ്യൂളുകളിലെത്തി ആവശ്യമായ വിവരങ്ങൾ നൽകി സേവനം ലഭ്യമാക്കാം. കൂടാതെ സ്മാർട്ട് ഫോൺ ആപ്ലിക്കേഷനിൽ ഫോൺ നമ്പരും OTP- യും നൽകിയും ലോഗ് ഇൻ ചെയ്യാം. ബ്ലോക്ക് ചെയിൻ, നിർമ്മിത ബുദ്ധി, ജി.ഐ.എസ്/സ്പെഷ്യൽ ഡേറ്റ, ചാറ്റ് ബോട്ട്, മെസേജ് ഇന്റഗ്രേഷൻ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, വിവിധ സോഫ്റ്റ് വെയറുകൾ തമ്മിലുള്ള എ.പി.ഐ ഇന്റെഗ്രഷൻ എന്നീ സാങ്കേതിക വിദ്യകളെ ഏകോപിപ്പിച്ചുകൊണ്ടാണ് കെ-സ്മാർട്ട് പ്രവർത്തിക്കുന്നത്.

ആദ്യ ഘട്ടത്തിൽ സിവിൽ രജിസ്ട്രേഷൻ (ജനന -മരണ വിവാഹ രജിസ്ട്രേഷൻ), ബിസിനസ് ഫെസിലിറ്റേഷൻ (വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസുകൾ), വസ്തു നികുതി, യൂസർ മാനേജ്മെന്റ്, ഫയൽ മാനേജ്മെന്റ് സിസ്റ്റം, ഫിനാൻസ് മൊഡ്യൂൾ, ബിൽഡിംഗ് പെർമിഷൻ മൊഡ്യൂൾ, പൊതുജന പരാതി പരിഹാരം തുടങ്ങിയ സേവനങ്ങളായിരിക്കും കെ- സ്മാർട്ടിലൂടെ ലഭ്യമാവുക. ലോഗിൻ ഐഡി ഉപയോഗിച്ച് വീഡിയോ കെവൈസിയും പൂർത്തിയാക്കുന്നതോടെ വിവാഹ രജിസ്ട്രേഷൻ ഉൾപ്പടെയുള്ള കാര്യങ്ങൾ വിദേശത്തിരുന്ന് തന്നെ ചെയ്യാൻ സാധിക്കും. കെ- സ്മാർട്ട് മൊബൈൽ ആപ്പിലൂടെയും വെബ് പോർട്ടലിലൂടെയും ഈ സേവനങ്ങൾ ജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാകും. ജീവനക്കാർക്ക് തുടക്കത്തിൽ ശരിയായ പരിശീലനം കിട്ടാത്തതിനാലുണ്ടായ ബുദ്ധിമുട്ട് ഒഴിച്ചാൽ നിലവിൽ നല്ല രീതിയിൽ കെ-സ്മാർട്ടിനെ പഞ്ചായത്ത് പ്രയോജനപ്പെടുത്തി വരുന്നു.തൊഴിൽ നികുതി അടക്കമുള്ള ഏതാനും മൊഡ്യൂളുകൾ കൂടി നിലവിൽ ആക്റ്റീവ് ആകാൻ അവശേഷിക്കുന്നുണ്ട്. ആക്റ്റീവ് ആകാൻ അവശേഷിക്കുന്ന മൊഡ്യൂളുകളിലെ ഇടപാടുകളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് പഞ്ചായത്തിൽ എത്തേണ്ട സാഹചര്യം നിലവിലുണ്ട്. ഈ മൊഡ്യൂളുകൾ കൂടി ആക്റ്റീവ് ആകുന്നതോടെ മാത്രമേ K-സ്മാർട്ട് അതിന്റെ പ്രാഥമിക ലക്ഷ്യം കൈവരിക്കുകയുള്ളൂ. ILGMS നെ അപേക്ഷിച്ച് കൂടുതൽ യൂസർ ഫ്രണ്ട്‌ലി സോഫ്റ്റ്‌വെയറാണെന്നുള്ളതും ആധാർ ബെയ്സ്ഡ് ലോഗിൻ സിസ്റ്റമായതിനാൽ കൂടുതൽ സുരക്ഷിതമാണെന്നുള്ളതും K സ്മാർട്ടിന്റെ എടുത്തു പറയേണ്ട മേന്മകളാണ്. വസ്തുനികുതി ഡേറ്റാബേസിനെ പ്രത്യേക മൊഡ്യൂളാക്കി കെ-സ്മാർട്ടിൽ ഉൾപ്പെടുത്തി ഡേറ്റാ കൈകാര്യം ചെയ്യുന്നത് ഈ വിഷയത്തിലെ നടപടികൾ സുതാര്യമാക്കും. കെട്ടിട നമ്പർ, അനുബന്ധ ഡേറ്റ എന്നിവ മറ്റുള്ള നികുതി നികുതിയേതര ഇനങ്ങളായ തൊഴിൽ നികുതി, വാടക, ലൈസൻസ് വരവുകളുടെ ഡേറ്റയുമായി ബന്ധിപ്പിക്കാവുന്നതും കെട്ടിടങ്ങളിൽ വിവിധ കാലയളവുകളിൽ വരുത്തുന്ന രൂപ മാറ്റം/അധിക നിർമാണം (ഉദാ. പഠനമുറി നിർമാണം പോലുള്ളവ) ഡേറ്റാ ബേസിൽ പ്രതിഫലിക്കുന്ന രീതിയിൽ ഡേറ്റാ ബേസ് Status Auto Updation ആകുന്ന രീതിയിൽ മൊഡ്യൂളിൽ ക്രമീകരണം വരുത്താവുന്നതുമാണ്. അപാകതകൾ പരിഹരിക്കപ്പെട്ട് പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്നപക്ഷം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും, സുതാര്യവും വേഗത്തിലുമാക്കുന്നതോടൊപ്പം പൊതുജനങ്ങൾക്കും ഏറെ ഗുണകരവും ഫലപ്രദവുമാകുന്ന സംവിധാനമെന്ന നിലയിൽ നിലവിൽ അഭിമുഖീകരിക്കുന്ന അപാകതകളും, ജീവനക്കാരും പൊതുജനങ്ങളും നേരിടുന്ന ബുദ്ധിമുട്ടുകളും കണ്ടെത്തി IKM-ൽ റിപ്പോർട്ട് ചെയ്ത് ആയവ പരിഹരിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

**1) പൊതുനിയന്ത്രണം**

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, വാർഷിക കണക്കുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്. തനത് ഫണ്ട് ചെലവ് വൗച്ചറുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. നിർവ്വഹണോദ്യോഗസ്ഥർക്ക് പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്നതിന് ഏകദേശം സാധിച്ചിട്ടുണ്ട്. മെയിന്റനൻസ് ഗ്രാന്റ് റോഡിതരം ഫണ്ടിനത്തിൽ മാത്രമാണ് 12.2 ലക്ഷം രൂപ ലാപ്സായത്. മറ്റ് സർക്കാർ ഗ്രാന്റുകൾ ട്രഷറി അലോട്ട്മെന്റ് ലഭ്യമായത് പൂർണ്ണമായും ചെലവഴിച്ചു. ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് 2024-25 വർഷം ഫയലുകൾ കൈകാര്യം ചെയ്തത്. 01-04-2025 മുതൽ സ്ഥാപനത്തിൽ കെ സ്മാർട്ട് സംവിധാനം നടപ്പായിട്ടുണ്ട് .

**2) ക്യാഷ്, ബാങ്ക് നിയന്ത്രണം**

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ 31-03-2025 വരെ നടത്തിയിട്ടുണ്ട്. K-SMART ൽ റീക്കൺസിലേഷൻ സംവിധാനം ലഭ്യമാകുന്ന മുറയ്ക്ക് 04/2025 മുതലുള്ള റിക്കൺസീലിയേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്.

**3) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം**

വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് , വാടക, പലിശകൾ ഇനത്തിലുള്ള തനത് വരുമാനം ഏകദേശം 75 ലക്ഷം രൂപയാണ്. തനത് വരുമാനം കുറവുള്ള പഞ്ചായത്തായതിനാൽ നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ ആവശ്യമാണ്. വസ്തു നികുതിയുടെ പിരിവ് 95% ന് മുകളിൽ എത്തിച്ചത് അഭിനന്ദനാർഹമാണ്. വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ്, വാടക എന്നീ സ്രോതസ്സുകളിലെ തനത് വരുമാനം ഡിമാന്റും കളക്ഷനും ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി നിരീക്ഷിക്കേണ്ടതാണ്.

**4) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം**

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**5) ലൈഫ് മിഷൻ വായ്പ 6.8 ലക്ഷം രൂപ ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നു**

പഞ്ചായത്തിന്റെ ലൈഫ് പദ്ധതിക്ക് വേണ്ടി വായ്പയെടുത്ത തുകയിൽ 6.8 ലക്ഷം രൂപ ചെലവഴിക്കാതെ 31-03-2025 ൽ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതായി കാണുന്നു. പ്രത്യേക വായ്പ ബാങ്ക് അക്കൗണ്ടിൽ 6 ലക്ഷവും തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ 80,000/- രൂപയുമാണ് വായ്പ തുകയുള്ളത്. Kerala Urban & Rural Development Finance Corporation Ltd.(KURDFC)- യിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലൈഫ് ഭവന പദ്ധതിക്കായി ലഭ്യമാക്കുന്ന വായ്പ തുകയ്ക്ക് സംസ്ഥാന സർക്കാരാണ് പലിശ ഒടുക്കുന്നത്. വായ്പയെടുത്ത തുക ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ ദീർഘകാലം സൂക്ഷിക്കുന്ന നടപടി സർക്കാരിന് പലിയിനത്തിൽ അധിക ബാധ്യത സൃഷ്ടിക്കുന്നതാണ്. തുടർ സാമ്പത്തിക വർഷം ആദ്യ പാദത്തിൽ 2.9 ലക്ഷം രൂപ ചെലവഴിച്ചു. ബാക്കി 3.9 ലക്ഷം അടിയന്തിരമായി ചെലവഴിക്കേണ്ടതും വായ്പയെടുത്ത് ദീർഘകാലം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

**6) കരാറുകൾ തയ്യാറാക്കുന്നത് സമഗ്രവും പൂർണ്ണവുമായും സൂക്ഷിക്കേണ്ടതാണ്**

ഗ്രാമപഞ്ചായത്ത് വിവിധ പ്രവർത്തനങ്ങൾ, പ്രോജക്ടുകൾ, വാങ്ങൽ, പൊതുമരാമത്ത് എന്നിങ്ങനെയുള്ള വിഷയങ്ങളിൽ മറ്റ് ഏജൻസികളും വ്യക്തികളുമായി കരാറിൽ ഏർപ്പെടുന്നുണ്ട്. അപ്രകാരമുള്ള കരാറുകളിൽ വ്യവസ്ഥകൾ പൂർണ്ണമായി എഴുതുകയും പഞ്ചായത്ത് അധികൃതർ, കരാർ വ്യക്തി, സാക്ഷികൾ എന്നിവർ കൃത്യമായി സാക്ഷ്യപ്പെടുത്തിയ രേഖകൾ സൂക്ഷിക്കേണ്ടതുമാണ്. കരാറുകൾ എഴുതാതെ മാന്വൽ അല്ലെങ്കിൽ ഡിജിറ്റൽ മുദ്രപത്രങ്ങൾ സൂക്ഷിക്കുന്ന നടപടി ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/11/2022 | 01/2022 – 03/2022 | 08-06-2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02/03/2016 - 17/03/2016 | 2010-11 മുതൽ 2014-15 വരെ | LBA(HQ)II/8A-2411/03 തീയതി- 18/04/2016 |

പഞ്ചായത്ത് വകുപ്പ് തലത്തിലുള്ള ഇന്റേണൽ ഓഡിറ്റായ പെർഫോമൻസ് ഓഡിറ്റ് സർക്കാർ നിർത്തലാക്കിയതിനാൽ 2021-22 സാമ്പത്തിക വർഷത്തിന് ശേഷം പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

## 1-11 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

സഞ്ചയ വസ്തു നികുതി നിർണ്ണയ സോഫ്റ്റ് വെയറിൽ ക്രോഡീകരിച്ചിരിക്കുന്ന വസ്തു നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ രണ്ടാം വാർഡിൽ ശ്രീ. അനീഷ് കെ ആന്റണി, എലിസബത്ത് കെ. ലൂയിസ് എന്നിവരുടെ പേരിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് **93 A** എന്ന നമ്പർ അനുവദിച്ച് 2023-24 രണ്ടാം അർദ്ധവാർഷികം മുതൽ **പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ.വരെയുള്ളവ .** എന്ന ഗണത്തിൽപ്പെടുത്തി ചതുരശ്ര മീറ്ററിന് 9 രൂപ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നു. എന്നാൽ സഞ്ചയ സോഫറ്റ് വെയർ, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| ഗ്രൌണ്ട് ഫ്ലോർ | 211.68 ച.മീ |
| ഫസ്റ്റ് ഫ്ലോർ | 119.09 ച.മീ |
| ആകെ | 330.77 ച.മീ |

കെട്ടിടത്തിന്റെ വിസ്തീർണ്ണം 300 ചതുരശ്ര മീറ്ററിനു മുകളിലായതിനാൽ **പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ ,ഹോം സ്റ്റേ, (വിനോദ സഞ്ചാരികൾക്ക് വാടകയ്ക്ക് നൽകുന്നത്) 300 ച.മീ. ൽ മുകളിലുള്ളവ** എന്ന ഗണത്തിൽപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിക്കേണ്ടിയിരുന്നത്. 20.04.2023 ലെ 6(2) നമ്പർ ഭരണ സമിതി തീരുമാന പ്രകാരം 29.05.2024ൽ പുറപ്പെടുവിച്ച എസ്.സി4/2445/2023 നമ്പർ വിജ്ഞാപനത്തിൽ ടി ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന വസ്തു നികുതി നിരക്ക് ചതുരശ്ര മീറ്ററിന് 10 രൂപയാണ്. കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതു മൂലം വരുമാനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **2023-24 രണ്ടാം അർദ്ധ വാർഷികം** | | | |
|---|---|---|---|
| | ഡിമാൻറ് ചെയ്തത് | ഡിമാൻറ് ചെയ്യേണ്ടിയിരുന്നത് | കുറവ് വന്നത് |
| ആകെ വാർഷിക നികുതി ഡിമാന്റ് | 3721 | 4135 | 414 |
| 2023-24 രണ്ടാം അർദ്ധ വർഷത്തെ നികുതി | 1861 | 2068 | 207 |
| ലൈബ്രറി സെസ്സ് | 93 | 103 | 10 |
| ആകെ | 1954 | 2171 | 217 |
| 2023-24 രണ്ടാം അർദ്ധ വർഷത്തിൽ കുറവ് വന്നത് | | | 217 രൂപ |
| **2024-25 ൽ 5 % വർദ്ധനവിന് ശേഷം** | | | |
| | ഡിമാൻറ് ചെയ്തത് | ഡിമാൻറ് ചെയ്യേക്കേണ്ടിയിരുന്നത് | കുറവ് വന്നത് |
| അടിസ്ഥാന വസ്തു നികുതി നിരക്ക് | 9.45 | 10.5 | 1.05 |

| | | | |
|---|---|---|---|
| അടിസ്ഥാന വസ്തു നികുതി | 3126 | 3473. | 347 |
| ഇളവ് (മേഖല 10 %) | 312 | 347 | 35 |
| വർദ്ധനവ് (വഴി സൌകര്യം - 20%) | 626 | 695 | 69 |
| വർദ്ധനവ് (തറ നിർമ്മിതി - 15%) | 469 | 521 | 52 |
| ആകെ വർദ്ധനവ് - 35 % | 1095 | 1216 | 121 |
| ആകെ നികുതി | 3909 | 4342 | 432 |
| ലൈബ്രറി സെസ്സ് | 196 | 217 | 21 |
| ആകെ | 4105 | 4559 | 454 |
| 2024-25 വർഷത്തിൽ കുറവ് വന്നത് | | | 454 രൂപ |

രണ്ടു വർഷങ്ങളിലായി വസ്തുനികുതിയിനത്തിൽ 670 രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ച നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 13/14.07.2025) മറുപടി ലഭ്യമായിട്ടില്ല. വസ്തു നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് കുടിശ്ശിക സഹിതം ഈടാക്കി രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ വസ്തു നികുതി നിർണ്ണയത്തിൽ അപാകത സംഭവിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

**1-12 സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന വിസ്തീർണപരിധി അധികരിച്ച കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി**

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് അനുസരിച്ച്, വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും 2011- ലെ ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 3 കാണുക). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ. (എം.എസ്.)144/2015 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 4 പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് 660 ചതുരശ്ര അടി (60 ചതുരശ്ര മീറ്റർ) വരെയുള്ള വാസഗൃഹങ്ങളെയാണ് 2015-16 മുതൽ വസ്തുനികുതിയുടെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ചിട്ടുള്ള, 7,8 വാർഡുകളിലെ വസ്തു നികുതി വിവരങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങളെ നിയമ/ചട്ട പിൻബലമില്ലാത്ത കാരണങ്ങൾ മുൻനിർത്തി നികുതി ഒഴിവാക്കി നൽകിയതായി കാണുന്നു. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം |
|---|---|---|
| വാർഡ് 7 | | |
| 218 | പൊന്നപ്പൻ | 126 ച മീ |
| 238 A | കാർത്ത്യായനി കൃഷ്ണൻ | 98 ച മീ |
| 284 | ശശിധരൻ നായർ | 72 ച മീ |
| 306 | സരോജിനിയമ്മ | 115.5ച മീ |
| വാർഡ് 8 | | |
| 178 | ടോമി ജോസഫ് | 71 ച മീ |
| 235 | ശശി റ്റി ആർ | 67ച മീ |
| 240 | സതീഷ് | 74ച മീ |
| 275 | പ്രതീഷ് | 68ച മീ |
| 368 | അരുൺ ആർ | 167ച മീ |
| 396 | തങ്കപ്പൻ നായർ | 77ച മീ |

കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകിയ നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16/15.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും

സമാനരീതിയിൽ നികുതി ഒഴിവാക്കപ്പെട്ട, എല്ലാ വാർഡുകളിലെയും കെട്ടിടങ്ങളുടെ വിവരങ്ങൾ പുനഃപരിശോധിക്കേണ്ടതും അനർഹമെന്ന് കണ്ടെത്തുന്നവ ഡിമാൻഡിൽ ഉൾപ്പെടുത്തി നികുതി പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-13 ലൈസൻസ് നേടാതെയും നികുതികൾ ഒടുക്കാതെയും ജിംനേഷ്യങ്ങൾ പ്രവർത്തിക്കുന്നു**

ഗ്രാമ പഞ്ചായത്തിന്റെ ആറാം വാർഡിൽ (മണിമല ടൗൺ) ഓസോ ഫിറ്റ്നെസ്സ് സെന്റർ, ആക്ടീവ് ഫിറ്റ്നെസ്സ് സെന്റർ എന്നീ പേരുകളിൽ രണ്ട് ജിംനേഷ്യം/ഫിറ്റ്നെസ്സ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ആദ്യ കെട്ടിടത്തിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 പ്രകാരം വസ്തു നികുതി, ഇവയ്ക്ക് രണ്ടിനും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന നടത്തിപ്പുകാരന്റെ തൊഴിൽ നികുതി, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 236 എന്നിവ പ്രകാരം ലൈസൻസ് ഫീ എന്നിവ പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ഡിമാൻഡ് ചെയ്തു ഈടാക്കിയിരുന്നില്ല. പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് അതത് കെട്ടിടങ്ങളുടെ മേൽക്കൂര ജി.ഐ ഷീറ്റ് മേഞ്ഞ് മറച്ചാണ്. 2019-കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമാണ) ചട്ടങ്ങളിലെ ചട്ടം 74(1) -ൽ പരാമർശിക്കുന്നത് ഒരു വ്യക്തി സ്വന്തം പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്ന 3 നിലകൾ വരെയുള്ള കെട്ടിടത്തിന് കാലാവസ്ഥാ സംരക്ഷണത്തിനായി ഷീറ്റ് ഉപയോഗിച്ച് 2.4 മീറ്ററിൽ മേൽക്കൂര നിർമിക്കുന്നതിനുള്ള വ്യവസ്ഥ സംബന്ധിച്ചാണ്. അത്തരം നിർമാണങ്ങളുടെ വസ്തു നികുതി ഈടാക്കുന്നതിനെതിരെയാണ് കോടതി പരാമർശമുണ്ടായിട്ടുള്ളതും. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് വാണിജ്യ ആവശ്യങ്ങൾക്കുപയോഗിക്കുന്ന ഒന്നിലധികം നിലകളുള്ള കെട്ടിടത്തിന്റെ മുകളിലായതിനാൽ ചട്ടപ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്തതാണ്.

ടി സ്ഥാപനങ്ങളെ ലൈസൻസ്, നികുതി പരിധിയിൽപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 പ്രകാരം കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.09/11.07.2025) 14.07.2025-ൽ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആക്ടീവ് ഫിറ്റ്നെസ്സ് സെന്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ച് 6/630 എന്ന നമ്പർ അനുവദിച്ച് നൽകിയിട്ടുള്ളതാണെന്നും, സ്ഥാപന നടത്തിപ്പുകാരന്റെ തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കുന്നതിനായി നോട്ടീസ് നൽകി തുടർ നടപടി സ്വീകരിക്കുന്നതുമാണെന്നും അറിയിച്ചിട്ടുണ്ട്. ഓസോ ഫിറ്റ്നെസ്സ് സെന്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്ന ഹോളിമാഗി ഫൊറോനാ ചർച്ചിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് നോട്ടീസ് നൽകി വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിൽ പ്രസ്തുത കെട്ടിടത്തിന്റെ ഏതൊക്കെ നിലകൾക്കാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്നത് സംബന്ധിച്ച് വ്യക്തതയില്ല. കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും വസ്തു നികുതി നിർണ്ണയിച്ച ശേഷം അധിക നിർമ്മാണം നടത്തിയിട്ടുള്ള ഓസോ ഫിറ്റ്നെസ്സ് സെന്റർ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള ഭാഗങ്ങളിൻമേൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235 , 2019-ലെ കേരള പഞ്ചായത്തി രാജ് (കെട്ടിട നിർമ്മാണ) ചട്ടങ്ങളിലെ ചട്ടം 89, 90 എന്നിവ പ്രകാരം തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-14 അനധികൃത നിർമ്മാണങ്ങൾ നികുതിയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2023 ലെ സ.ഉ. (കൈ) നം.77/2023 നമ്പർ ഉത്തരവിലൂടെ ഗ്രാമപഞ്ചായത്തിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കിനിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. വസ്തു നികുതി നിർണ്ണയത്തിനു ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ, ഉപയോഗ ക്രമത്തിലോ വരുന്ന മാറ്റങ്ങൾ ഉടമ രേഖാമൂലം അറിയിക്കേണ്ടതുണ്ട്. ഇപ്രകാരം ചെയ്യാത്ത പക്ഷം സെക്രട്ടറിക്ക് പിഴ ഈടാക്കാവുന്നതാണെങ്കിലും 2023 മെയ് 15 നകം വിവരം അറിയിച്ചിട്ടുള്ള കെട്ടിട ഉടമകളെ ടി ഉത്തരവിലെ ക്രമ നം.7 വ്യവസ്ഥ പ്രകാരം പിഴയിൽ നിന്നും ഒഴിവാക്കിയിരുന്നു. ഇപ്രകാരം വെള്ളാവൂർ ഗ്രാമപഞ്ചായത്തിൽ 52 കെട്ടിട ഉടമകളാണ് 2023 മെയ് 15 നകം റിട്ടേൺ സമർപ്പിച്ചിരുന്നത് . എന്നാൽ പ്രസ്തുത റിട്ടേൺ സമർപ്പിച്ചിട്ടുള്ള കെട്ടിടങ്ങളിൽ പോലും ഫീൽഡ്തല പരിശോധനകൾ നടത്തുകയോ വിവരം സോഫ്റ്റ് വെയറിൽ ചേർക്കുകയോ ചെയ്തിട്ടില്ല. അധിക നിർമ്മാണങ്ങൾ നികുതിയുടെ പരിധിയിൽ ഉൾപ്പെടാത്തത് വരുമാന ചോർച്ചയ്ക്ക് കാരണമാകുന്നുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി നിയമിക്കുന്ന ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ച നിരക്ക് അപര്യാപ്തമാണെങ്കിൽ ടി വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും സ്വീകരിക്കേണ്ട തുടർ നടപടി സംബന്ധിച്ച് വ്യക്തത വരുത്തി ഫീൽഡ് തല പരിശോധന കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ

ത്വരിതപ്പെടുത്തേണ്ടതുമാണ്. 2019-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ )ചട്ടങ്ങൾ, ചട്ടം 21 (1) അനുസരിച്ച്, രണ്ടു നില വരെയുള്ള താമസാവശ്യ കെട്ടിടങ്ങൾ, 50 ചതുരശ്ര മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, മതപരമായ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ഗ്രൂപ്പ് ജി 2, ഗ്രൂപ്പ് ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങൾ- ഇവ ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിലും, 21 (2) പ്രകാരം ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിന് ശേഷം എല്ലാ കെട്ടിടങ്ങളിലും സെക്രട്ടറിക്ക് പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താവുന്നതുമാണ്. ഇപ്രകാരം പരിശോധനകൾ നടത്തി റവന്യൂ നഷ്ടം ഒഴിവാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-15 സമാന ഉപയോഗ ക്രമമുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണയിച്ച് നികുതി ഈടാക്കുന്നു**

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണയ രേഖകൾ പരിശോധിച്ചതിൽ ഒരേ ഉപയോഗക്രമത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണയിച്ചതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപയോഗ ക്രമം | അടിസ്ഥാന വസ്തു നികുതി നിരക്ക് | ഉപയോഗം |
|---|---|---|---|---|
| 08/20 | 290 ച.മീ | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 20 രൂപ | മോഡേൺ വുഡ്സ്, തടി മിൽ |
| 06/185 | 70 ച.മീ | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 20 രൂപ | പി.കെ ഹോളോ ബ്രിക്സ് |

സമാന രീതിയിൽ തടിമിൽ പ്രവർത്തിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുള്ള 13/157 നമ്പർ കെട്ടിടത്തിന് **ഇതര വ്യവസായങ്ങൾ** എന്ന ഗണത്തിൽപ്പെടുത്തി 43 രൂപ നിരക്കിലാണ് വസ്തു നികുതി നിർണയിച്ച് ഈടാക്കി വരുന്നത്. ഇതേ ഉപയോഗക്രമമുള്ള ,തടിമിൽ, ഹോളോ ബ്രിക്സ് യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്ന മേൽപരാമർശിത കെട്ടിടങ്ങൾക്ക് ഇതര വ്യവസായങ്ങൾ എന്ന ഗണത്തിൽപ്പെടുത്തി 43 രൂപ നിരക്കിൽ വസ്തു നികുതി നിർണയിക്കുന്നതിന് പകരം വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന ഗണത്തിൽപ്പെടുത്തി 20 രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കി വന്നതുമൂലം വരുമാനത്തിൽ കുറവ് സംഭവിക്കുന്നുണ്ട്. സമാന ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്ക് നിശ്ചയിച്ച് നികുതി ഈടാക്കുന്ന നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.08/11.07.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. സമാന ഉപയോഗക്രമമുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണയിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

**1-16 ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല**

1996-ലെ കേരളാ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട യാതൊരു സ്ഥലവും 1-ാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് ലൈസൻസ് കൂടാതെയും ആയതിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയും ഉപയോഗിക്കാൻ പാടില്ല. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ വിവിധ വ്യാപാര ആവശ്യങ്ങൾക്കായി ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ/സ്ഥലങ്ങൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾപോലും തൻവർഷം സ്ഥാപനങ്ങൾ നടത്തുന്നതിലേക്കാവശ്യമായ ലൈസൻസ് എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | വ്യക്തിയുടെ പേര് | മുറി-പ്ലോട്ട് നമ്പർ |
|---|---|---|
| 1 | ടോമി കുരുവിള | മണിമല ഷോപ്പിംഗ് കോംപ്ലക്സ്, റൂം നമ്പർ 1 |
| 2 | വി.ടി. സുരേഷ് | മണിമല ഷോപ്പിംഗ് കോംപ്ലക്സ്, റൂം നമ്പർ 4 |
| 3 | ജോസഫ് പി.ടി | മൂങ്ങാനി ഷോപ്പിംഗ് കോംപ്ലക്സ്, റൂം നമ്പർ 1 |

| | | |
|---|---|---|
| 4 | സിജോമോൻ കെ.എസ്. | മൂങ്ങാനി ഷോപ്പിംഗ് കോംപ്ലക്സ്, റൂം നമ്പർ 2 |
| 5 | വിശ്വകുമാർ | മൂങ്ങാനി ഷോപ്പിംഗ് കോംപ്ലക്സ്, റൂം നമ്പർ 4 |
| 6 | കെ.സി. അനിൽകുമാർ | മണിമല മിനി ഷോപ്പിംഗ് സെൻ്റർ 1 |
| 7 | നിർമ്മല എസ്.നായർ | മണിമല മിനി ഷോപ്പിംഗ് സെൻ്റർ 2,3 |
| 8 | സന്തോഷ് കുമാർ | കരിമ്പാനി പടി വെയിറ്റിംഗ് ഷെഡ് |
| 9 | രതീഷ്കുമാർ എ.എസ്. | വെള്ളാവൂർ ഷോപ്പിംഗ് കോംപ്ലക്സ്, റൂം നമ്പർ 1 |
| 10 | ശ്രീജിത്ത് വി. | വെള്ളാവൂർ ഷോപ്പിംഗ് കോംപ്ലക്സ്, റൂം നമ്പർ 4,5 |
| 11 | മോഹനൻ പി. പി. | കുളത്തൂർമൂഴി വെയിറ്റിംഗ് ഷെഡ് റൂം നമ്പർ .2 |
| 12 | റെജിമോൻ എം.വി. | കുളത്തൂർമൂഴി വെയിറ്റിംഗ് ഷെഡ് റൂം നമ്പർ .1 |
| 13 | അബ്ദുൾ അസീസ് | പ്ലോട്ട് നം . 2 |
| 14 | കാഞ്ചന | പ്ലോട്ട് നം . 4 |
| 15 | ഷാജി പി.ജെ | പ്ലോട്ട് നം . 6 |
| 16 | എം.കെ. സുരേന്ദ്രൻ | പ്ലോട്ട് നം . 7 |
| 17 | ആന്റണി തോമസ് | പ്ലോട്ട് നം . 8 |

മേൽ സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാത്തത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( നം. 07/11.07.2025) 14.07.2025-ൽ ലഭ്യമാക്കിയ മറുപടിയിൽ തൻവർഷം ലൈസൻസ് എടുക്കാത്തവർക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളെ 1996-ലെ കേരളാ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഹരിത കർമ്മ സേന മാലിന്യ ശേഖരണം നടത്തുന്ന സ്ഥാപനങ്ങളുടെ പട്ടിക വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഹരിതമിത്രം പോർട്ടലിൽ നിന്നും ലഭ്യമാക്കിയതിൽ 469 കടകൾ, 18 ഹോട്ടലുകൾ, 14 മത്സ്യ-മാംസ സ്റ്റാളുകൾ, 9 സലൂണുകൾ, എന്നിങ്ങനെ 500 ൽ അധികം സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം പഞ്ചായത്തിന്റെ പരിധിയിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളത് 321 സ്ഥാപനങ്ങൾക്കാണ്. പഞ്ചായത്തിന്റെ ആസ്തികളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെപ്പോലും പൂർണ്ണമായി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കാത്തതും ഒട്ടനവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതും ഫീൽഡ് തല പരിശോധനകളുടെ അഭാവം മൂലമാണ്. പരിശോധനകൾ ഊർജ്ജിതമാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-17 റേഷൻ കടകൾക്ക് തൻവർഷം ലൈസൻസ് നൽകുകയോ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല**

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (2017-ൽ ഭേദഗതി വരുത്തിയത്) 3-ാം ചട്ടത്തിന് കീഴിലുള്ള പട്ടിക ഒന്നിൽ വരുന്ന ഇനമാണ് റേഷൻ കടകൾ. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ (സി.എസ്.)എ9-764/2019 നമ്പർ ഉത്തരവിൽ റേഷൻ കടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്നത് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് തൻവർഷം ലൈസൻസ് അനുവദിച്ച് നൽകുകയോ, അവയിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/11-7-25) 14.07.2025ൽ ലഭ്യമാക്കിയ മറുപടിയിൽ തൻവർഷം ലൈസൻസ് എടുക്കാത്തവർക്ക് നോട്ടീസ് നൽകി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളെ 1996-ലെ കേരളാ പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി ലൈസൻസിന്റെ പരിധിയിൽ

കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-18 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട സ്ഥലത്തിന്റെ അവകാശം കുത്തകക്കാരൻ വിൽപത്രം മുഖേന അനന്തരാവകാശിക്ക് കൈമാറി**

മണിമല ബസ് സ്റ്റാന്റ് , മണിമല- കറുകച്ചാൽ പി.ഡബ്ല്യു .ഡി റോഡ് എന്നിവയ്ക്ക് തെക്കു വശത്തായും മണിമലയാറിനു വടക്കു വശത്തായും സ്ഥിതി ചെയ്യുന്നതും വെള്ളാവൂർ വില്ലേജ്, ബ്ലോക്ക് നം.27, റീസർവ്വേ നം.335-ൽപ്പെടുന്നതുമായ ഗ്രാമപഞ്ചായത്തുവക പുറമ്പോക്ക് ഭൂമി അനധികൃതമായി കൈയ്യേറി കച്ചവടം ചെയ്ത് വന്നിരുന്ന എട്ട് വ്യക്തികളെ അവിടെനിന്ന് ഒഴിപ്പിച്ച്, സ്ഥലം വീണ്ടെടുത്ത് കൈവശപ്പെടുത്താൻ ഭരണസമിതി 29.06.1996-ലെ യോഗത്തിൽ തീരുമാനമെടുത്തിരുന്നു (തീരുമാന നം.I). പ്രസ്തുത സ്ഥലം നിലവിലെ കൈയ്യേറ്റക്കാർ സ്വമേധയാ ഒഴിയുന്നപക്ഷം പുറമ്പോക്കിന്റെ പടിഞ്ഞാറുഭാഗത്ത് തൊട്ടിയിൽ സുരേന്ദ്രൻ എന്ന വ്യക്തിയുടെ സ്ഥലത്തോടുചേർന്ന് പി.ഡബ്ല്യു.ഡി റോഡിൽനിന്ന് പുഴ വരെയുള്ള 20 മീറ്റർ നീളമുള്ള സ്ഥലം റോഡിന്റെ പരിധിവിട്ട് 05 മീറ്റർ വീതിയിൽ തെക്കു-വടക്ക് 08 പ്ലോട്ടുകളായി നറുക്കെടുപ്പിലൂടെ ക്രമം നിശ്ചയിച്ചും വാടക നിർണയിച്ചും അനുവദിച്ചു കൊടുക്കാനും പ്രസ്തുത യോഗത്തിൽ നിശ്ചയിക്കുകയുണ്ടായി. (തീരുമാന നം. I (A)). ഇപ്രകാരം അനുവദിക്കുന്ന സ്ഥലത്ത് സ്ഥിരം സ്വഭാവമുള്ള കെട്ടിടങ്ങളോ എടുപ്പുകളോ നിർമിക്കുവാനോ, കൊടി-ചമയങ്ങൾ വെച്ചുപിടിപ്പിക്കാനോ, കൈമാറ്റം ചെയ്യുവാനോ, താമസിക്കാനോ അനുവാദമില്ലാത്തതാണെന്നും തീരുമാനത്തിൽ വ്യവസ്ഥ ചെയ്തിരുന്നു.



വെള്ളാവൂർ ഗ്രാമപഞ്ചായത്തിലെ ഏറ്റവുമധികം വാണിജ്യ പ്രാധാന്യമുള്ള മേഖലയാണ് മണിമല ബസ് സ്റ്റാന്റും അതിന്റെ പരിസരവും. അതിന്റെ സമീപമുള്ള പ്രസ്തുത പ്ലോട്ടുകളിൽ താത്ക്കാലിക ഷെഡുകൾ നിർമിച്ച് കച്ചവടം ചെയ്യുവാനുള്ള ഗ്രാമപഞ്ചായത്തിന്റെ അനുവാദം മുതലാക്കി 29.06.1996-ലെ ഭരണസമിതി തീരുമാനങ്ങൾ പൂർണമായും ലംഘിച്ച് റോളിംഗ് ഷട്ടറോടുകൂടി സ്ഥിരംസ്വഭാവമുള്ള കെട്ടിടങ്ങൾ നിർമിച്ചാണ് കുത്തകക്കാർ വ്യാപാരം ചെയ്തുവരുന്നത്. അതിലുൾപ്പെട്ട 5-ാം നമ്പർ പ്ലോട്ടിന്റെ (25 ച. മീ സ്ഥലം) കുത്തകക്കാരനായ ശ്രീ ഭാസ്കരൻപിള്ള, കിഴക്കേപ്പറമ്പിൽ, കടയനിക്കാട് എന്ന വ്യക്തി തന്റെ കുത്തകാവകാശം വിൽപത്രത്തിലൂടെ മകനു കൈമാറുന്ന സാഹചര്യവും ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽപ്പെട്ടു. 23-02-2024-ലാണ് 89-കാരനായ ശ്രീ. ഭാസ്കരൻപിള്ള മരണപ്പെട്ടത്. ഇതിനു മുൻപായി 23-10-2023-ൽ കറുകച്ചാൽ രജിസ്ട്രാർ ഓഫീസിലെ 153-ാം നമ്പരായി രജിസ്റ്റർ ചെയ്ത വിൽപത്രത്തിലൂടെ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പ്ലോട്ടിൽ നിർമ്മിച്ച ഷീറ്റിട്ട മേൽക്കൂരയും രണ്ട് ഷട്ടറോടും കൂടിയ കടമുറിയും, അതിലെ ഇലക്ട്രിക്കൽ ഫിറ്റിംഗുകളും, ഇലക്ട്രിക് കണക്ഷന്റെ ഉടമസ്ഥാവകാശവുമാണ് വാടക സംഖ്യ ഒടുക്കിയും വ്യാപാരം ചെയ്തും സർവ സ്വാതന്ത്ര്യമായി അനുഭവിക്കുന്നതിന് മകനായ ശ്രീ. കെ. പ്രകാശിന്റെ പേരിൽ വിൽപത്രം തയ്യാറാക്കി നൽകിയത്. 23-02-2024-ൽ കുത്തകക്കാരൻ മരണപ്പെട്ടെങ്കിലും അത് മറച്ചുവെച്ച് ഭാസ്കരൻപിള്ളയെന്ന പേരിൽത്തന്നെ 2024-25-ലെ വ്യാപാര ലൈസൻസിന് അപേക്ഷ സമർപ്പിക്കപ്പെട്ടു. (നം. 1046/13.03.2024) . കടമുറിയുടെ മേൽക്കൂരയിൽ പ്രദർശിപ്പിച്ചിട്ടുള്ള ബോർഡിൽ പരാമർശിക്കുന്ന ജീസസ് ഫിഷറീസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാണ് ലൈസൻസ് ആവശ്യപ്പെട്ടത്. അതിൽ നടപടി ഉണ്ടാകാതിരുന്നതിനെത്തുടർന്ന് വിൽപത്രം, മരണസർട്ടിഫിക്കറ്റ്, ജീവനക്കാരുടെ ഹെൽത്ത് കാർഡ്, ആരോഗ്യവകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം എന്നിവയുടെ പകർപ്പുകൾ സഹിതം ശ്രീ. പ്രകാശ് സ്വന്തം പേരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. എന്നാൽ ശ്രീ. പ്രകാശിന്റെ സഹോദരനായ ശ്രീ. സുധാകരൻ പ്രസ്തുത വിൽപ്പത്രത്തിൽ ആക്ഷേപമുന്നയിക്കുകയും അവകാശം ഏകപക്ഷീയമായി കരസ്ഥമാക്കിയതിനാൽ ലൈസൻസ് അനുവദിക്കരുതെന്ന് സെക്രട്ടറിയോട് അപേക്ഷിക്കുകയും ചെയ്തതിനാൽ വിഷയം വിശദ ചർച്ചകൾക്ക് ഭരണസമിതിയോഗ

അജൻഡയായി ഉൾപ്പെടുത്തി . 20.05.2024- ലെ യോഗത്തിൽ വിഷയം ചർച്ച ചെയ്ത ഭരണസമിതി വിൽപ്പത്രത്തിന്റെ സാധുതയെപ്പറ്റി സംശയമുന്നയിക്കുകയും സ്പഷ്ടീകരണത്തിന് കറുകച്ചാൽ സബ്‌രജിസ്ട്രാർക്ക് കത്ത് നൽകാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ( 20-05-2024 ലെ 7(1) നം. തീരുമാനം). സെക്രട്ടറിയുടെ 01-06-2024-ലെ എസ്.സി.2-1046/2024 നമ്പർ കത്തിന് സബ് രജിസ്ട്രാർ മറുപടി നൽകിയിട്ടുണ്ട്. 19-06-2024 ലെ 131/24 നം. കത്തിൽ "1908 ലെ രജിസ്ട്രേഷൻ ആക്ട് പ്രകാരം ഒരാൾക്ക് സിദ്ധിച്ചതോ മേലിൽ സിദ്ധിക്കാവുന്നതോ ആയ ഏതൊരു അവകാശവും കാലശേഷം ഏത് പ്രകാരം നടപ്പിൽ വരുത്തണമെന്ന ആഗ്രഹത്തെ വിൽപത്രത്തിലൂടെ എഴുതി വയ്ക്കാവുന്നതാണ്" എന്നാണ് സബ് രജിസ്ട്രാർ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ രജിസ്ട്രാർ നൽകിയിട്ടുള്ള സ്പഷ്ടീകരണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രസ്തുത നിയമത്തിലോ 1968 ലെ ചട്ടങ്ങളിലോ ഉള്ളതായി ബോധ്യപ്പെട്ടിട്ടില്ല.

5-ാം നമ്പർ പ്ലോട്ടിന്റെ ആദ്യ കുത്തകക്കാരനായ ശ്രീ. ഭാസ്കരൻ പിള്ളയുടെ അനന്തരാവകാശികൾക്കിടയിൽ തർക്കമുണ്ടാവുകയും വിൽപ്പത്രത്തിന്റെ നിയമസാധുത സംബന്ധിച്ച് അവ്യക്ത നിലനിൽക്കുകയും ചെയ്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് യഥാസമയം ലൈസൻസ് പുതുക്കി നൽകിയില്ല. ഇതിൽ പ്രതിഷേധിച്ച് ശ്രീ. പ്രകാശ് കെ. ഗ്രാമപഞ്ചായത്തിനെതിരായി ചങ്ങനാശ്ശേരി മുൻസിഫ് കോടതിയിൽ 23-09-2024 ൽ 271-ാം നമ്പരായി കേസ് ഫയൽ ചെയ്തു. 2012-ലും ഗ്രാമപഞ്ചായത്തിനെ എതിർകക്ഷിയാക്കി ശ്രീ ഭാസ്കരൻപിള്ള കേസ് നൽകിയിരുന്നു. (OS 74/2012). ഇതിന്മേൽ 12.07.2013-ൽ ഉണ്ടായ രാജി ഹർജിയിൽ സമ്മതിച്ചിരുന്ന "വാടക പുതുക്കി നൽകുവോളം പ്ലോട്ടിൽനിന്ന് ഒഴിപ്പിക്കില്ലായെന്ന" വ്യവസ്ഥ തുടർന്നും ബാധകമാക്കണമെന്നും ലൈസൻസ് പുതുക്കി നൽകാൻ ഗ്രാമപഞ്ചായത്തിന് നിർദ്ദേശം നൽകണമെന്നുമാണ് നിലവിലെ കേസിലും നിവൃത്തികളായി ആവശ്യപ്പെട്ടിട്ടുള്ളത്. കേസ് വാദം കേട്ട് കോടതി 25.09.2024-ൽ താത്ക്കാലിക ഇൻജംഗ്ഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേസിൽ ഗ്രാമപഞ്ചായത്ത് അഭിഭാഷകൻ മുഖേന ഹാജരായി തുടർനടപടി സ്വീകരിച്ചു വരുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് അനധികൃതമായി കൈയ്യേറിയ വ്യക്തികൾക്ക് അതിന്മേൽ നിയമപരമായ യാതൊരു അവകാശവും സിദ്ധിച്ചു കിട്ടാൻ അവകാശമില്ലായെങ്കിലും വിഷയത്തിൽ മാനുഷിക പരിഗണന മുൻനിർത്തിയാണ് 1996-ൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അവിടെ നിന്ന് സ്വമേധയാ ഒഴിയുന്നതിന് പ്രത്യേക പ്ലോട്ട് നാമമാത്ര പ്രതിമാസ വാടക നിരക്കിൽ അനുവദിക്കാൻ തീരുമാനിച്ചത്. കേവലം ₹50/-, ₹100/- നിരക്കിൽ പ്രതിമാസ തറവാടകയ്ക്ക് അനുവദിച്ച പ്ലോട്ടിൽ താത്ക്കാലിക ഷെഡുകൾ മാത്രം നിർമിക്കാൻ അനുമതിയുണ്ടായിരിക്കെ സ്ഥിര സ്വഭാവമുള്ള ഷട്ടർമുറികളാണ് കുത്തകക്കാർ നിർമിച്ചിട്ടുള്ളത്. ഇത്തരത്തിലുള്ള നിർമാണം ഒരു ദിവസമോ, ഏതാനും ദിവസങ്ങളോ കൊണ്ട് പൂർത്തിയാക്കാനാവില്ലായെന്നതിനാൽ കെട്ടിട നിർമാണ ചട്ടങ്ങൾ നിലവിലുള്ള ഗ്രാമപഞ്ചായത്തിന്റെ ഹൃദയത്തിൽ നടന്ന അനധികൃത നിർമാണം അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടില്ലായെന്നത് ഒട്ടുംതന്നെ വിശ്വസനീയമായ വസ്തുതയല്ല. ഗ്രാമപഞ്ചായത്തിലെ കാലാകാലങ്ങളിലുള്ള ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും മൗനാനുവാദത്തോടെയോ സമ്മതത്തോടെയോ അല്ലാതെ 08 പ്ലോട്ടുകളിലെയും കുത്തകക്കാർക്ക് ഗുരുതരമായ വ്യവസ്ഥാ ലംഘനം നടത്തി 30 വർഷത്തോളം കഴിയാനാകില്ലായെന്നത് വ്യക്തമാണ്. പ്രസ്തുത കടമുറികൾക്ക് കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആസ്തിയുടെ കുത്തകാവകാശം തെറ്റായ മാർഗത്തിലൂടെ കൈവശപ്പെടുത്താൻ വളരെ ബോധപൂർവമായ ശ്രമം നടത്തുമ്പോഴും ഗ്രാമപഞ്ചായത്തിന് കോടതി വ്യവഹാരം നടത്താനുള്ള റവന്യൂ പോലും പ്രസ്തുത എട്ട് പ്ലോട്ടുകളിൽനിന്നും ലഭിക്കുന്നില്ലായെന്ന വസ്തുത വേറിട്ട് കാണേണ്ടതാണ്. തൻവർഷ തറവാടക ഡിമാന്റ് തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്ലോട്ട് നം | കുത്തകക്കാരന്റെ പേര് | പ്രതിമാസ തറവാടക |
|---|---|---|
| 1 | ശ്രീ. എൻ.ടി മാത്യു | 315 |
| 2 | ശ്രീ. അബ്ദുൾ അസീസ് | 156 |
| 3 | ശ്രീ. ഗോപാലകൃഷ്ണൻനായർ | 156 |
| 4 | ശ്രീമതി കാഞ്ചന | 156 |
| 5 | (ശ്രീ. ഭാസ്കരൻപിള്ള- മുൻകുത്തകക്കാരൻ) | -- |
| 6 | ശ്രീ. ഷാജി.പി.ജെ | 162 |
| 7 | ശ്രീ. എം.കെ.സുരേന്ദ്രൻ | 157 |
| 8 | ശ്രീ. ആന്റണി തോമസ് | 158 |
| പ്രതിമാസ ഡിമാന്റ് | | 1260/- |

ആകെയുള്ള എട്ട് പ്ലോട്ടുകളിൽനിന്നുള്ള പ്രതിമാസ വരുമാനം തുച്ഛമായ 1260/- രൂപയായിരിക്കെ അതിന് സമീപമായി

സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക ആയ്യായിരത്തോളവും കർഷക വിപണനകേന്ദ്രം മുറികളുടേത് പതിനായിരത്തിലധികവുമാണെന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന്റെ റവന്യൂ വരുമാനത്തിൽ കാര്യമായ യാതൊരു സംഭാവനയും നൽകാതെ, അനധികൃത കയ്യേറ്റം നടത്തിയ വ്യക്തികൾക്ക് മുപ്പതു വർഷത്തോളം തങ്ങളുടെ വ്യാപാരം തുടർന്നു കൊണ്ടുപോകാൻ ഭരണസമിതി തീരുമാനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട കരാറിലെ ഏറ്റവും പ്രധാനപ്പെട്ട വ്യവസ്ഥ (സ്ഥിര സ്വഭാവമുള്ള കെട്ടിടം നിർമിക്കില്ലായെന്ന വ്യവസ്ഥ) ലംഘിച്ച് ഷട്ടറോടുകൂടി കടമുറികൾ നിർമിച്ച സാഹചര്യത്തിൽ നിലവിലെ കുത്തകക്കാരുടെ അവകാശം സംരക്ഷിക്കേണ്ട യാതൊരു ബാധ്യതയും ഗ്രാമപഞ്ചായത്തിനില്ലാത്തതാണ്. ആകയാൽ അവർക്ക് ഗ്രാമപഞ്ചായത്തിന്റെ മറ്റ് കുത്തകക്കാർക്ക് ബാധകമായ നിരക്കിൽ വാടക നിശ്ചയിച്ച് നൽകാനും വിസമ്മതമുള്ളവരെ നിയമാനുസൃത നടപടികളിലൂടെ ഒഴിപ്പിക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

കുത്തകക്കാരൻ മരണപ്പെടുന്ന സാഹചര്യത്തിൽ പ്ലോട്ട് തിരികെയെടുക്കുകയോ യഥാർത്ഥ അവകാശിയുടെ അപേക്ഷയിൻമേൽ, അയാളുടെ കുടുംബ -സാമ്പത്തിക പശ്ചാത്തലം വിലയിരുത്തി കുത്തകാവകാശം തുടർന്നും അനുവദിക്കണമോയെന്നും തീരുമാനമെടുക്കേണ്ട വിവേചനാധികാരം ഭരണസമിതിയിൽ മാത്രം നിക്ഷിപ്തമായിരിക്കെ അത് തെറ്റായ മാർഗത്തിലൂടെ കരസ്ഥമാക്കാൻ ശ്രമിക്കുകയും ഗ്രാമപഞ്ചായത്തിനെ അകാരണമായി കോടതി വ്യവഹാരത്തിലേക്ക് വലിച്ചിഴയ്ക്കുകയും ചെയ്ത നടപടി ഒട്ടുംതന്നെ അംഗീകരിക്കാവുന്നതല്ല. ആകയാൽ കൃത്യമായ വസ്തുതകൾ കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അനുകൂലമായ വിധി നേടേണ്ടതും സ്ഥലം അനധികൃത കൈവശത്തിൽനിന്ന് ഒഴിപ്പിച്ചെടുക്കേണ്ടതുമാണ്.

തറ വാടക കുത്തകക്കാർ പാലിക്കേണ്ട വ്യവസ്ഥകളടങ്ങുന്ന ബൈലോ നിലവിലില്ല. തൻവർഷ തറവാടക കരാറുകൾ പരിശോധിച്ചതിൽ, 1996 മുതൽ തുടരുന്ന കുത്തകക്കാർക്ക് ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലെക്സ് നിർമ്മിക്കുന്ന മുറയ്ക്ക് ലേല നടപടികളിൽ ഇളവ് നൽകി കടമുറികൾ അനുവദിക്കാനുള്ള വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. അനധികൃതമായി ഗ്രാമപഞ്ചായത്ത് വക സ്ഥലം കൈയ്യേറിയ വ്യക്തികൾക്ക് മുപ്പതു വർഷത്തോളം സംരക്ഷണം നൽകിയിട്ടും ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താത്പര്യം ഹനിക്കുന്ന രീതിയിൽ അവരുടെ അവകാശം തുടർന്നും സ്ഥിരീകരിക്കുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. ആകെ പത്തു കടമുറികളുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമാണമാണ് നിലവിൽ പുരോഗമിക്കുന്നത്. അതിലുള്ള എട്ടെണ്ണം പ്രസ്തുത വ്യക്തികൾക്ക് ലേല വ്യവസ്ഥകൾ ഇളവു ചെയ്ത് അനുവദിക്കുന്ന പക്ഷം റവന്യൂ വരുമാനത്തിലുണ്ടാകാവുന്ന വർദ്ധനവ് എത്രയെന്ന് ഊഹിക്കാവുന്നതേയുള്ളൂ. സ്വതവേ തനതു വരുമാനം വളരെ പരിമിതമായ ഗ്രാമപഞ്ചായത്ത് വൻതുക വകയിരുത്തിയാണ് ഷോപ്പിംഗ് കോംപ്ലക്സ് നിർമിക്കുന്ന പ്രോജക്റ്റ് ഏറ്റെടുത്തിട്ടുള്ളത്. അത് നിർമിക്കപ്പെടുന്ന സ്ഥലത്തിന്റെ വാണിജ്യ സാധ്യത വിലയിരുത്തി നിക്ഷേപത്തുകയുടെ അടിസ്ഥാനത്തിൽ മത്സര സ്വഭാവത്തോടെ ലേലം ചെയ്തു കൈയ്യൊഴിയുന്ന പക്ഷം ഗണ്യമായ തുക ദീർഘകാല ജാമ്യ നിക്ഷേപമായി ലഭിക്കുന്നതും അതു വിനിയോഗിച്ച് യാതൊരു ബാധ്യതയും കൂടാതെ തുടർന്നുള്ള നിലകളുടെ നിർമാണം പൂർത്തീകരിക്കാവുന്നതാണ്. അത്തരം സാധ്യതകൾ പരിഗണിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു. .

കുത്തകാവകാശത്തിന്റെ വിൽപ്പത്രത്തിലൂടെയുള്ള കൈമാറ്റം, കോടതി വ്യവഹാരത്തിലെ തീർപ്പ്, പുതിയ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ അനുവാദം തുടങ്ങിയ വിഷയങ്ങളിലെ തുടർ നടപടികളുടെ വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്.

### 1-19 വാടക വരവുകൾ- പൊതു അപാകതകൾ

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ, പ്ലോട്ട്, വെയ്റ്റിങ്ങ് ഷെഡ്, ടേക്ക് എ ബ്രേക്ക് തുടങ്ങിയ വാടക ഇനങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | മുറികൾ/പ്ലോട്ട് |
|---|---|---|
| 1. | മണിമല ഷോപ്പിങ്ങ് കോംപ്ലെക്സ് | 5 മുറികൾ |
| 2. | മണിമല മിനി ഷോപ്പിങ്ങ് സെന്റർ | 4 മുറികൾ |
| 3. | മൂങ്ങാനി ഷോപ്പിങ്ങ് സെന്റർ | 5 മുറികൾ |
| 4. | വെള്ളാവൂർ ഷോപ്പിങ്ങ് സെന്റർ | 6 മുറികൾ |
| 5. | കരിമ്പാനിപ്പടി വെയ്റ്റിങ്ങ് ഷെഡ് | 1 മുറി |

| | | |
|---|---|---|
| 6. | കുളത്തുർമൂഴി വെയ്റ്റിങ്ങ് ഷെഡ് | 2 മുറികൾ |
| 7. | എസ്.സി. കാർഷിക വിപണന കേന്ദ്രം, മണിമല | 8 മുറികൾ |
| 8. | ടേക്ക് എ ബ്രേക്ക്, മണിമല ടൗൺ | 1 മുറി |
| 9. | മണിമല ടൗണിലെ പ്ലോട്ടുകൾ | 8 എണ്ണം |
| 10. | ടെലിക്കമ്മ്യൂണിക്കേഷൻ പോളുകൾ(സ്ഥാപിക്കപ്പെട്ടത്) | 91 എണ്ണം |

2024-25 വാടക ഡിമാന്റ് രജിസ്റ്റർ ഇൻഡെക്സ് പ്രകാരം കെട്ടിടങ്ങളിൽ ആകെ 32 കടമുറികളും തറവാടകയ്ക്ക് നൽകുന്ന 8 പ്ലോട്ടുകളുമാണുള്ളത്. ഇവ കൂടാതെ മണിമലയിൽ 10 ഷട്ടർ മുറികളുള്ള ഷോപ്പിങ്ങ് കോംപ്ലെക്സ് കെട്ടിടം നിർമ്മാണത്തിലുമാണ്. വാടകയിനത്തിൽ തൻവർഷം 10 ലക്ഷത്തിലധികം രൂപ വാർഷിക ഡിമാന്റുണ്ട്. വാടക ഈടാക്കൽ നടപടികളിലെ അപാകതകൾ താഴെ വിവരിക്കുന്നു.

1. എസ്.സി. കാർഷിക വിപണന കേന്ദ്രം വാടക നടപടികൾ ക്രമീകരിക്കാൻ മാത്രമാണ് അംഗീകൃത ബൈലോ നിലവിലുള്ളത്. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള മറ്റ് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോഴുള്ള പൊതു വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ നിലവിലില്ല.
2. പഞ്ചായത്ത് ഫണ്ടിൽ 31-03-2025 ൽ നിലവിലുള്ള 2.11 ലക്ഷം രൂപ വാടക നിക്ഷേപത്തിന്റെ 95% തുകയും എസ്.സി. കാർഷിക വിപണന കേന്ദ്രത്തിലെ മുറികൾ കുത്തകയെടുത്തവരുടേതാണ്. നാല് മാസത്തെ വാടകക്ക് തുല്യമായ തുകയാണ് ടി കുത്തകക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നത്. മറ്റ് കെട്ടിടങ്ങളിലെ കുത്തകക്കാർ നിക്ഷേപരഹിതമായോ അല്ലെങ്കിൽ നാമമാത്ര നിക്ഷേപം ഒടുക്കിയോ മാത്രമാണ് തുടരുന്നത്. പര്യാപ്തമായ വാടക നിക്ഷേപം ഈടാക്കാത്ത പക്ഷം വാടക ഒടുക്കാതെ കുടിശിക വരുത്തുന്ന സാഹചര്യത്തിൽ വസൂലാക്കാൻ പഞ്ചായത്തിന് കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു.
3. സപ്ലൈകോ മാവേലി സ്റ്റോറിന് നൽകിയ മൂന്ന് മുറികൾ മൂങ്ങാനി ഷോപ്പിങ്ങ് സെന്റർ മുറി നം.VI-677, വെള്ളാവൂർ ഷോപ്പിങ്ങ് സെന്റർ മുറി നം.XI-178 & 179 എന്നിവ വാടക രഹിതമായി തുടരുന്നു. പ്രവർത്തനം ആരംഭിച്ച് രണ്ട് വർഷങ്ങളിലേറെ കഴിഞ്ഞിട്ടും മാവേലി സ്റ്റോറിന് വാടക ചുമത്താൻ നടപടികളായില്ല.
4. മൂങ്ങാനി ഷോപ്പിങ്ങ് സെന്ററിലെ ഒരു മുറി, എസ്.സി. കാർഷിക വിപണന കേന്ദ്രം VI-474 D2 എന്നീ രണ്ട് മുറികൾ 2024-25 ൽ പൂർണ്ണമായും ഒഴിഞ്ഞു കിടക്കുകയാണ്.

മേൽ വിവരിച്ച ബൈലോ, വാടക നിക്ഷേപം തുടങ്ങിയ വിഷയങ്ങളിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്. മാവേലി സ്റ്റോറിന്റെ വാടക നിശ്ചയിച്ച് ഈടാക്കാനും ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ ഫിറ്റ്നെസ് ഗ്രാമപഞ്ചായത്ത് LID & EW വിഭാഗം മുഖേന പരിശോധിച്ച് നവീകരണം ആവശ്യമെങ്കിൽ നടത്തി കൈയ്യൊഴിയാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 തൻവർഷ വാടക പൂർണമായും കുടിശികയാക്കി കാർഷിക വിപണന കേന്ദ്രത്തിൽ കുത്തകക്കാരൻ തുടരുന്നു

എസ്.സി. കാർഷിക വിപണന കേന്ദ്രത്തിലെ VI-474-D1 നം. മുറി കുത്തകയെടുത്ത സതീഷ് കെ., കല്ലോലിക്കുന്നേൽ, ഏറത്തുവടകര എന്ന വ്യക്തി 2024-25 വർഷത്തെ മുഴുവൻ വാടക തുകയും കുടിശിക വരുത്തിയതായി കാണുന്നു. മുൻ വർഷം 20-10-2023 മുതലാണ് 4,500/- രൂപ വാടക നിരക്കിൽ 18,000/- രൂപ വാടക നിക്ഷേപം ഒടുക്കി കുത്തകാവകാശം നേടിയത്. ഓരോ സാമ്പത്തിക വർഷവും 5% വർദ്ധനവോട് കൂടി 3 വർഷ കാലയളവിലേക്കാണ് കുത്തകക്കാരൻ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടത്. തുടർ വർഷമായ 2024-25 ൽ 5% വാടക വർദ്ധനവ് വരുത്തി 4,725/- രൂപ വാടക, 426/- രൂപ SGST, 426/- രൂപ CGST എന്നിങ്ങനെ പുതുക്കി നിശ്ചയിച്ചതായി വാടക ഡിമാന്റ് രജിസ്റ്ററിൽ കാണുന്നു. എന്നാൽ കുത്തകക്കാരൻ 2024-25 വർഷം തുകയൊന്നും ഒടുക്കാതെയാണ് തുടർന്നത്.

കുത്തകക്കാരന്റെ വാടക നിക്ഷേപമായ 18,000/- രൂപ പഞ്ചായത്ത് വാടകയിനത്തിൽ കണ്ടുകെട്ടിയതായും കാണുന്നില്ല. എസ്.സി. കാർഷിക വിപണന കേന്ദ്രത്തിന്റെ മാത്രമായുള്ള വാടക ബൈലോ [26-05-2022 ലെ PAN/3662 /2022-C9(DP)] വ്യവസ്ഥ 12 പ്രകാരം 4 മാസത്തെ വാടകയാണ് വാടക നിക്ഷേപമായി ഒടുക്കേണ്ടത്. മുൻവർഷത്തെ 4 മാസത്തെ വാടകയ്ക്ക് തുല്യമായ തുകയാണ് കുത്തകക്കാരന്റെ നിക്ഷേപമായി അവശേഷിക്കുന്നത്. വ്യവസ്ഥ 18 പ്രകാരം വാടക ഒടുക്കാതെ തുടരുന്ന കുത്തകക്കാരെ വാടക നിക്ഷേപം കണ്ടുകെട്ടിയ ശേഷം ഒഴിപ്പിക്കാനും ബൈലോ പ്രകാരം സാധ്യമാണ്. ഈ വിഷയത്തിലെ തുടർന്നടപടികളുടെ തത്സ്ഥിതി വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിനുള്ള (നം.10/2024-25/11-07-2025) മറുപടിയിൽ വാടക ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. 31-03-2025 വരെയുള്ള വാടക, GST, പിഴപ്പലിശ എന്നിവ ഈടാക്കി രേഖകൾ

പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**1-21 ടെലികമ്മ്യൂണിക്കേഷനുള്ള GI പോളുകളുടെ വാടക – GST ഒടുക്കിയതിന്റെ രേഖകൾ ലഭ്യമല്ല**

റോഡിൽ പിറ്റുകൾ നിർമിച്ച് പോളുകൾ സ്ഥാപിക്കുന്നതിന് Jio Digital Fibre Pvt. Ltd എന്ന സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് 02-11-2024 ൽ അനുമതി നൽകിയിരുന്നു. കുറ്റിക്കാട്ടുവളവ് - അടാമറ്റം റോഡിലെ 2.1 കിലോമീറ്ററിൽ 78 പോളുകളും 490 മീറ്ററിൽ 13 പോളുകളും ഉൾപ്പടെ ആകെ 91 പോളുകൾ സ്ഥാപിക്കാനാണ് അനുമതി നൽകിയത്. പിറ്റുകൾ കുഴിക്കുന്നതിന് 295,860/- രൂപ കട്ടിങ്ങ് ഫീസും ഈടാക്കി. ഒരു പോളിന് വാർഷികമായി 360/- രൂപ നിരക്കിൽ വാടക നിശ്ചയിച്ച് 2024-25 മുതൽ 2028-29 വരെയുള്ള 5 വർഷത്തേക്ക് വാർഷിക വർദ്ധനവ് 5% ഉൾപ്പടെ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ട്. വാടകയോടൊപ്പം 2017-ലെ ജി.എസ്.ടി നിയമപ്രകാരം ബാധകമായ GST യും ഒടുക്കാൻ നിർദ്ദേശിച്ചെങ്കിലും 18% GST തുക നേരിട്ട് ഫയൽ ചെയ്ത് രേഖകൾ ഹാജരാക്കുമെന്നാണ് സ്ഥാപനം അറിയിച്ചത്. വാടകയുടെയും ബാധകമായ GST യുടെയും വിവരം താഴെ ചേർക്കുന്നു.

| പോളുകൾ | 5 വർഷ വാടക | CGST(9%) | SGST(9%) |
|---|---|---|---|
| 78 എണ്ണം | 155,220/- | 13,970/- | 13,970/- |
| 13 എണ്ണം | 25,870/- | 2,329/- | 2,329/- |
| ആകെ | 181,090/- | 16,299/- | 16,299/- |

മേൽപറഞ്ഞ ഇടപാടുകളുടെ GST നേരിട്ട് ഫയൽ ചെയ്ത് രേഖകൾ 31-08-2024 ന് മുൻപായി ഹാജരാക്കുമെന്നാണ് Jio Digital Fibre Pvt. Ltd. 18-06-2024 ൽ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ വ്യക്തമാക്കിയത്. എന്നാൽ 32,598/- രൂപ GST കേന്ദ്ര-സംസ്ഥാന സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2024-25 മുതൽ 2028-29 വരെ 5 വർഷത്തേക്കുള്ള വാടക 181,090/- രൂപ 2024-25 വർഷത്തെ വാടക മാത്രം വരുമാനമായും തുടർന്നുള്ള വർഷങ്ങളിലേക്കുള്ളത് മുൻകൂർ തുകയായി ബാധ്യതയായും (Advance Income) അക്കൗണ്ട് ചെയ്ത ശേഷം അതാത് സാമ്പത്തിക വർഷമായിരുന്ന വരുമാനമായി ക്രമീകരിക്കപ്പെടേണ്ടിയിരുന്നതെങ്കിലും തുക പൂർണമായും തൻവർഷ വരുമാനമായാണ് ഗ്രാമപഞ്ചായത്ത് അക്കൗണ്ട് ചെയ്തത്.

GST ഒടുക്ക്, വാടക വരുമാന ക്രമീകരണം എന്നിവയിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/2024-25/10-07-2025) നൽകിയതിന് മറുപടി ലഭിച്ചില്ല. Jio Digital Fibre Pvt. Ltd. പഞ്ചായത്തിൽ സ്ഥാപിച്ച പോളുകളുടെ വാടക ഒടുക്കിയതിന് ആനുപാതിക GST ഒടുക്കി എന്ന് ഉറപ്പാക്കി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ 2025-26 മുതൽ 2028-29 വരെ 4 വർഷത്തേക്കുള്ള വാടക തൻവർഷ വരുമാനമാക്കിയത് Prior Period ആയി തിരികെ മുൻകൂർ വരുമാനമാക്കി മാറ്റേണ്ടതും അതത് വർഷം വരുമാനമായി ക്രമീകരിക്കേണ്ടതുമാണ്. നടപടികൾ പൂർത്തിക്കാക്കി വിശദമായ മറുപടി നൽകേണ്ടതാണ്.

**1-22 പഞ്ചായത്തിന്റെ വിവിധ ലേല വരുമാനങ്ങൾ കൃത്യമായി ക്രമീകരിച്ചില്ല**

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ തൻവർഷത്തെ പൊതു ലേല വരുമാനങ്ങളുടെ അക്കൗണ്ടിംഗ് ക്രമീകരണം യഥാവിധി നടത്താതിരുന്നതിനാൽ 31-03-2025-ൽ പ്രസ്തുത തുകകൾ ബാധ്യതാ കണക്കുകളിലാണ് നിലനിൽക്കുകയാണ്. പഞ്ചായത്ത് ലേലം ചെയ്യാനുണ്ടായിരുന്ന ഇനങ്ങളുടെ വിവരങ്ങൾ തൻവർഷ ലേല രജിസ്റ്ററിൽ ക്രോഡീകരിച്ചിട്ടുമില്ല. ലേല വരുമാനങ്ങളുടെ ക്രമീകരണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ ഊരുകൂട്ടം കെട്ടിട കോമ്പൗണ്ടിലുണ്ടായിരുന്ന പ്ലാവിൻതടി 09-08-2024-ൽ ലേലം ചെയ്തത് നൽകിയിരുന്നു. ശ്രീ. ബാബുരാജ്, പടിഞ്ഞാറേ പടിഞ്ഞാറ്റിൽ എന്ന വ്യക്തിയാണ് 7,600/- രൂപയ്ക്ക് ലേലം കൊണ്ടത്. എന്നാൽ ടിയാൻ ഒടുക്കിയ 3,800/- രൂപ മാത്രമാണ് ലേല വരുമാനമെന്ന ശീർഷകത്തിൽ പഞ്ചായത്ത് അക്കൗണ്ട് ചെയ്തത്. Auction Deposit ആയി 1240300701/09-08-2024 നം. രസീത് പ്രകാരം മുൻകൂർ ഒടുക്കിയ 3,800/- രൂപ വരുമാനമായി ക്രമീകരിക്കാതെ പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യതാ കണക്കുകളിലാണ് നിലനിൽക്കുന്നത്. പ്രസ്തുത ലേലം ഇടപാടിലെ വനം വികസന നികുതിയായി (Forest Development Tax-FDT) ലഭിച്ച 399/- രൂപ സർക്കാരിലേക്ക് ഒടുക്കേണ്ട ബാധ്യതയായി അക്കൗണ്ട് ചെയ്യേണ്ടതിന് പകരം Other Fees എന്ന ശീർഷകത്തിൽ റവന്യൂ വരുമാനമാക്കിയതിനാൽ ടി നികുതി ഒടുക്കാനും സാധിച്ചിട്ടില്ല.
2. മണിമല പോലീസ് സ്റ്റേഷന്റെ പരിസരത്തെ റബ്ബർ മരം 21-08-2024 ൽ ലേലം ചെയ്തത് ശ്രീ. സജി ജേക്കബ് എന്ന വ്യക്തി ലേലം കൊണ്ടത് 3,000/- രൂപയ്ക്കാണ്. എന്നാൽ 2,900/- രൂപ മാത്രമാണ് ടിയാളുടെ ലേലത്തുക വരുമാനമായി അക്കൗണ്ട് ചെയ്തത് . 21-08-2024-ലെ 124300758 നം. രസീത് പ്രകാരം ഒടുക്കിയ 100/- രൂപ Bidder's EMD ശീർഷകത്തിൽ നിലനിൽക്കുന്നത് തൻവർഷം വരുമാനമായി ക്രമീകരിച്ചിട്ടില്ല.

3. പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി പൊട്ടിച്ച് അട്ടിവെച്ചിരുന്ന 210 ഘന മീറ്റർ (7424 ഘന അടി) കരിങ്കല്ലിന്റെ ലേലം ഘന അടിക്ക് 25.5 രൂപ നിരക്കിൽ ശ്രീ. അഫ്രീൻ വാഴക്കാലായിൽ എന്ന വ്യക്തിക്കാണ് ഉറപ്പിച്ചത്. മൈനിങ്ങ് & ജിയോളജി വകുപ്പിന്റെ 24-08-2024 ലെ 121/2024-25/DOKOT-DMG/1457/2023-M ഉത്തരവ് പ്രകാരം 25,727/- രൂപ റോയൽറ്റി മുൻകൂർ അടവാക്കിയ ശേഷം അതുൾപ്പടെയുള്ള തുക അടിസ്ഥാന ലേലത്തുകയായി നിശ്ചയിച്ച് നടത്തിയ ലേലത്തിലൂടെ 217,708/- രൂപയാണ് പഞ്ചായത്തിന് വരുമാനമായി ലഭിച്ചത്. എന്നാൽ മുൻകൂർ ഒടുക്കിയ റോയൽറ്റി തുകയുടെ ബാധ്യതാ ശീർഷകത്തിലേക്ക് ലേല വരവിൽനിന്നുള്ള 25,727/- രൂപ ക്രമീകരിക്കാതിരുന്നതിനാൽ ടി ശീർഷകം നെഗറ്റീവ് മൂല്യമായി 31-03-2025 ബാലൻസ് ഷീറ്റിൽ കാണുന്നു. തൻവർഷത്തെ 25,727/- രൂപയും മുൻവർഷത്തെ മണ്ണ് ലേലത്തിന്റെ റോയൽറ്റിയും ക്രമീകരിക്കാനുള്ളതായാണ് ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നത്.
4. താഴത്തുവടകര ഗവ. എൽ.പി. സ്കൂൾ കെട്ടിടം പൊളിച്ചതിന്റെ അവശിഷ്ടങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂൾ ഹെഡ്മിസ്ട്രസ് 09-08-2024 ൽ ലേലം നടത്തിയിരുന്നു. ശ്രീ. അനീഷ് പി.എം., വാഴക്കാലായിൽ എന്ന വ്യക്തി 90,000/- രൂപയ്ക്കാണ് അവ ലേലം കൊണ്ടത്. എന്നാൽ ടി ലേലത്തുകയിൽ 80,000/- രൂപയാണ് തൻവർഷം ഗ്രാമപഞ്ചായത്തിന്റെ ലേല വരുമാനമായി അക്കൗണ്ട് ചെയ്യപ്പെട്ടത്. 09-08-2024-ൽ ലേല ആവശ്യത്തിന് 15752/03 നം. രസീത് പ്രകാരം ഒടുക്കിയ 10,000/- രൂപ Auction Deposit തുക തൻവർഷ ലേല വരുമാനമായി ക്രമീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ 2024-25 ലെ വരുമാനമാകേണ്ട തുക ബാധ്യതയായി നിലനിൽക്കുകയാണ്.

ലേലം ചെയ്യേണ്ട ഇനങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി ലേല രജിസ്റ്റർ പൂർത്തിയാക്കാതിരുന്നതും 2024-25 ലെ ലേലത്തുകകളുടെ ക്രമീകരണം, വിവിധ സർക്കാർ നികുതികളുടെ ഒടുക്ക് എന്നിവ കൃത്യമായി നിരീക്ഷിക്കാതിരുന്നതാണ് മേൽപറഞ്ഞ അപാകതകൾക്ക് കാരണമായത്. ലേല വരുമാന ക്രമീകരണത്തിലെയും നടപടികൾ നിരീക്ഷിക്കുന്നതിലെ അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.04/2024-25/10-07-2025) നൽകിയതിന് തുടർ വർഷത്തിൽ അപാകതകൾ പരിഹരിക്കുമെന്ന് വ്യക്തമാക്കി മറുപടി നൽകി. 2024-25 വർഷം ലേല വരുമാനമാകേണ്ട ക്രമ നം.1,2,4 എന്നീ ഇടപാടുകളിലെ ആകെ 13,900/- രൂപ നിക്ഷേപ ബാധ്യതയായി തുടരുന്നത് Prior Period Income ആയി ക്രമീകരിക്കേണ്ടതാണ്. ക്രമ നം.1 ഇടപാടിൽ വരുമാനമായി ക്രമീകരിച്ച FDT തുക 399/- രൂപ Prior Period ആയി ബാധ്യത ശീർഷകത്തിലേക്ക് മാറ്റിയ ശേഷം സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ക്രമ നം.3 യിലെ റോയൽറ്റിയായി സ്വീകരിച്ച വരവ് 25,727/- രൂപ Royalty ബാധ്യത ശീർഷകത്തിലേക്ക് ക്രമീകരിച്ച് നെഗറ്റീവ് ബാധ്യത ഒഴിവാക്കേണ്ടതാണ്. നടപടികൾ പൂർത്തീകരിച്ച് അനുബന്ധരേഖകൾ സഹിതം മറുപടി നൽകേണ്ടതാണ്. സമഗ്രമായ രീതിയിൽ ലേല രജിസ്റ്ററും തയ്യാറാക്കി ഇടപാടുകൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**1-23 മുൻ വർഷങ്ങളിലെ നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാതെ തുടരുന്നു**

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഏജൻസികൾ മുഖേനയുള്ള നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ നിക്ഷേപിച്ച തുകകളിൽ തൻവർഷം പ്രവൃത്തി പൂർത്തീകരിച്ച് ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. എങ്കിലും ചില പ്രവൃത്തികൾ പൂർത്തീകരിക്കാതെയും തുടരുന്നുണ്ട്. നിക്ഷേപ പ്രവൃത്തികളുടെ ക്രമീകരണ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | 01-04-2024 മുന്നിരിപ്പ് | 2024-25 ൽ ക്രമീകരിച്ചത് | 2024-25 ൽ നിക്ഷേപിച്ചത് | 31-03-2025 ലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 255,651/- | ഇല്ല | ഇല്ല | 255,651/- |
| ഭൂജല വകുപ്പ് | 1,588,767/- | 96,016/- | 467,946/- | 1,960,697/- |
| കെ.എസ്.ഇ.ബി. | 1,117,749/- | 576,969/- | 48,498/- | 589,278/- |
| എൻ.എച്ച്.എം. | 1,515,120/- | 1,515,120/- | ഇല്ല | ഇല്ല |

- കേരള വാട്ടർ അതോറിറ്റിയിൽ അവശേഷിക്കുന്ന 255,651/- രൂപ 2019-20 വർഷത്തെ പ്രവൃത്തികളിൽ നിക്ഷേപിച്ചതിൽ ചെലവഴിക്കാതെയുള്ള 201,920/- രൂപയുൾപ്പടെയുണ്ട് എന്ന് Advance Register ൽ കാണുന്നു. ചെലവഴിക്കാത്ത പക്ഷം ഏജൻസിയിൽ നിന്ന് തിരികെ ഈടാക്കാനും ഫണ്ട് ക്രമീകരിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.
- ഭൂജല വകുപ്പിലെ നിക്ഷേപത്തിൽ 96,016/- രൂപയുടെ വിനിയോഗം പൂർത്തിയാക്കിയത് പ്രോജക്ട് നം.218/24-60000/- രൂപ, പ്രോജക്ട് നം.12/23-36016/- രൂപ എന്നിങ്ങനെയാണ്. ഇതിൽ പ്രോജക്ട് നം.12/23 നം. പ്രവൃത്തി 1.34 ലക്ഷം രൂപ നിക്ഷേപിച്ചതായിരുന്നു. 36106/- രൂപയുടെ പ്രവൃത്തിക്ക് ശേഷം പ്രദേശവാസികളുടെ എതിർപ്പ് മൂലം നിർവ്വഹണം സാധിക്കുന്നില്ല എന്നാണ് 23-10-2024 ലെ GWK/1293/2023 വിനിയാഗ സാക്ഷ്യപത്രത്തിൽ അറിയിച്ചത്. ടി

പ്രവൃത്തിയുടെ 97,984/- രൂപ വിനിയോഗിക്കാതെ തുടരുകയാണ്. പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള നടപടി ആവശ്യമാണ്.

- കെ.എസ്.ഇ.ബി. യിലെ നിക്ഷേപം ക്രമീകരിച്ചപ്പോൾ മുന്നിരിപ്പിൽ ഉൾപ്പടാതെ പോയ പ്രോജക്ട് നം.214/24 നിക്ഷേപം 72009/- രൂപ മുന്നിരിപ്പിലേക്ക് ക്രമീകരിക്കേണ്ട സാഹചര്യമുണ്ടായി. നിക്ഷേപ പ്രവൃത്തികൾ അക്കൗണ്ട് ചെയ്യുന്നത് നിക്ഷേപമായാണ് എന്ന് ഉറപ്പാക്കേണ്ടതും നിർവ്വഹണ പുരോഗതി Advance Register ൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
- എൻ.എച്ച്.എം. ലെ 1,515,120/- രൂപ നിക്ഷേപം ക്രമീകരിച്ചത് FHC നിർമ്മാണമാണ്. തൻവർഷം ഉൾപ്പടെ ആകെ 25.5 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തിയാണ് പൂർത്തിയായത്. ആരോഗ്യ മേഖലയിലെ കെട്ടിടം കൃത്യമായി ആസ്തിയായി അക്കൗണ്ട് ചെയ്യപ്പെട്ടു എന്ന് രേഖകളിൽ ഉറപ്പാക്കേണ്ടതാണ്.

നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് 10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവ് പ്രകാരമുള്ള സമയപരിധി പാലിക്കേണ്ടതാണ്. Advance Register ൽ പ്രവൃത്തികളുടെ പുരോഗതി ഓരോ വർഷവും 2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-58(4)(ഡി) പ്രകാരം സ്ഥിരീകരിക്കേണ്ടതാണ്. നിക്ഷേപ പ്രവൃത്തികൾക്ക് വിനിയോഗിച്ച ഫണ്ടിനം, പ്രവൃത്തി നടക്കുന്ന സ്ഥലം/വാർഡ് എന്നിവയും രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

**1-24 ഓണം മുൻകൂറിന്റെ ക്രമീകരണം അനിശ്ചിതത്വത്തിൽ**

വൗച്ചർ നം. 22400495 തീയതി 14-09-2024 , Cheque No.158596/12-09-2024 തുക – 1.52 ലക്ഷം
2024-25 സാമ്പത്തികവർഷം ഓണം അഡ്വാൻസ് ഇനത്തിൽ വിതരണം ചെയ്ത തുകയിൽ 16,000/- രൂപ തിരികെ ക്രമീകരിക്കാനുള്ളതായി കാണുന്നു. അസിസ്റ്റന്റ് സെക്രട്ടറി ശ്രീ വി. വിനോദ് കുമാറിന് അനുവദിച്ച 20,000/- രൂപയുടെ മുൻകൂറിൽനിന്ന് നാളിതുവരെ 4,000/- രൂപ മാത്രമാണ് ( 2024 ഒക്ടോബർ മാസത്തെ ശമ്പളത്തിൽ നിന്ന് വസൂലാക്കിയത്) ക്രമീകരിച്ചത്. ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക മുൻകൂർ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് ക്രമീകരിക്കാൻ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.6/2024-25/11-07-2025) നൽകിയതിന് മറുപടിയായി, തദ്ദേശ സ്വയം ഭരണ വകുപ്പ് ഡയറക്ടറുടെ 14-10-2024-ലെ LSGD/PD/46015/2023-BEB1 നം. ഉത്തരവ് പ്രകാരം ടി ജീവനക്കാരന് തലനാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം നൽകിയതിനാൽ 17-10-2024 ൽ ഈ ഗ്രാമ പഞ്ചായത്തിൽ നിന്ന് വിടുതൽ ചെയ്തെങ്കിലും അതിനെതിരെ ടിയാൻ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്ത് നിലവിലും ജോലിയിൽ പ്രവേശിക്കാതെ തുടരുകയാണെന്ന് അറിയിച്ചു. ഓണം അഡ്വാൻസ് കൈപ്പറ്റിയത് വ്യക്തിഗത റിക്കവറി ആയി അടവാക്കാൻ 16-07-2025 ലെ 2518881-2025 നം. കത്ത് പ്രകാരം ജീവനക്കാരന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഓണം അഡ്വാൻസ് ക്രമീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

**1-25 ഹരിതകർമ്മസേനാ അംഗം യൂസർ ഫീസ് ഒടുക്കാതെ സാമ്പത്തിക ക്രമക്കേട് നടത്തി**

വെള്ളാവൂർ ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിലെ ഹരിതകർമ്മസേന അംഗമായിരുന്ന ശ്രീമതി ജോമോൾ ജയൻ, കാലായിൽ പറമ്പിൽ, മണിമല എന്ന വ്യക്തി 2024 ഡിസംബർ മാസത്തെ യൂസർ ഫീസ് 14,600/- രൂപ കൺസോർഷ്യം അക്കൗണ്ടിൽ ഒടുക്കാതെ സാമ്പത്തിക ക്രമക്കേട് നടത്തിയതായി 15-01-2025 ലെ 8(1) നം. ഭരണസമിതി തീരുമാനത്തിൽനിന്ന് വ്യക്തമായിട്ടുണ്ട്. ഭരണസമിതി തീരുമാന പ്രകാരം, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ തുക ഒടുക്കാൻ പ്രസ്തുത അംഗത്തിന് 10-04-2025 ൽ കത്ത് നൽകിയെങ്കിലും സാമ്പത്തിക ക്രമക്കേട് പരിഹരിച്ചതായി കാണുന്നില്ല. ഈ വിഷയത്തിലെ തുടർനടപടിയുടെ വിവരം രേഖാമൂലം അറിയിക്കാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.12/2024-25 /14-07-2025) നൽകിയതിന് മറുപടി ലഭ്യമായില്ല. ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് ക്രമക്കേട് നടത്തിയ തുക പിഴപ്പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-26 MCF ലേക്ക് വാങ്ങിയ ബെയ്‌ലിങ്ങ് പ്രസ് മെഷീൻ പ്രവർത്തനസജ്ജമായില്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നം. | എം.സി.എഫ്.-ലേക്ക് ബെയ്‌ലിങ്ങ് മെഷീനും സോർട്ടിങ്ങ് ടേബിളും വാങ്ങൽ S0 174/25 |
| അടങ്കൽ, ഫണ്ടിനം | 6 ലക്ഷം , (ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1.8 ലക്ഷം സ്വച്ഛ ഭാരത് അഭിയാൻ(SBA) ഗ്രാന്റ് - 4.2 ലക്ഷം) |
| ചെലവ് | ആകെ 559,437/- രൂപ<br>391,606/- SBA ഗ്രാന്റ്<br>ബിൽ നം.SBM/877/A/2025/SM/21-03-2025<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | |
|---|---|
| | ബിൽ നം.622/13-03-2025 – 14,862/-<br>ബിൽ നം.668/24-03-2025 – 152,969/- |
| നിർവ്വഹണം | സെക്രട്ടറി |

പ്രസ്തുത പ്രോജക്ട് പ്രകാരം Hydraulic Bailing Press Machine (25 Ton Capacity), Hydraulic Oil, Sorting Table എന്നിവ വാങ്ങിയിട്ടുണ്ട്. Picker Bird എന്ന ഏജൻസിയിൽ നിന്ന് 49,540/- രൂപയുടെ Sorting Table, RJ Enterprises എന്ന ഏജൻസിയിൽ നിന്ന് 499,900/- രൂപയുടെ മെഷീൻ 9,997/- രൂപയുടെ Hydraulic Oil (26 ലിറ്ററിന്റെ 8 ബാരലുകൾ) എന്നിവയാണ് ഇ-ടെന്റർ മുഖേന വാങ്ങിയത്. വാങ്ങിയ സാധനങ്ങൾ എം.സി.എഫിൽ ലഭ്യമായെങ്കിലും അവിടെ ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ മെഷീൻ പ്രവർത്തനക്ഷമമായിട്ടില്ല. നിലവിൽ MCF ൽ പ്രധാന കെട്ടിടമായ X/257 നം. കെട്ടിടത്തിൽ മാത്രം മണിമല ഇലക്ട്രിക് സെക്ഷന്റെ 15223 എന്ന കൺസ്യൂമർ നമ്പരിൽ സിംഗിൾ ഫേസ് വൈദ്യുതി കണക്ഷനാണുള്ളത് എന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായി.





മെഷീൻ പ്രവർത്തിപ്പിക്കുന്നതിനുള്ള ഭൗതിക സാഹചര്യം ഒരുക്കാതെ വാങ്ങൽ നടത്തിയത് മൂലം വാറന്റി കാലയളവ് വൃഥാ നഷ്ടമായ സാഹചര്യമാണ് നിലനിൽക്കുന്നത്. പ്രോജക്ട് ലക്ഷ്യം കൈവരിക്കാത്തതിനാൽ അതിനായി ചെലവഴിച്ച 509,897/- രൂപ (499900 + 9997) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. MCF ൽ അടിയന്തിരമായി ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി മെഷീൻ പ്രവർത്തന സജ്ജമാക്കേണ്ടതും ഹരിതകർമ്മ സേനക്ക് ആവശ്യമായ പരിശീലനം നൽകി ബെയ്‌ലിങ് ആരംഭിക്കേണ്ടതുമാണ്. തുടർ നടപടികളുടെ വിവരം മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 1-27 MCF ന്റെ നവീകരണവും അനുബന്ധ സൗകര്യം ഒരുക്കലും പൂർണ്ണമായിട്ടില്ല

വെള്ളാവൂർ പഞ്ചായത്തിന്റെ Material Collection Faciliy(MCF) സ്ഥിതി ചെയ്യുന്നത് പത്താം വാർഡിലാണ്. ഏകദേശം 45 സെന്റോളം വരുന്ന രണ്ട് തട്ടായുള്ള പഞ്ചായത്ത് റോഡ് ഫ്രണ്ടേജുള്ള പ്ലോട്ടിലാണ് MCF പ്രവർത്തിക്കുന്നത്. X/257 നമ്പരായുള്ള കെട്ടിടത്തിലാണ് എം.സി.ഫ്.-ന്റെ പ്രവർത്തനം നടന്നിരുന്നത്.





അജൈവ മാലിന്യ സംസ്കരണ-വേർതിരിക്കൽ പ്രവർത്തനങ്ങളും 13 വാർഡുകളിലായുള്ള 26 ഹരിതകർമ്മസേന അംഗങ്ങളുടെ ഓഫീസുമായും പ്രവർത്തിച്ചിരുന്നത് പ്രസ്തുത MCF കെട്ടിടമായിരുന്നു. Solid Waste Management Rules-2016, Plastic Waste Management Rules-2016, LSGD യുടെ 16-01-2021 ലെ G.O.(Rt) No.113/2021 നം. ഉത്തരവ് പ്രകാരം MCF ന് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കും മറ്റ് അഡ്മിനിസ്ട്രേറ്റീവ് തലത്തിലും അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണ്.


| മാലിന്യ നിർമ്മാർജ്ജന പ്രക്രിയ | അഡ്മിനിസ്ട്രേറ്റീവ് തലം |
|---|---|
| Incoming Waste Storage, Tripping Area, Bailing Area, Bailed Waste Storage, Machinary Area, Sorting | Office Room, Rest/Dining Room, Storage For Tools, Toilets For Ladies & Gents, Dress Changing Room, Three |

| | |
|---|---|
| Area, Utility Area, Loading/Unloading Area, Passage | Phase Electricity For Machinary, Water Supply, Compund Wall & Gate, Fire Fighting Equipments, Parking, CCTV |

MCF ന്റെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 2024-25 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 3 പ്രോജക്ടുകളും അനുബന്ധ സൗകര്യങ്ങൾക്കായി സെക്രട്ടറി 4 പ്രോജക്ടുകളും നടപ്പാക്കി.

| പ്രോജക്ട് | പ്രോജക്ട് പേര് | പ്രവൃത്തികളും വാങ്ങലുകളും |
|---|---|---|
| 128/25 | MCF അറ്റകുറ്റപ്പണി | വയർ മെഷ്, അരപ്രൈസ് എന്നിവയോടു കൂടിയ പുതിയ ഷെഡ് സ്ഥാപിച്ചു. കരിങ്കൽ ഭിത്തി സംരക്ഷണ ഭിത്തിയോടു കൂടിയ ചുറ്റുമതിൽ ഭാഗികമായി നിർമ്മിച്ചു. MCF ലേക്ക് റോളിങ് ഗേറ്റ് സ്ഥാപിച്ചു |
| 199/25 | MCF നിർമ്മാണം | |
| 84/25 | MCF നവീകരണം | |
| 174/25 | MCFലേക്ക് മെഷീനറി | ബെയിലിങ് മെഷീൻ (25 Ton),<br>സോർട്ടിങ് ടേബിൾ,<br>മെഷീൻ ഓയിൽ - 26 ലിറ്ററിന്റെ 8 ബാരലുകൾ |
| 183/25 | ഹരിത കർമ്മസേന ഓഫീസ് ഫർണിച്ചർ | Armless Chair- 28 എണ്ണം,<br>Executive Chair-2 എണ്ണം,<br>Steel Cabin-2 എണ്ണം, Steel Table -1 |
| 180/25 | ഏറത്തുവടകര MCF ന് ക്യാമറ | ഒരു യൂണിറ്റ് 4 എണ്ണം CCTV ക്യാമറകളും മോണിറ്റർ സംവിധാനവും MCF കെട്ടിടത്തിൽ സ്ഥാപിച്ചു |
| 172/25 | ഹരിത കർമ്മസേന വാഹനം | മഹീന്ദ്ര പിക് അപ്പ് വാഹനം വാങ്ങുന്നതിന് തുടർ വർഷം മുഴുവൻ തുകയും ഒടുക്കി |

തൻവർഷം അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചെങ്കിലും ആയതിന്റെ കൃത്യമായ വിനിയോഗം നടന്നിട്ടില്ല. അജൈവ മാലിന്യങ്ങൾ നിലവിലും ഓഫീസ് കെട്ടിടത്തിൽത്തന്നെയാണ് സംഭരിക്കുന്നത്. പുതിയ ഷെഡിൽ ബെയ്‌ലിങ് മെഷീൻ സ്ഥാപിച്ചെങ്കിലും ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ മെഷീനറി പ്രവർത്തനം ആരംഭിച്ചില്ല. ഓഫീസിൽ തന്നെ മാലിന്യങ്ങൾ സ്റ്റോർ ചെയ്യുന്നതിനാൽ ഫർണിച്ചറും കൃത്യമായി വിന്യസിച്ചിട്ടില്ല. വൈദ്യുതി ത്രീ ഫേസ് തുടർ വർഷം സ്ഥാപിക്കേണ്ടതാണ്. പുതിയ ഷെഡിലേക്ക് മാലിന്യ നിർമ്മാർജ്ജന പ്രക്രിയ പൂർണ്ണമായും മാറ്റേണ്ടതും MCF പ്രധാന കെട്ടിടം അഡ്മിനിസ്ട്രേറ്റീവ് തലത്തിൽ വിനിയോഗിക്കാനും നടപടി സ്വീകരിക്കേണ്ടതാണ്. വാഹനം ലഭ്യമാക്കി മാലിന്യ നിർമ്മാർജ്ജന പ്രവർത്തനത്തിന് വിനിയോഗിക്കേണ്ടതും ഹരിതകർമ്മ സേന അംഗങ്ങൾക്ക് ഡ്രൈവിങ് പരിശീലനം നൽകാവുന്നതുമാണ്. MCF കോമ്പൗണ്ടിൽ വാഹനത്തിന് പാർക്കിങ് സൗകര്യവും ഏർപ്പെടുത്തേണ്ടതാണ്.





MCF സ്ഥിതിചെയ്യുന്ന 45 സെന്റ് വിസ്തീർണ്ണമുള്ള രണ്ട് തട്ടുകളായുള്ള പ്ലോട്ടിൽ താഴത്തെ 20 സെന്റ് തട്ടിലാണ് MCF പ്രധാന കെട്ടിടവും പുതുതായി പണിത ഷെഡുമുള്ളത്. ടി പ്ലോട്ടിന് ചുറ്റുമതിലും ഗേറ്റു സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പ്ലോട്ട് കോമ്പൗണ്ട് മണ്ണ് ഫില്ലിങ് നടത്താതെ കുറെ ഭാഗങ്ങൾ കാടുപിടിച്ച് കിടക്കുകയാണ്. മണ്ണ് ഫില്ലിങ് നടത്തി പാവിങ് ടൈൽ ഇട്ടാൽ മാത്രമേ കെട്ടിടത്തിലേക്കുള്ള മാലിന്യ സാമഗ്രികളുടെ ലോഡിങ് അൺലോഡിങ് പ്രക്രിയകൾ സുഗമമാക്കാൻ സാധിക്കു

എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.




ബാക്കിയുള്ള 25 സെന്റോളമുള്ള മുകളിലെ തട്ടിലേക്ക് വാഹനം പ്രവേശിക്കുന്ന പ്രത്യേകം വഴി സൗകര്യമുണ്ട്. ടി സ്ഥലത്ത് അനുയോജ്യമായ വലിപ്പമുള്ള ഒരു ഷെഡ് കൂടി സ്ഥാപിച്ചാൽ മാലിന്യ നിർമ്മാർജ്ജന പ്രക്രിയയുടെ ഭാഗമായ സൗകര്യങ്ങൾ ഏകദേശം പൂർണ്ണമായും ഏർപ്പെടുത്തുന്നത് സാധ്യമാകുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തുടർ വർഷങ്ങളിൽ MCF ന്റെ പ്രവർത്തനം പൂർണമായി സജ്ജമാക്കുന്നതിനുള്ള പ്രോജക്ട് ആവിഷ്കരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഹരിത കർമ്മ സേനയുടെ ഓഫീസ്, മീറ്റിങ്, മറ്റ് അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങൾ എന്നിവക്ക് മാത്രമായി നിലവിലുള്ള MCF പ്രധാന കെട്ടിടം സജ്ജമാക്കുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതും അഡ്മിനിസ്ട്രേറ്റീവ് തലത്തിലുള്ള എല്ലാ സൗകര്യങ്ങളും ടി കെട്ടിടത്തിൽ ഉറപ്പാക്കേണ്ടതുമാണ്.

### 1-28 ഹോമിയോ മരുന്നുകൾ ഡിസ്പൻസറിക്ക് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര്, നം. | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (24/25) |
| അടങ്കൽ തുക , ഫണ്ടിനം | 2 ലക്ഷം, സംരക്ഷണ ഗ്രാന്റ് (റോഡിതരം) |
| ചെലവ് | 2 ലക്ഷം, ബിൽ നം.608/12-03-2025 |
| നിർവ്വഹണം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

വെള്ളാവൂർ ആയുഷ് ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ട് പ്രകാരം 2 ലക്ഷം രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്.( 04-02-2025 ലെ PF-1257 നം. പെർഫോമ ഇൻവോയ്സ്). എന്നാൽ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി സെക്രട്ടറി ഹോംകോ മാനേജിങ് ഡയറക്ടർക്ക് 02-05-2025 ൽ എസ്.സി1-6039/25 നമ്പർ കത്തുമുഖേന ഓർമ്മക്കുറിപ്പ് നൽകിയിട്ടുണ്ട് . മരുന്നുകൾ ഡിസ്പെൻസറിയിൽ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് ഇൻവോയ്സിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

### 1- 29 തൻവർഷ നിക്ഷേപ പ്രവൃത്തികൾ - ഏജൻസികൾ നിർവ്വഹണം ആരംഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ മൂന്ന് പ്രോജക്ടുകൾ പ്രകാരം ഭൂജല വകുപ്പ്, KSEB Ltd. എന്നീ ഏജൻസികളിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രവൃത്തി നടത്താൻ ഏജൻസികളുമായി 2025 മാർച്ച് മാസം കരാറിലും ഏർപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രോജക്ട് നം./പേര്/ വിശദാംശം | ബിൽ നം./തുക ഫണ്ട് | ആകെ നിക്ഷേപം |
|---|---|---|---|---|
| 1. | KSEB Ltd. പത്തനാട് | വെള്ളാവൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് ത്രീ ഫേസ് കണക്ഷൻ (184/25) | 619/12-03-2025 – 48,498/- സംരക്ഷണ ഗ്രാന്റ് (റോഡിതരം MG-NR) | 48,498/- |
| 2. | ഭൂജല | വിവിധ വാർഡുകളിൽ | 627/14-03-2025 – | 404,511/- |

| | | | | |
|---|---|---|---|---|
| | വകുപ്പ്, കോട്ടയം ജില്ല. | (1,2,6,7,8,10,3) കുഴൽക്കിണർ നിർമ്മാണം (233/25) | 364,000/- 628/14-03-2025 – 40,511/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | |
| 3. | | കുടുംബാരോഗ്യ കേന്ദ്രം വാർഡ്-2 കുഴൽക്കിണർ നിർമ്മാണം (37/25) | 626/14-03-2025 – 6,435/- 625/14-03-2025 - 57,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 63,435/- |
| 2024-25 വർഷത്തെ ആകെ നിക്ഷേപിച്ച തുക | | | | 516,444/- |

10-03-2023 ലെ സ.ഉ.(കൈ) നം.45/2023/ധന ഉത്തരവിൽ നിർവ്വഹണ ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന നിക്ഷേപ പ്രവൃത്തികൾ തുക നിക്ഷേപിക്കുന്ന സാമ്പത്തിക വർഷം തന്നെ അല്ലെങ്കിൽ ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 2024-25 വർഷത്തെ നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയ ശേഷം ധനവിനിയോഗ വിവരവും പ്രോജക്ടുകൾ ഭൗതിക ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശവും അറിയിക്കേണ്ടതും പഞ്ചായത്ത് കണക്കുകളിൽ നിക്ഷേപം അതാത് ആസ്തി/റവന്യൂ ആയി ക്രമീകരിക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാകാത്തതിനാൽ ചെലവ് തുക ₹516,444/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-30 സംയുക്ത പരിശോധന നടത്തിയിട്ടും മുൻപുണ്ടായിരുന്ന പൊതുടാപ്പുകളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി തുടർന്നും വെള്ളക്കരം അടവാക്കുന്നു**

2024-25 സാമ്പത്തികവർഷം 55 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുള്ളത്. ഓരോ മാസത്തെയും വെള്ളക്കരത്തോടൊപ്പം ഭീമമായ കുടിശ്ശികയും പിഴപ്പലിശയും ചേർത്തുള്ള തുകയാണ് ഓരോ മാസത്തെയും ഡിമാന്റ് നോട്ടീസിൽ ജല അതോറിറ്റി ഉൾപ്പെടുത്തുന്നതെങ്കിലും അതത് മാസത്തെ വെള്ളക്കരം മാത്രമാണ് ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുള്ളത്. ഉദാ: 2025 ഫെബ്രുവരി മാസത്തെ ഡിമാന്റ് നോട്ടീസിൽ 6,36,290/- രൂപ മുൻബാക്കിയും (കുടിശ്ശിക – ₹624049 + ഫൈൻ – ₹12241) തൻമാസത്തെ വെള്ളക്കരം 66729 രൂപയുമുൾപ്പടെ ആകെ 7,03,019/- രൂപയാണ് അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുള്ളത്. 23.08.2024-ലെ സംയുക്ത പരിശോധനാ റിപ്പോർട്ട് പ്രകാരം 46 പൊതുടാപ്പുകളാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. വീണ്ടും 20.02.2025-ൽ സംയുക്ത പരിശോധന നടന്നതായി രേഖകളിൽ കാണുന്നുവെങ്കിലും അതിന്റെ റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ നിർണ്ണയിച്ചിട്ടും അതിനു മുൻപുണ്ടായിരുന്ന 55 പൊതുടാപ്പുകളുടെ എണ്ണം തന്നെ അടിസ്ഥാനപ്പെടുത്തി തുടർന്നും വെള്ളക്കരം അടവാക്കിയ നടപടിക്ക് വിശദീകരണവും , പിഴപ്പലിശ ഉൾപ്പെടെയുള്ള കുടിശ്ശിക ഒഴിവാക്കി നൽകുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (15/15.07.2025) മറുപടിയായി 09/2024 മുതൽ നാളിതു വരെ അധികമായി ഈടാക്കിയ തുക വരും മാസങ്ങളിലെ ഡിമാന്റിൽ ക്രമീകരിക്കാനും, കുടിശ്ശികയുടെ ആധികാരികത ജല അതോറിറ്റി അധികൃതരുമായി കൂടിയാലോചന നടത്തി പരിഹരിക്കാനും നടപടി സ്വീകരിക്കുന്നതാണെന്നും, 20.02.2025-ലെ സംയുക്ത പരിശോധനാ റിപ്പോർട്ട് വാട്ടർ അതോറിറ്റി ഭരണ വകുപ്പിന് കൈമാറുകയാണുണ്ടായതെന്നും മറുപടി നൽകി. വെള്ളക്കരം കുടിശ്ശിക ഒടുക്കുന്ന വിഷയത്തിൽ ജല അതോറിറ്റിയുമായി നടത്തുന്ന ചർച്ചകളിൽ തീരുമാനമാകാത്തപക്ഷം വിഷയം സർക്കാർ ശ്രദ്ധയിൽപ്പെടുത്തി നിവൃത്തി തേടേണ്ടതും, പ്രവർത്തനക്ഷമമായ ടാപ്പുകൾക്കു മാത്രം വെള്ളക്കരം അടവാക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-31 ടേക്ക്-എ-ബ്രേക്ക് ശുചിമുറി സമുച്ചയം നിലവിലുണ്ടായിരിക്കെ സമീപത്ത് നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെ എസ്റ്റിമേറ്റിലും വിപുലമായ ശുചിമുറി നിർമാണം ഉൾപ്പെടുത്തി**

ഗ്രാമപഞ്ചായത്ത് മണിമല ബസ് സ്റ്റാന്റിന് എതിർവശത്തായി 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട് (S0059/2024, S0165/2025, S0208/2026) . 99 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച പ്രസ്തുത പ്രോജക്ടുപ്രകാരം 283.4 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ 330 Cm X 395 Cm അളവിലുള്ള 10 കടമുറികൾ, വെയിറ്റിംഗ് ഏരിയ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം പ്രത്യേകം ശുചിമുറികൾ എന്നിവ നിർമിക്കുന്നതിനുള്ള

ഇനങ്ങളാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പൊതുവായ ഒരു വിശ്രമ മുറി (369.94 Cm X 395cm), സ്ത്രീകൾക്ക് 2 ശുചിമുറികൾ, അംഗപരിമിതർക്ക് ഒരെണ്ണം, (369.94 Cm X 395cm) പുരുഷൻമാർക്ക് രണ്ട് വീതം ശുചിമുറികൾ, യൂറിനലുകൾ (240cm X 395cm) എന്നിവ നിർമിക്കുന്നതിനാണ് പ്ലാനിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. (എസ്റ്റിമേറ്റിലെ ഇനം നം. 6, 31 മുതൽ 37 വരെ, 39 മുതൽ 60 വരെ കാണുക) നിലവിൽ ഒന്നാം നിലയുടെ മേൽക്കൂര കോൺക്രീറ്റിംഗ് വരെയുള്ള പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്.

35 ലക്ഷത്തോളം രൂപ വിനിയോഗിച്ച് ഇതേ പരിസരത്ത് നിർമിച്ചതും 5 ശുചിമുറികൾ, 03 യൂറിനലുകൾ, 05 വാഷ് ഏരിയകൾ, രണ്ടു വിശ്രമ മുറികൾ, ഒരു ഫീഡിംഗ് റൂം എന്നീ സൗകര്യങ്ങൾ ഉള്ളതുമായ ടേക്ക്-എ-ബ്രേക്ക് സമുച്ചയം തൻവർഷം മുതൽ ₹5000/-പ്രതിമാസ വാടക നിരക്കിൽ കൈയ്യൊഴിഞ്ഞു നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സുസ്സജ്ജവും പ്രവർത്തനക്ഷമവുമമായ ഒരു ശുചിത്വ സമുച്ചയം പരിസരത്ത് തന്നെ നിലവിലുണ്ടായിരിക്കെ റവന്യൂ വരുമാന സാധ്യത മുൻനിർത്തി വൻതുക വിനിയോഗിച്ച് 283.4 ചതുരശ്ര മീറ്റർ വിസ്തീർണത്തിൽ നിർമിക്കുന്ന കെട്ടിടത്തിലെ നാലു മുറികളുടെ വിസ്തീർണത്തിനു തുല്യമായ 38.7 ച.മീറ്റർ സ്ഥലം (ആകെ വിസ്തൃതിയുടെ 13.67%) കൂടി ശുചിമുറി നിർമാണത്തിന് നീക്കിവെച്ച നടപടിയിൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നു. (നം.18/16.07.2025). കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമാണ) ചട്ടങ്ങൾ പ്രകാരമുള്ള നിബന്ധനകൾ ഗ്രാമപഞ്ചായത്ത് നിർമിക്കുന്ന കെട്ടിടങ്ങൾക്കും ബാധകമാക്കേണ്ടതിനാലാണ് ഇത്തരത്തിൽ ശുചിമുറി സൗകര്യം കെട്ടിടത്തിൽ വിഭാവനം ചെയ്തിട്ടുള്ളതെന്ന് നിർവഹണ ഉദ്യോഗസ്ഥ വാക്കാൽ അറിയിക്കുകയുണ്ടായി. ഈ വിഷയം ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. ഓഡിറ്റ് നിഗമനത്തോട് യോജിച്ച ഭരണസമിതി ഷോപ്പിംഗ് കോംപ്ലക്സ് പരിസരത്ത് നിലവിലുള്ള ശുചിമുറി സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനും ചട്ടങ്ങൾ പാലിക്കുന്നതിനാവശ്യമായ ചുരുങ്ങിയ സ്ഥലം മാത്രം പുതുതായി നിർമിക്കുന്ന കെട്ടിടത്തിൽ സജ്ജീകരിക്കുവാനും തീരുമാനമെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റവന്യൂ വിഭവ സമാഹരണം മുഖ്യ ലക്ഷ്യമാക്കി നിർമിക്കുന്ന പത്തു മുറി മാത്രമുള്ള ഒരു കെട്ടിട സമുച്ചയത്തിൽ വെയിറ്റിംഗ് ഏരിയ പോലുള്ള സംവിധാനങ്ങൾക്ക് സ്ഥലം നീക്കിവെയ്ക്കുന്നത് യഥാർത്ഥ ലക്ഷ്യം തമസ്കരിക്കുന്നതിനു തുല്യമായതിനാൽ 2019-ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമാണ) ചട്ടങ്ങളിലെ ചട്ടം 34-നു കീഴിലുള്ള 14-ാം പട്ടികയിൽ പരാമർശിക്കുന്ന ശുചിത്വ സംവിധാന നിബന്ധനകൾ പാലിക്കുന്ന രീതിയിൽ ശുചിമുറികളുടെയും വാഷ് ഏരിയയുടെയും എണ്ണവും വിസ്തീർണവും പരിമിതപ്പെടുത്തേണ്ടതും വെയിറ്റിംഗ് ഏരിയയുടെ വ്യവസ്ഥ ഷോപ്പിംഗ് കോംപ്ലക്സിൽ ആവശ്യമില്ലാത്തതിനാൽ ഒഴിവാക്കേണ്ടതുമാണ്.

**1-32 തെങ്ങുമ്പള്ളി കുടിവെള്ളപദ്ധതി- പ്രോജക്ട് നിർവ്വഹണം പാതിവഴിയിൽ**

| | |
|---|---|
| പ്രോജക്ട് നം | S0010/23, S0200/24, S0171/25 |
| അടങ്കൽ | 350000/- (300000 CFC + 50000 Own Fund) |
| കരാറുകാരൻ | ശ്രീ. വി.ജി.അനിൽകുമാർ |
| കരാർ നം. തീയതി | 33/AE/LID & EW/VLVR/22-23 Dt.29.03.2023 |
| ചെലവഴിച്ച തുക | ₹165083 CFC |
| ബിൽ വിവരങ്ങൾ | ₹98286/-<br>Vr. No. 1244/2025/27.03.2025<br>₹66797/-<br>Vr. No. 1246/2025/27.03.2025 |

ഗ്രാമപഞ്ചായത്തിന്റെ 9-ാം വാർഡിൽ പൂണിക്കാവിനടുത്ത് ബഹുവർഷ കുടിവെള്ള പ്രോജക്ടിന്റെ ഭാഗമായി ഒരു കുളം നിർമിക്കുന്നതിന് 2022-23 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. എസ്റ്റിമേറ്റിലുണ്ടായിരുന്ന ഇനങ്ങൾ പ്രകാരം കുളത്തിന് 4.5 M ആഴവും 3 M വ്യാസവുമുള്ള ഒരു കുളം നിർമിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 28.05.2022-ലെ ജി.ഒ(എംഎസ്) 115/2022 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖയുടെ 6.6.7.IV ഖണ്ഡിക പ്രകാരമുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

**"കുടിവെള്ള പ്രോജക്ടുകൾ എടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള**

**ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ എറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷമേ നിർവഹണം ആരംഭിക്കാൻ പാടുള്ളൂ. പട്ടികജാതി/പട്ടികവർഗ്ഗ കുടിവെള്ള പദ്ധതികളിലെ അറ്റകുറ്റപ്പണികളും പൊതു വിഭാഗം കുടിവെള്ള പദ്ധതികളിലെ 50,000/- രൂപയിൽ അധികരിച്ചുവരുന്ന അറ്റകുറ്റപ്പണികളും ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്."** എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ മുന്നൊരുക്കമെന്ന നിലയിൽ ഗുണഭോക്താക്കളെ കണ്ടെത്തുകയോ അവരടങ്ങുന്ന ഒരു ഗുണഭോക്തൃസമിതി രൂപീകരിക്കുകയോ തുടർ നടത്തിപ്പ് സംബന്ധിച്ച കരാറിൽ ഏർപ്പെടുകയോ ചെയ്തതായി രേഖ സൂക്ഷിച്ചിട്ടില്ല. ഒരു സാധാരണ മരാമത്ത് പ്രവൃത്തിയെന്ന നിലയിൽ ടെൻഡർ നടപടികൾ പാലിച്ച് നിർമ്മാണ ഘട്ടത്തിലേക്ക് കടക്കുകയാണ് ചെയ്തിട്ടുള്ളത്.

2. പ്രസ്തുത പ്രോജക്ട് 2022-23 വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ചതാണെങ്കിലും പൂർത്തീകരിച്ചത് 27.03.2025-ൽ മാത്രമാണ്. കരാറുകാരന് പ്രതിഫലം നൽകിയതൊഴികെ തുടർന്ന് നാളിതുവരെ യാതൊരു പ്രവൃത്തിയും നടന്നിട്ടില്ലാത്തതാണ്. പമ്പ് ഹൗസ്, ടാങ്ക് എന്നിവ നിർമിച്ചും പൈപ്പ് ലൈൻ, മോട്ടോർ, വൈദ്യുത ബന്ധം എന്നിവ സ്ഥാപിച്ചും തുടർപ്രവർത്തനങ്ങൾ നടത്തി കുടിവെള്ളപദ്ധതിയെന്ന നിലയിൽ പ്രോജക്ട് സാക്ഷാത്ക്കരിക്കാൻ നാളിതുവരെ യാതൊരു പ്രോജക്ടും ആവിഷ്കരിച്ചിട്ടില്ല. (2025-26 വാർഷിക പദ്ധതിയിലും ഇതുമായി ബന്ധപ്പെട്ട പ്രോജക്ടുകളൊന്നും ഉൾപ്പെട്ടിട്ടില്ല)

പ്രസ്തുത അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/16.07.2025) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയം ഓഡിറ്റ് സമാപനയോഗവേളയിൽ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വളരെയേറെ ജല ദൗർലഭ്യം അനുഭവപ്പെടുന്നതും വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും ഉയർന്ന ഭൂപ്രദേശവുമായ തെങ്ങുമ്പള്ളിയിലെ നൂറ്റമ്പതോളം വരുന്ന കുടുംബങ്ങളുടെ ജലക്ഷാമത്തിന് ശാശ്വത പരിഹാരമെന്ന നിലയിൽ ആവിഷ്കരിച്ച പദ്ധതിയാണിതെന്നും ജലസ്രോതസായ കുളം നിർമിക്കേണ്ടത് വെള്ളം നിറഞ്ഞ വയലിൽ ആയതിനാൽ പ്രതികൂല കാലാവസ്ഥ മൂലം പ്രവൃത്തി നടത്താൻ കഴിയാതെ വന്നതിനാലാണ് പ്രോജക്ട് നീണ്ടു പോയതെന്നും ഭരണസമിതി അംഗങ്ങൾ അറിയിച്ചു. ചെലവ് തുക അക്കൗണ്ട് ചെയ്തതിലെ സാങ്കേതിക പിഴവുമൂലമാണ് തൻവർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താനാകാതിരുന്നതെന്നും എന്നാൽ ജില്ലാ പഞ്ചായത്തിന്റെ തൻവർഷപദ്ധതിയിലൂടെ ലഭിക്കുന്ന 20 ലക്ഷം വിനിയോഗിച്ച് തുടർപ്രവർത്തനങ്ങൾ സാധ്യമാക്കുന്നതാണെന്നും അധികൃതർ വിശദീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ യഥാവിധി താമസംവിനാ പൂർത്തീകരിച്ച് വിശദ റിപ്പോർട്ട് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-33 വീട് വാസയോഗ്യമാക്കൽ- ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു**

2024-25 വർഷം വീട് വീട് വാസയോഗ്യമാക്കലിനായി 3 പ്രോജക്ടുകളാണ് ആവിഷ്കരിച്ചത്. എസ്.സി. വിഭാഗത്തിന് സ്പിൽ ഓവറായും ഒരു പുതിയ പ്രോജക്ടും ജനറൽ വിഭാഗത്തിന് ഒരു സ്പിൽ ഓവർ പ്രോജക്ടുമാണ് ഉണ്ടായിരുന്നത്. വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| പ്രോജക്ട് നം. | അടങ്കൽ/ ഫണ്ടിനം/ ചെലവ് | ഗുണഭോക്താക്കൾ/ വ്യക്തിഗത ആനുകൂല്യം | പ്രവൃത്തി പൂർത്തീകരിച്ചവർ |
|---|---|---|---|
| 118/25 സ്പിൽ ഓവർ | അടങ്കൽ : 11,20,000 ചെലവ് -10.7 ലക്ഷം വികസന ഫണ്ട്(SCP) | 25 ഗുണഭോക്താക്കൾ 1 ലക്ഷം പരമാവധി | 24 |
| 69/25 പുതിയത് | 25.5 ലക്ഷം- വികസന ഫണ്ട്(SCP) ചെലവ് - 1,837,500/- | 30 ഗുണഭോക്താക്കൾ 75,000/- പരമാവധി | 27 |
| 160/25 സ്പിൽ ഓവർ | വികസന ഫണ്ട്-9.16 ലക്ഷം, CFC ഗ്രാന്റ് - 34,000/- തനത് ഫണ്ട്- 2 ലക്ഷം ആകെ അടങ്കലും ചെലവും 11.5 ലക്ഷം | 52 ഗുണഭോക്താക്കൾ 50,000/- പരമാവധി | 52 |

ജനറൽ വിഭാഗം ഗുണഭോക്താക്കൾ എല്ലാവരും മെയിന്റനൻസ് പൂർത്തിയാക്കി. പ്രവൃത്തി പൂർത്തീകരിക്കാത്ത 4 എസ്.സി. വിഭാഗം ഗുണഭോക്താക്കളുണ്ട്.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ്/വീട് നം. | മുൻകൂർ |
|---|---|---|---|
| 1. | സുനിൽ കുമാർ, മൈലാട്ടുപാറ | X/398/A | 50,000/- |
| 2. | സന്തോഷ് ഇ. റ്റി., ഇടമണ്ണിൽ | I/104 | 37,500/- |
| 3. | വിജിൻ മോഹൻദാസ്, പുതുവയലിൽ | I/142 | 37,500/- |
| 4. | സുലേഖ മനോജ് | IV/313 | 37,500/- |

ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പൂർത്തിയാക്കുന്ന മുറയ്ക്ക് LID & EW വിഭാഗത്തിന്റെ വീട് നം. രേഖപ്പെടുത്തിയ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ തുടർ വർഷം രണ്ടാം ഗഡു അനുവദിച്ച് പ്രോജക്ട് പൂർത്തിയാക്കേണ്ടതും വിവരം ആദ്യമറുപടിയോടൊപ്പം അറിയിക്കേണ്ടതുമാണ്.

## 1-34 ലൈഫ് മിഷൻ പദ്ധതി അവലോകനം

പഞ്ചായത്തിന്റെ ലൈഫ് ഭവന പദ്ധതിയിൽ 2024-25 വർഷം 5 പ്രോജക്ടുകൾ മുഖാന്തിരമാണ് ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | വിഭാഗം | ആകെ ചെലവ് | 31-03-2025 വരെ ഗുണഭോക്താക്കൾ |
|---|---|---|---|
| 167/25 | പട്ടികവർഗ്ഗം | 310,000/- | 2 പേർ, പൂർത്തിയായത് - 1 |
| 117/25(SO) | പട്ടികജാതി | 1,626,000/- | 21 പേർ, പൂർത്തിയായത് - 14<br>പൂർത്തിയാകാനുള്ളത് - 7<br>ദീർഘകാല പെന്റിങ്ങ് - 1 എണ്ണം |
| 71/25 | പട്ടികജാതി | 1,815,000/- | |
| 119/25(SO) | പൊതുവിഭാഗം | 4,207,936/- | 38 പേർ, പൂർത്തിയായത്- 25<br>പൂർത്തിയാകാനുള്ളത് - 13<br>ദീർഘകാല പെന്റിങ്ങ് - 4 എണ്ണം |
| 61/25 | പൊതുവിഭാഗം | 3,228,294/- | |

ലൈഫ് പദ്ധതിക്കായി തൻവർഷം 1.12 കോടിയോളം രൂപ ചെലവഴിച്ചു. ഭവന നിർമ്മാണം പൂർത്തിയാകാനുള്ളവരുടെ നിർമ്മാണ പ്രവൃത്തികൾ തുടർവർഷം പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ദീർഘകാലമായി ധനസഹായം കൈപ്പറ്റാത്ത ഭവന നിർമ്മാണ പുരോഗതി ഇല്ലാത്ത അഞ്ച് ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ്/വാർഡ് | കരാർ തീയതിആകെ കൈപ്പറ്റിയ തുക | അവസാന ഗഡു വാങ്ങിയത് |
|---|---|---|---|
| 1. | കാർത്തിക, മടുക്കയിൽ<br>വാർഡ്-IV , SC ഗുണഭോക്താവ് | 07-06-2023<br>40,000/- | 07-06-2023<br>2023-24 വർഷം |
| 2. | ലീലാമ്മ കെ. എസ്., കൈപ്പയിൽ<br>വാർഡ്-III | 10-08-2022<br>2.5 ലക്ഷം | 30-12-2023<br>2023-24 വർഷം |
| 3. | ബാബു ചാക്കോ, കുളമക്കാട്<br>വാർഡ്-II | 24-05-2023<br>2 ലക്ഷം | 30-12-2023<br>2023-24 വർഷം |
| 4. | ജാനകി വാലമറ്റം<br>വാർഡ്-XII | 08-07-2023<br>3.6 ലക്ഷം | 30-12-2023<br>2023-24 വർഷം |
| 5. | ജോൺ ജോസഫ്, പെരിഞ്ചപ്പാട്ട്<br>വാർഡ്-II | 08-07-2023<br>40,000/- | 02-02-2024<br>2023-24 വർഷം |

മേൽ പറഞ്ഞ അഞ്ച് ഗുണഭോക്താക്കളും 2023-24 വർഷം കരാർ ചമച്ച് ധനസഹായം കൈപ്പറ്റിയ ശേഷം 2024-25 ൽ തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല. ടി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കാൻ ഭരണസമിതി തലത്തിൽ ഇടപെടൽ നടത്തേണ്ടതാണ്. ഈ വിഷയത്തിലുള്ള മറുപടിയും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2024-25 ആദ്യ അർദ്ധവർഷത്തെ ദേശീയ തൊഴിലുറപ്പ് പദ്ധതി നിർവഹണം സംബന്ധിച്ച

സോഷ്യൽ ഓഡിറ്റ് 15.11.2024മുതൽ 23.12.2024 വരെയുള്ള കാലയളവിൽ പൂർത്തീകരിച്ച് കണ്ടെത്തലുകൾ 23.12.2024-ലെ ഗ്രാമസഭയിൽ അവതരിപ്പിക്കുകയുണ്ടായി. ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

**1)മസ്റ്റർ റോളുകളിൽ തിരുത്തലുകൾ വരുത്തുന്നു.**

തൊഴിലുറപ്പ് പദ്ധതിപ്രകാരം ഏറ്റെടുത്ത ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ മസ്റ്റർ റോളുകളിൽ തിരുത്തലുകൾ വന്നിട്ടുള്ളതായി ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട്.

എ) കടലാടിപ്പാലം നെടുമണ്ണി പാലക്കൽ നീർത്തടത്തിൽ മഴക്കുഴി, നഴ്സറി നിർമാണം

ബി) കങ്ങഴ നീർത്തടത്തിൽ എട്ടാം മൈൽ തോട് പുനരുദ്ധാരണം

സി) കടയനിക്കാട് നീർത്തടത്തിൽ മഴക്കുഴി നിർമാണം

ഡി) ചാമംപതാൽ ഉള്ളായം നീർത്തടത്തിൽ മഴക്കുഴി നിർമാണം

ഇ) പ്ലാത്താനത്ത് ഏറത്തുവടകര നീർത്തടത്തിൽ മഴക്കുഴി നിർമാണം

NMMS ചെയ്യുമ്പോൾ എഡിറ്റ് ചെയ്യാനുള്ള സൗകര്യം ഇല്ലാത്തതിനാൽ മേറ്റ് NMMS-ലും മസ്റ്റർ റോളുകളിലും വ്യത്യസ്തമായി ഹാജർ രേഖപ്പെടുത്തുന്നത് മസ്റ്റർ റോളുകളിൽ തിരുത്തലുകൾ വരുന്നതിനിടയാക്കുന്നുവെന്നാണ് വിശദീകരിക്കപ്പെട്ടിട്ടുള്ളത്.

**2) സൈറ്റിൽ ജീവനക്കാർ എത്തുന്നില്ല**

ഒന്നാം വാർഡിലെ മേറ്റുകൾക്ക് NMMS ചെയ്യാൻ അറിയില്ലായെന്നും തൊഴിൽ സൈറ്റുകൾ തൊഴിലുറപ്പ് പദ്ധതി ഉദ്യോഗസ്ഥർ സന്ദർശിക്കുന്നില്ലായെന്നും പരാമർശമുണ്ട്. മേറ്റുകൾക്ക് പ്രസ്തുത പ്രവൃത്തികൾ ചെയ്യാൻ പരിശീലനം നൽകിയിട്ടുണ്ടെന്നും സാന്നിദ്ധ്യം ആവശ്യപ്പെടുന്ന സൈറ്റുകൾ ഉദ്യോഗസ്ഥർ സന്ദർശിക്കാറുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്.

**3) സ്വകാര്യ ആസ്തി നിർമാണ പ്രോജക്ടിൽ അളവു പുസ്തകത്തിൽനിന്ന് വിഭിന്നമായ സാമഗ്രി ഉപയോഗിച്ചു**

മൂന്നാം വാർഡിൽ ആട്ടിൻകൂട് നിർമാണം (ഗുണഭോക്താവ്. ശ്രീമതി അമ്പിളി) എന്ന പ്രോജക്ടിന്റെ അളവു പുസ്തകപ്രകാരം ജി.ഐ ഷീറ്റുപയോഗിച്ചാണ് മേൽക്കൂര മേഞ്ഞിട്ടുള്ളതെങ്കിലും സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായ പ്രാദേശിക പരിശോധനയിൽ ആസ്ബസ്റ്റോസ് ഷീറ്റാണ് കാണപ്പെട്ടത്. അളവെടുത്ത സമയത്ത് മേഞ്ഞിരുന്ന ഷീറ്റ് മരം വീണ് നശിച്ചതിനാലാണ് ആസ്ബസ്റ്റോസ് ഉപയോഗിച്ചതെന്നും നിലവിൽ അത് ജി.ഐ ഷീറ്റിലേക്ക് മാറ്റിയിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്.

**4) ഭവന നിർമാണം പൂർണമായില്ല**

നാലാം വാർഡിലെ ശ്രീ. ഷിബു, വാർഡ് മൂന്നിലെ ശ്രീമതി മിനി.കെ.ജെയിംസ് , വാർഡ് ഒൻപതിലെ ശ്രീമതി രാധ എന്നിവരുടെ വീട്ടു നിർമ്മാണ പ്രോജക്ടുകളുടെ സൈറ്റ് സോഷ്യൽ ഓഡിറ്റ് ടീം സന്ദർശിച്ച വേളയിൽ ചുവരുകൾ പ്ലാസ്റ്റർ ചെയ്തിരുന്നില്ലായെന്ന പരാമർശമുണ്ട്. വീടു വാസയോഗ്യമാക്കുന്നതിന് വേണ്ടിവന്ന 90 തൊഴിൽദിനങ്ങൾ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

സോഷ്യൽ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ അപാകതകൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി 30.05.2025-ലെ MGNREGS/VLVR/2025-26/1 നമ്പർ കത്തു മുഖേന മറുപടികൾ ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും അവ തീർപ്പാക്കിയിട്ടില്ല. 2024-25 രണ്ടാം അർദ്ധവർഷത്തെ സോഷ്യൽ ഓഡിറ്റ് 18.06.2025-ൽ പൂർത്തിയാക്കിയിട്ടുണ്ട്. സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ചില സൈറ്റുകളിൽ സ്ഥാപിച്ചിട്ടില്ലായെന്നതാണ് പ്രധാന പരാമർശം.

ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങളുടെ തീർപ്പു വിവരങ്ങൾ അറിയിക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റിലെ പരാമർശങ്ങൾ ഗൗരവമായി ഉൾക്കൊണ്ട് ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ കർശന നിഷ്ഠ പുലർത്തേണ്ടതാണ്.

**1-36 ജൽജീവൻ മിഷൻ -അവലോകനം**

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും 2024 ഓടെ ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കാനായി നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ മിഷൻ . കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

വെള്ളാവൂർ ഗ്രാമ പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിൽപ്പെടുത്തി 2024-നകം 3500 FHTC-കൾ നൽകാൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ ജൽജീവൻ മിഷൻ പദ്ധതിക്കായി 2021-22 മുതൽ 2024-25 വർഷം വരെ സ്ഥാപന വിഹിതവും (15%) ഗുണഭോക്തൃവിഹിതവും (10%) അടവാക്കിയിട്ടില്ല. നിലവിൽ 4,5,6 വാർഡുകളിലായി അഞ്ഞൂറോളം കണക്ഷൻ നൽകിയിട്ടുണ്ടെങ്കിലും കണക്ഷനുകൾ ജിയോടാഗ് ചെയ്ത് ബില്ലുകൾ ഗുണഭോക്താക്കൾക്ക് നൽകാനുള്ള

നടപടികൾ വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്നുണ്ടായിട്ടില്ല. കണക്ഷൻ ലഭിച്ചവർക്ക് ജൽജീവൻ മിഷൻ പദ്ധതിയുടെ 10% ഗുണഭോക്തൃവിഹിതം അടവാക്കാനായിട്ടില്ല. ജൽജീവൻ മിഷൻ പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുകയായ 26.47 കോടി രൂപയുടെ 15% വിഹിതമായ 3.97കോടി രൂപയാണ് പഞ്ചായത്ത് വിഹിതമായി വകയിരുത്തേണ്ടത്. തനത് ഫണ്ട് വരുമാനം താരതമ്യേന കുറവായ പഞ്ചായത്തിന് തനത് ഫണ്ടിൽ നിന്നോ, വികസന ഫണ്ടിൽ നിന്നോ, കണ്ടെത്താൻ സാധിക്കാത്തതിനാൽ ജൽജീവൻ മിഷൻ പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. എം എൽ എ മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിന്നും ജൽ ജീവൻ മിഷൻ പദ്ധതിയ്ക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

## 1-37 ഹെൽത്ത് ഗ്രാന്റ്-അവലോകനം

പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷ കാലയളവിലേക്ക് ഇന്ത്യയൊട്ടാകെ 70,051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. ആരോഗ്യമേഖലാ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുള്ളത്.അംഗീകാരം ലഭിച്ച കർമ്മപദ്ധതിയിലെ ചില പ്രവർത്തനങ്ങൾ എൻ എച്ച് എം സ്റ്റേറ്റ് മിഷൻ, കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നിവ മുഖേന നടത്തുന്നു.സ.ഉ (സാധാ) നം. 2132/2022/LSGD; 31.08.2022 ഉത്തരവ് പ്രകാരം 2021-22 ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.01-09-2022-ലെ സ.ഉ.(സാധാ) നം.2156/2022/LSGD ഉത്തരവ്, 09.08.2023-ലെ സ.ഉ (സാധാ) നം. 1625/2023/LSGD ഉത്തരവ് പ്രകാരം 2022-23 ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശത്തിൽ ചുവടെ സൂചിപ്പിയ്ക്കുന്ന ആറ് സ്കീമുകൾ നടപ്പാക്കുന്നതിനാണ് ആരോഗ്യഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

**ഗ്രാന്റ് വിനിയോഗിച്ച് നടപ്പാക്കേണ്ട വിവിധ സ്കീമുകൾ**

1. സ്കീം 1- കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക.
2. സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.
3.സ്കീം 3- ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
4. സ്കീം 4- ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.
5. സ്കീം 5 - നഗരപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.
6. സ്കീം 6 – അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

**ഗ്രാമപഞ്ചായത്തിന്റെ ആരോഗ്യ മേഖലയിലെ സാഹചര്യം**

വെള്ളാവൂർ കുടുംബാരോഗ്യകേന്ദ്രത്തിനും, പ്രാഥമികാരോഗ്യകേന്ദ്രത്തിനുമായി നിലവിൽ 4 ഉപകേന്ദ്രങ്ങളാണുള്ളത്. ഇതിൽ മണിമലയിലെ സബ്സെന്റർ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മെയിൻ സെന്ററിലെ കുടുംബാരോഗ്യ ഉപകേന്ദ്രത്തിനായി കെട്ടിടം നിർമ്മിക്കുന്നതിനായി 25-26 വർഷം പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്.ഇതു കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിൽ ഒരു ഹോമിയോ ഡിസ്പൻസറിയും , ഒരു ആയുർവേദ ഡിസ്പൻസറിയും പ്രവർത്തിക്കുന്നുണ്ട്. വെള്ളാവൂർ ഗ്രാമ പഞ്ചായത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾക്കും അവയുടെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഫണ്ട് ചെലവഴിക്കുന്നുണ്ട്.

**2021-22 വർഷം മുതൽ 2024-25 വർഷം വരെ ലഭ്യമായതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റ്**

| വർഷം | ഇനം | മുന്നിരിപ്പ് | ലഭ്യമായ തുക | ആകെ തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|
| 2022-23 | സ്കീം-3 | 0 | 239574 | 239574 | 0 | 239574 |
| 2022-23 | സ്കീം 4 | 0 | 111543 | 111543 | 0 | 111543 |
| 2023-24 | സ്കീം 3 | 239574 | 756319 | 995893 | 259288 | 736605 |

| | | | | | | |
|---|---|---|---|---|---|---|
| 2023-24 | സ്കീം 4 | 111543 | 327633 | 439176 | 269691 | 169485 |
| 2024-25 | സ്കീം 3 | 736605 | 328,403 | 1065008 | 683,539 | 381,469 |
| 2024-25 | സ്കീം 4 | 169485 | 515,701 | 685186 | 162,086 | 523100 |

**ഗ്രാന്റ് തുകയുടെ വിനിയോഗത്തിനായുള്ള ബാങ്ക് അക്കൗണ്ടുകൾ**

കേരള ഗ്രാമീൺ ബാങ്കിന്റെ താഴെപ്പറയും പ്രകാരമുള്ള അക്കൗണ്ടുകൾ മുഖേനയാണ് ആരോഗ്യ ഗ്രാന്റിന്റെ വിനിമയം നടത്തുന്നത്.

| ഇനം | അക്കൗണ്ട്-നം. |
|---|---|
| സ്കീം 1 -കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുക. | 40580101060151 |
| സ്കീം3-ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 40580101060142 |
| സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ | 40580101060160 |

**ഗ്രാന്റുപയോഗിച്ച് നടന്നുവരുന്ന പ്രവർത്തനങ്ങൾ**

2022-23, 2023-24 വർഷങ്ങളിൽ പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയില്ല. 2023-24,2024-25 വർഷങ്ങളിൽ സ്കീം 3 ,സ്കീം 4 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. സ്കീം 3 പ്രകാരം ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഉപകരണങ്ങൾ, റീ ഏജന്റുകൾ എന്നിവ വാങ്ങിയിട്ടുണ്ട്, സ്കീം 4 ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവ പ്രകാരം ലഭ്യമായ ഗ്രാന്റ് ജീവിതശൈലിരോഗങ്ങൾക്കുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ എന്നിവ മെഡിക്കൽ ഓഫീസറാണ് നിർവ്വഹിക്കുന്നത്. ദീർഘകാല രോഗികളുടെ പരിചരണത്തിനായി എല്ലാ മാസവും ഭവന സന്ദർശനവും പരിശോധനയും പാലിയേറ്റീവ് പരിചരണവും നടക്കുന്നുണ്ട്. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും,ഭരണ സമിതിയും ഹെൽത്ത് ഗ്രാന്റ് സംബന്ധമായ പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തുകയും ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. പഞ്ചായത്തിന് കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം, രോഗനിർണ്ണയ സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയും ആരോഗ്യ സ്ഥാപനങ്ങൾ സന്ദർശിച്ച് സൗകര്യങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നല്കേണ്ടതും, ഗ്രാന്റുകളുടെ കൃത്യവും സമയബന്ധിതവുമായ വിനിയോഗം ഭരണസമിതിയും ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് -പ്രീമിയം ഒടുക്ക് വിവരങ്ങൾ

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം* | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 15 | 89500 | 89500 | 7000 | 3/2025-ലെ തുക (7000/-)06 /2025-ൽ അടവാക്കിയിട്ടുള്ളതാണ്. 01/04/2025-ൽ 7500/-രൂപ ഓപ്പണിംഗ് ബാലൻസ് ഉണ്ടായിരുന്നു. |

*01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024 ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| ഇല്ല | | | | |

മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പടെ) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| ഇല്ല | | | | | |

**4-2 വാർഷിക ധനകാര്യപത്രികപരിശോധിച്ചതിന്റെ വിവരം**

2024-25 ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 07.07.2025, 08.07.2025 തീയതികളിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ ഓഡിറ്റ് സാക്ഷ്യപത്രം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലീഷിലുള്ള ഓഡിറ്റ് സാക്ഷ്യപത്രം (Financial Audit Certificate 2024-25) അനുബന്ധം-1 ആയും ചേർത്തിട്ടുണ്ട്. സർക്കാർ/പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത 2024-25 വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2025-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം ഈ റിപ്പോർട്ടിന്റെ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു.

## 4-3 സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിവരം

2024-25 വർഷം സംയുക്ത പ്രോജക്ടിനായി കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് **2065710/-** രൂപയും വാഴൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും **2186209/-** രൂപയും പ്രോജക്ട് വിഹിതമായി ലഭിച്ചിട്ടുണ്ട്. ജില്ലാ-ബ്ലോക്ക് വിഹിതങ്ങളുടെ ചെലവ് വിശദാംശം ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു

| തുക നല്കിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|
| വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | 428325/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (നം.4/25) | 428325/- | 0 |
| | 138294/- | ലൈഫ് ജനറൽ (നം.61/25) | 138294/- | 0 |
| | 57030/- | അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി ജനറൽ (നം.65/25) | 57030/- | 0 |
| | 209400/- | ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത (നം.67/25) | 209400/- | 0 |
| | 500000/- | ലൈഫ് ഭവനപദ്ധതി – പട്ടിക ജാതി വിഭാഗം (നം.71/25) | 500000/- | 0 |
| | 400000/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (നം.111/25) | 400000/- | 0 |
| | 453160/- | ക്ഷീര കർഷകർക്ക് കാലി തീറ്റ സബ് സിഡി (നം.126/25) | 453160/- | 0 |
| | **2186209/-** | **ആകെ ബ്ലോക്ക് വിഹിതം** | **2186209/-** | **0** |
| കോട്ടയം ജില്ലാ പഞ്ചായത്ത് | 502768/- | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (നം.4/25) | 502768/- | 0 |
| | 100000/- | പാലിയേറ്റീവ് കെയർ (നം.64/25) | 100000/- | 0 |
| | 119300/- | ശാരീരിക മാനസ്സിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത (നം.67/25) | 119300/- | 0 |
| | 530000/- | ലൈഫ് ജനറൽ (നം.119/25) | 530000/- | 0 |
| | 567642/- | ലൈഫ് ഭവനപദ്ധതി – പട്ടിക ജാതി വിഭാഗം (നം.71/25) | 567642/- | 0 |
| | 246000/- | ലൈഫ് ഭവനപദ്ധതി – പട്ടിക ജാതി വിഭാഗം (നം.117/25) | 246000/- | 0 |
| | **2065710/-** | **ജില്ല പഞ്ചായത്ത് വിഹിതം** | **2065710/-** | **0** |

## 4-4 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

സെക്രട്ടറി നിർവ്വഹണം നടത്തിയ മൂന്ന് പ്രോജക്ടുകൾ പ്രകാരം ഭൂജല വകുപ്പ്, KSEB Ltd. എന്നീ ഏജൻസികളിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തികൾക്കായി എസ്റ്റിമേറ്റുകൾ പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രോജക്ട് നം./പേര്/ വിശദാംശം | ആകെ നിക്ഷേപം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1. | KSEB Ltd. പത്തനാട് | വെള്ളാവൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് ത്രീ ഫേസ് കണക്ഷൻ (184/25) | 48,498/- | ഇല്ല | 48,498/- |
| 2. | ഭൂജല വകുപ്പ്, കോട്ടയം ജില്ല. | വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം (233/25) | 404,511/- | ഇല്ല | 404,511/- |
| 3. | | വെള്ളാവൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് കുഴൽക്കിണർ നിർമ്മാണം (37/25) | 63,435/- | ഇല്ല | 63,435/- |
| 2024-25 വർഷത്തെ ആകെ നിക്ഷേപിച്ച തുക | | | 516,444/- | - | 516,444/- |

നിർവ്വഹണം പൂർത്തിയാക്കിയ ശേഷം ഏജൻസികളുടെ ധന വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിക്ഷേപം ക്രമീകരിക്കേണ്ടതാണ്. അതാത് വർഷ Advance Register ൽ നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

### 4-5 മൊബിലൈസേഷൻ അഡ്വാൻസ്

2024-25 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

### 4-6 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലഭിച്ച വായ്പ തുകയുടെയും, തിരിച്ചടച്ച വായ്പ തുകയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | 01-04-2024ൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പ (KURDFC) | LSGD ജിഒ (എം.എസ്) 68/2018/ 18.5.2018 | 4836587/- | 2900000/- | 1255902/- | - | 6480685/- |

പഞ്ചായത്തിന്റെ സർക്കാർ ഗ്രാന്റിൽ 2024-25 വർഷം സ്രോതസ്സിൽ കുറവ് ചെയ്താണ് വായ്പ തിരിച്ചടവ് നടത്തിയിട്ടുള്ളത്. വികസന ഫണ്ട്(ജനറൽ) അലോട്ട്മെന്റുകളിൽ നിന്ന് 1,081,945/- രൂപയും വികസന ഫണ്ട് (SCP) അലോട്ട്മെന്റുകളിൽ നിന്ന് 162,570/- രൂപയും വികസന ഫണ്ട് (TSP) അലോട്ട്മെന്റുകളിൽ നിന്ന് 11,387/- രൂപയും ഉൾപ്പടെ ആകെ 1,255,902/- രൂപയാണ് തൻവർഷത്തെ വായ്പ തിരിച്ചടവ്.

### 4-7 സ്ഥിരനിക്ഷേപങ്ങൾ

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ ലഭ്യമാക്കിയ ബാങ്ക് സ്ഥിരനിക്ഷേപ രസീതുകൾ, നിക്ഷേപങ്ങളുടെ രജിസ്റ്റർ എന്നിവ പ്രകാരമുള്ള 2024-25 ലെ സ്ഥിരനിക്ഷേപ കണക്കുകളുടെ സംക്ഷിപ്തം ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിലെ സ്ഥിര നിക്ഷേപം (01-04-2024) | 5,151,603/- |
| തൻവർഷം നിക്ഷേപിച്ച തുക | 1,400,000/- |
| പലിശ വരവ് | 336,587/- |
| ആകെ നിക്ഷേപം | 6,888,190/- |
| തന്നാണ്ടിൽ പിൻവലിച്ച ആകെ തുക മുതൽ ഇനത്തിൽ (രണ്ട് നിക്ഷേപങ്ങൾ) | 1,938,190/- (1601603 P + |

| | |
|---|---|
| പലിശ ഇനത്തിൽ (5 നിക്ഷേപങ്ങൾ) | 336587 Int) |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (31-03-2025) | 4,950,000/- |

ലഭ്യമാക്കിയ FD രസീതുകൾ പ്രകാരം 01-04-2024 ൽ കേരള ഗ്രാമീൺ ബാങ്കിന്റെ മണിമല ശാഖയിൽ അഞ്ച് സ്ഥിരനിക്ഷേപങ്ങളാണുണ്ടായിരുന്നത്. 40580142300084 നം. സ്ഥിര നിക്ഷേപം 511,603/- രൂപയും 40580142300164 നം. സ്ഥിര നിക്ഷേപം 1,090,000/- രൂപയും ഉൾപ്പടെ 1,601,603/- രൂപ മുതൽ തുക(P) തൻവർഷം പിൻവലിച്ച് നിക്ഷേപം ക്ലോസ് ചെയ്തു. 5 നിക്ഷേപങ്ങളുടെ ആകെ പലിശ 336,587/- രൂപയും പിൻവലിച്ചു. അതിനു ശേഷം എസ്.ബി.ഐ. യിൽ 14 ലക്ഷം രൂപയുടെ നിക്ഷേപം മാർച്ച്-2025 ൽ ആരംഭിച്ചു. 31-03-2025 ൽ അവശേഷിക്കുന്ന 5 എണ്ണം നിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നമ്പർ | ബാങ്ക് | പലിശ നിരക്ക് | ആകെ നിക്ഷേപം | കാലയളവ് (തീയതി) | ദിവസം |
|---|---|---|---|---|---|---|
| 1. | 40580142300156 | KGB | 5.75% | 1,000,000/- | 25.10.2024 - 21.04.2025 | 180 |
| 2. | 40580202300228 | KGB | 7.3% | 1,050,000/- | 31.11.2024 – 03.01.2026 | 400 |
| 3. | 40580142400003 | KGB | 7% | 1,500,000/- | 03.12.2024 – 01.12.2025 | 330 |
| 4. | 43959948717 | SBI | 3.5% | 400,000/- | 29.03.2025 – 28.4.2025 | 30 |
| 5. | 43959948717 | SBI | 5.5% | 1,000,000/- | 29.03.2025 - 07.07.2025 | 100 |
| **ആകെ നിക്ഷേപം** | | | | **4,950,000/-** | | |

49.5 ലക്ഷം രൂപയുടെ നിക്ഷേപത്തിൽ പട്ടിക ക്രമ നം.1,2,3 നിക്ഷേപങ്ങൾ കേരള ഗ്രാമീൺ ബാങ്ക് മണിമല ശാഖയിലും 4,5 നിക്ഷേപങ്ങൾ എസ്.ബി.ഐ. മണിമല ശാഖയിലുമാണ് നിലനിൽക്കുന്നത്.

## 4-8 ഓഡിറ്റ് റിക്കവറി

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശ പ്രകാരം 2024-25 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ 27,402/- രൂപ വരവുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 2023-24 | 1-21 | ₹6601/- | ശ്രീമതി ഗീതാലക്ഷ്മി എ.കെ. സീനിയർ ക്ലർക്ക് | 1240301239/ 23.10.2024 |
| 2 | 2023-24 | 1-21 | ₹9027/- | ശ്രീമതി ഇഷ ബീഗം അക്കൌണ്ടന്റ് | 1240301240/ 23.10.2024 |
| 3 | 2023-24 | 1-21 | ₹1075/- | ശ്രീ. കുട്ടൻ സി.കെ. പി.ടി.എസ്. | 1240301425/ 04.12.2024 |
| 4 | 2023-24 | 1-21 | ₹3226/- | ശ്രീമതി വത്സമ്മ ടി.കെ. പി.ടി.എസ്. | 1240301479/ 17.12.2024 |
| 5 | 2023-24 | 1-21 | ₹1075/- | ശ്രീ. കുട്ടൻ സി.കെ. | 1240301596/ |

| | | | | | |
|---|---|---|---|---|---|
| | | | | പി.ടി.എസ്. | 08.01.2025 |
| 6 | 2023-24 | 1-27 | ₹4692/- | ശ്രീ. ഷാലോ ജോസഫ് കരാറുകാരൻ | 1240300781/ 23.08.2024 |
| 7 | 2023-24 | 1-33 | ₹1706/- | ശ്രീമതി സുജ വി.ജി ഹെഡ്മിസ്ട്രസ് ( ഗവ. എൽ.പി.എസ് താഴത്തുവടകര) | 1240301226/ 21.10.2024 |
| | ആകെ | | ₹27402/- | | |

വികസന ഫണ്ട് - ട്രൈബൽ സബ് പ്ലാനിൽ നിന്നും തുക വകയിരുത്തി പട്ടിക വർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം (പദ്ധതി നം.46/2024) എന്ന പദ്ധതി നിർവ്വഹിച്ചതിൽ അധിക തുക നൽകിയത് നിർവ്വഹണ ഉദ്യോഗസ്ഥ തിരികെ ഒടുക്കിയതാണ് ക്രമ നമ്പർ (7) പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത്, ടി തുക ടി.എസ്.പി ഫണ്ടിലേക്ക് തിരികെ ഒടുക്കി ക്രമീകരിക്കേണ്ടതാണ്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ് ഫണ്ടിൽ നിന്നും തുക വകയിരുത്തി നടപ്പിലാക്കിയ 195/2024 പദ്ധതിയുടെ ഭാഗമായി കരാറുകാരന് അധിക ജി.എസ്.റ്റി അനുവദിച്ചത് തിരികെ ഒടുക്കിയിട്ടുള്ളതാണ് ക്രമ നമ്പർ (6) പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളത് ടി തുക പ്രസ്തുത ഹെഡിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം

വെള്ളാവൂർ ഗ്രാമപഞ്ചായത്തിലെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വരെ പുറപ്പെടുവിച്ചിട്ടുള്ള സമാഹൃത റിപ്പോർട്ടുകളിൽ (Consolidated Audit Report-CAR) ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 45,46,47 | 2002-03 | 5-7(1) | കമ്പ്യൂട്ടർ സെന്റർ പദ്ധതി | നിയമസഭ സമിതിയുടെ പരിഗണനയിലാണ്. |
| 2014-15 | 2-3-1 , 2-3-2 | 2016-17 | അനുബന്ധം - 4 | തൊഴിൽ നികുതി അപാകതകൾ | നിയമസഭ സമിതിയുടെ പരിഗണനയിലാണ്. |
| 2015-16 | 2-3-1,2-3-2 2-3-3,2-3-4 | 2016-17 | അനുബന്ധം - 5 | തൊഴിൽ നികുതി അപാകതകൾ | നിയമസഭ സമിതിയുടെ പരിഗണനയിലാണ്. |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ പ്രകാരം തുകയൊന്നും ഈടാക്കിയിട്ടില്ല. നിലവിൽ സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-11 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്- മുന്നിരിപ്പ് ഉൾപ്പെടെ (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 47,739,705/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം) | : | 42,782,686/- |
| ഓഡിറ്റ് വർഷത്തെ ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 135,951,308/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) | | 138,596,750/- |
| വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,226,341/- |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 509,897/- | ശ്രീമതി ഷീബാമോൾ കെ. എം., സെക്രട്ടറി |
| 1-28 | 200000/- | ശ്രീമതി ഷീബാമോൾ കെ. എം., സെക്രട്ടറി |
| 1-29 | 516,444/- | ശ്രീമതി ഷീബാമോൾ കെ. എം., സെക്രട്ടറി |
| **ആകെ** | **1,226,341/-** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

വരവിനങ്ങൾ : ഖണ്ഡിക 1-15

പഞ്ചായത്ത് തലത്തിലും തദ്ദേശ സ്വയംഭരണ വകുപ്പ് തലത്തിലും വിശദമായ നടപടി ആവശ്യമായത് - ഖണ്ഡിക നം.1-18

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/07/2025 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1997-98 | എൽ.എഫ്.കെ.പി4/352/2001/17-02-2004 /03-03-2004 | 3 |
| 1998-99 | എൽ.എഫ്.കെ.പി4/934/2002/31-12-2004 | 31 |

| | | |
|---|---|---|
| | /05-01-2005 | |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(1)/2022/26-08-2022 | 10 |
| 1999-00, 2000-01 2001-02(Plan) | എൽ.എഫ്.കെ.പി4-817/2003/06-04-2004/14-05-2004 | 7 |
| 2000-01 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(2)/2022/26-08-2022 | 2 |
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(3)/2022/26-08-2022 | 1 |
| 2002-03 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(4)/2022/26-08-2022 | 1 |
| 2003-04 (വരവ്) | എൽ.എഫ്.കെ.പി5/794/2008/23-02-2011(അദാ) | 3 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(5)/2022/26-08-2022 | 1 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(11)/2022/26-08-2022 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(8)/2022/26-08-2022 | 4 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(9)/2022/26-08-2022 | 2 |
| 2009-10 & 2010-11 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/231(10)/2022/26-08-2022 | 9 |
| 2011-12 & 2012-13 | കെ.എസ്.എ-കെ.ടി.എം.പി5/1560/2015/31-03-2016 | 23 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/824/2022/26-08-2022 | 4 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/824/2022/26-08-2022 | 6 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/824/2022/26-08-2022 | 14 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി5/അദാ-2022/825/2022/26-08-2022 | 11 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി5-1398(1)/202/13-09-2022 | 4 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി5-1398(3)/202/27-10-2022 | 10 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി5-1398/2022/03-01-2023 | 06 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി5-1398(1)/202/27-10-2022 | 12 |
| 2021-22 | കെ.എസ്.എ-കെ.ടി.എം.പി5-1455/2023/25-10-2023 | 17 |
| 2022-23 | കെ.എസ്.എ-കെ.ടി.എം.പി5-437/24/18-05-2024 | 39 |

| | | |
|---|---|---|
| 2023-24 | കെ.എസ്.എ.-കെ.റ്റി.എം.പി5/1131/2024/06-01-2025 | 24 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 2(1) dated 30-05-2025 and submitted on 02-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Vellavoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vellavoor Grama Panchayat as on 31-03-2025

**Date: 15/09/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Vellavoor Grama Panchayat for the Year 2024-2025.

#### 1.Major Observations

1. General Fund Details not maintained. Opening Balance Receipt Payment (OBRP) data of asset and liability as on 01/04/2011 is not available. Full source data not available for the value of total general fund as on 31-03-2025.
2. Non Disclosure of Capital Contribution-Capital Contribution opening balance details as on 01-04-2024 is not provided by authorised register or document.
3. Non Disclosure of Assets-Assets not classified and valuated and accounted-Asset Database is not updated upto 31-03-2025.
4. The corresponding Capital Contribution entry has not fully made for total value of Asset Generated and Captal Work in Progress part bill items as per annual plan of 2024-25.

#### 2.Other Observations

1. Amounts dues to Government for cost of empty barrel Rs. 33,015/- in Road Maintenance works with Government grant of 2024-25 accounted as own income instead of liability during their recovery.
2. Accumulated depreciation in the case of Roads & Bridges category of assets has exceeded the corresponding total asset value as on 31-03-2025.

3. Suspected receipts to panchayath fund during 2024-25 treated as own income instead of accounting as Suspected liability subject to confirmation of the items.
4. Details of Temporary Advance for Official Purpose opening balnace of Rs.665,801/- is not available in Advance Register and because of that its adjustment is pending.
5. Swach Bharath Abhiyan central grant utilised for project no.151/25 of Rs.108407/- has not accounted and because of that it is not reflected in AFS.
6. For Accrual incomes during 2024-25, timely demand entries are not made.
7. All expenditures from panchayath fund in 2024-25 which became due upto 31-03-2025 has not accounted as payable during the financial year.

**Deputy Director**
**Kerala State Audit Department**
**District Audit Office-Kottayam**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്